ജൂലൈ 2018

Price ₹ 25

# ജീവനും വെളിച്ചവും



## വളർന്നുവളർന്ന്...! ചെറുതാകുന്ന സമൂഹം ഇന്നിന്റെ ആശങ്ക ?



പ്രകാശം പരത്തുന്ന റാന്തൽ വിളക്കിന്റെ
ഉള്ളിലുമുണ്ടായിരുന്നു;
ആരും കാണാതെ ഉരുകിക്കൊണ്ടിരിക്കുന്ന ഒരു തിരി.
mp3
CHRIS Audios
Music
Singers
BRO.LAWRENCE C. CMMI
KESTER
WILSON PIRAVOM
TANSEN BERNY
ALEX ANTONY
SUBIN IGNATIOUS
P.C.JOJI
SUDARSHAN
CDs on SALE
റാന്തൽ
ക്രിസ്തീയ
ഭജന മാലിക
പ്രഭാത, സായാഹ്ന, യാമ പ്രാർത്ഥനകൾ
A Spiritual Bouquet from
Fr. VICTOR EVERYSTUS
MUSIC
Bro.LAWRENCE C. CMMI
ALEX ANTONY
Produced by KOSHY EVERYSTUS
Copyright owned by REV. FR. VICTOR EVERYSTUS
Tel.+91 9947771037 Email: victoreverystus@gmail.com

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2018 ജൂലൈ
പുസ്തകം - 42 ലക്കം - 7
വില 25 രൂപ (വാർഷിക വരിസംഖ്യ 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യു വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ




# തീരപരിപാലനം: സർക്കാരും പ്രതിപക്ഷവും നിസംഗത വെടിയണം

തീരത്തെ തീറെഴുതാനുള്ള അണിയറ ഒരുക്കങ്ങൾ തകൃതിയായി പുരോഗമിക്കുകയാണ്. വൻകിട കോർപ്പറേറ്റ് ഭീമന്മാർക്ക് ഊന്നൽ നൽകുന്ന ദേശീയ ഐക്യജനാധിപത്യ സർക്കാരിന് സ്തുതിപാടുന്ന നിലപാട് തന്നെയാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാരും പ്രതിപക്ഷവും സ്വീകരിച്ചിരിക്കുന്നത്. 2018 ഏപ്രിൽ 18 ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് തീരനിയന്ത്രണ വിജ്ഞാപനത്തിന്മേൽ ജൂൺ 18 ന് മുൻപ് അഭിപ്രായം അറിയിക്കേണ്ട കേരള സർക്കാർ നാളിതുവരെ വിജ്ഞാപനത്തിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുമായി ഒരു ചർച്ചയ്ക്കുപോലും സന്നദ്ധമായില്ല. കൂടാതെ കേരള നിയമസഭ നടക്കുന്ന സന്ദർഭത്തിൽ ഇക്കാര്യത്തിൽ പല ആവർത്തി ചോദ്യങ്ങളും മറുപടിയും പറഞ്ഞ ഭരണാധികാരികൾ വിഷയം ചർച്ച ചെയ്തില്ല എന്നത് വിരോധാഭാസമാണ്.

മത്സ്യത്തൊഴിലാളികളുടെയും, തീരദേശവാസികളുടെയും ഉപജീവനവും, അതിജീവനും ഉറപ്പുവരുത്തിയും, കടൽ പരിസ്ഥിതി സംരക്ഷിച്ചും ആഗോളതാപനം മൂലമുണ്ടാകുന്ന കടൽ ജലനിരപ്പ് ഉയരൽ, അപ്രതീക്ഷിതമായി ഉണ്ടാകുന്ന ചുഴലിക്കൊടുങ്കാറ്റ് തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽ നിന്ന് സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 1991 ൽ പ്രസിദ്ധീകരിച്ച തീരനിയന്ത്രണ വിജ്ഞാപനത്തിൽ വെള്ളം ചേർക്കുന്ന സ്ഥിതിയാണ് കാണുന്നത്. 2011 ൽ പുനഃപ്രസിദ്ധീകരിച്ച തീരപരിപാലന വിജ്ഞാപനത്തിന്റെ അന്തസ്സത്തയ്ക്ക് ഘടകവിരുദ്ധമായാണ് 2018 ലെ കരട് വിജ്ഞാപനം. വൻകിട വ്യവസായികൾക്കും, ഹോട്ടൽ ലോബികൾക്കും അനായാസം തീരം കൈയടക്കാനും തീരദേശ ജനതയുടെ നിലനില്പ്പ് തന്നെ അപകടത്തിലാക്കുന്ന നിർദ്ദേശങ്ങളാണ് വിജ്ഞാപനത്തിലുള്ളത്. 2011 ലെ വിജ്ഞാപനത്തിന്റെ മുഖവുരയായി ചേർത്തിരിക്കുന്ന നിർദ്ദേശങ്ങളുടെ കാതലായ, അപകടകരമായ ഉത്പ്പന്നങ്ങളുടെ ഉല്പാദനം, വ്യവസായം ആരംഭിക്കുന്നതിനും ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനുമുള്ള വിലക്ക് എന്നിവ പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു. അവികസിതമായ തീരദേശത്ത് ഇനിയും ശേഷിക്കുന്ന ഭൂമിയും, കണ്ടൽക്കാടുകളും, തീരക്കടലും റോഡിന്റെയും, പ്രതിമകളുടെയും പേരിൽ കവർന്നെടുക്കാനുള്ള നിഗൂഢ നീക്കങ്ങളാണ് ഇതിന് പിന്നിൽ.

7500 കിലോമീറ്റർ ദൈർഘ്യമുള്ള സമുദ്രവും അതിനോടുചേർന്ന കരയും, വളരെ വിസ്തൃതമായ പുഴയോരങ്ങളും നദീതടങ്ങളും ഉള്ള രാജ്യത്തിന്റെ തീരപരിസ്ഥിതി സംരക്ഷിക്കുന്നതിന് ഒരു മന്ത്രാലയം പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്ന കീറാമുട്ടി ഒഴിവാക്കാനും രാജ്യത്തിന്റെ പാർലമെന്റ് ചർച്ച ചെയ്ത് ജലപരിഷ്കരണ നയത്തിന്റെയും വനാവകാശനിയമത്തിന്റെയും അന്തസ്സത്തയുൾക്കൊള്ളുന്ന നിയമനിർമ്മാണം നടത്താൻ വേണ്ട സമ്മർദ്ദമാണ് കേരള സംസ്ഥാനം നടത്തേണ്ടത്. അതിനുള്ള ഇച്ഛാശക്തി ഭരണപ്രതിപക്ഷ ഭേദമന്യേ ഉണ്ടാകട്ടെ എന്നാശിക്കുന്നു.

– പത്രാധിപർ




## അർത്ഥവത്തായ ലേഖനം

ലഹരിക്കെതിരെ ജനകീയ മുന്നേറ്റം ഉയരണമെന്ന വി.എം.സുധീരന്റെ ലേഖനം അർത്ഥവത്തായിരുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും ആരോഗ്യ സുരക്ഷയ്ക്കും സാമൂഹ്യ-കുടുംബ സുരക്ഷയ്ക്കും സമാധാനത്തിനും ഹാനികരമാകുന്നവിധത്തിൽ മദ്യമൊഴുക്കി കേരളത്തെ ശരിയാക്കുന്ന പ്രക്രിയയിലാണ് ഇടതുമുന്നണി സർക്കാർ.

തൊഴിലാളികൾ പ്രത്യേകിച്ചും കൂലിപ്പണിക്കാർ കിട്ടുന്ന പണം മദ്യപിക്കാനായി ചെലവഴിക്കുന്നു. സർക്കാർ വിലാസം മദ്യക്കടകൾക്ക് മുന്നിലെ 'ക്യൂ' ആരെയും നാണിപ്പിക്കുന്നതാണ്. ദൈവത്തിന്റെ സ്വന്തം നാട് മദ്യത്തിന്റെ സ്വന്തം നാടായിരിക്കുന്നു. മദ്യത്തിനെതിരായ കുരിശ് യുദ്ധത്തിൽ സഭ സമാന ചിന്താഗതിക്കാരെയും ഒപ്പം കൂട്ടി പ്രതികരണം ശക്തമാക്കണം. നാളത്തെ ഭാവിയുടെ വാഗ്ദാനങ്ങളായ യുവജനങ്ങളെ മദ്യപാനികളാക്കുന്ന സർക്കാർ നയം പരിഷ്കൃത ലോകത്തിന് യോജിച്ചതല്ല.

- ജെറാൾഡ് ബി.മിരാൻഡ്

## ഇന്ത്യയിലെ ഏകാധിപതിയും കേരളത്തിലെ സ്വേച്ഛാധിപതിയും

വർത്തമാനം വായിച്ചു. 'ഈനാം പേച്ചിക്ക് മരപ്പട്ടി കൂട്ട്' എന്ന മട്ടിലാണ് കേന്ദ്ര-സംസ്ഥാന ഭരണങ്ങൾ. ജനാധിപത്യ ഇന്ത്യയിലെ ഏകാധിപത്യ ഭരണാധികാരിയാണ് നരേന്ദ്രമോദി. കമ്മ്യൂണിസ്റ്റ് കേരളത്തിലെ സ്വേച്ഛാധിപതിയാണ് പിണറായി വിജയൻ. നരേന്ദ്രമോദിയെ കടത്തിവെട്ടുന്ന തരത്തിലും തലത്തിലുമാണ് നമ്മുടെ മുഖ്യന്റെ ഏകാധിപത്യ പ്രവണതകൾ. പാർട്ടിയിലും ഭരണത്തിലും അജയ്യനായി പിണറായി തേരോട്ടം നടത്തുമ്പോൾ എല്ലാവരും പൂച്ചമടക്കി നിൽക്കുന്നു. ജാതിയുടെയും മതത്തിന്റെയും കാർഡിറക്കിയാണ് മോദിയുടെ കളിയെങ്കിൽ പോലീസിനെ ഉപയോഗിച്ച് പാർട്ടി സെൽ ഭരണം നടത്തി എതിരാളികളെ കൊല്ലുകയോ നിശബ്ദരാക്കുകയോ ചെയ്യുന്ന ധാർഷ്ട്യമാണ് മുഖ്യമന്ത്രിയുടേത്. മോദി ഭരണത്തിന്റെ ഇന്ധനവില റോക്കറ്റുപോലെ കുതിച്ചുയരുമ്പോൾ അതിന്റെ വിഹിതമായി കിട്ടുന്ന നികുതിയോർത്ത് ഊറിച്ചിരിക്കുകയാണ് സാമ്പത്തിക ശാസ്ത്രജ്ഞനായ ധനമന്ത്രി തോമസ് ഐസക്. ഇന്ത്യയുടെയും കേരളത്തിന്റെയും സുവർണകാലമെന്ന് സ്വപ്നം കണ്ടുറങ്ങാനേ നമുക്ക് കഴിയൂ.

- ജാളി ചെമ്പകമംഗലം

## ലേഖനം ശ്രദ്ധേയമായി

മാതാപിതാക്കളുടെ മനസ്സിലേക്കും ഹൃദയത്തിലേക്കും ജീവിത വഴികളിലേക്കും തീർത്ഥാടനം നടത്തിയ ഫാ. എ.ആർ.ജോൺ എഴുതിയ 'മാതാപിതാക്കൾ അറിയാൻ' എന്ന ലേഖനം വളരെ ശ്രദ്ധിക്കപ്പെടുന്നതായിരുന്നു. മക്കളെ പോറ്റി വളർത്തിയാൽ മാത്രം പോര. അവരെ അടുത്തറിയണം. അവരുടെ വികാരവിചാരങ്ങളറിയണം. അവരെ നന്മയിലേക്ക്, വിജ്ഞാനത്തിലേക്ക് കൈപിടിച്ചു നടത്തണം. ജോണച്ചന്റെ ലേഖനങ്ങൾ മാതാപിതാക്കളായ ഞങ്ങളെ വളരെയധികം സ്വാധീനിക്കുണ്ട്. ലേഖനത്തിലൂടെ പത്ത് മാർഗങ്ങൾ ഞങ്ങൾക്ക് കാണിച്ചുതന്ന സ്നേഹമുള്ള ജോണച്ചന് ഇനിയും ഇത്തരത്തിൽ എഴുതുവാൻ കൂടുതൽ പ്രസരിപ്പും, ചുറുചുറുക്കും, തീഷ്ണതയും ദൈവം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

- മെഡോണ മാർട്ടിൻ, കണ്ണാന്തുറ

## ലേഖനം അവസരോചിതമായി

ജൂൺ ലക്കത്തിൽ വിദ്യാഭ്യാസ മന്ത്രിയുടേതായി വന്ന ലേഖനം അവസരോചിതമായി. നമ്മുടെ പൊതു വിദ്യാഭ്യാസ മേഖല അതിവേഗം ഹൈടെക്കിലേക്ക് കുതിക്കുന്നു. ആധുനിക സൗകര്യങ്ങളും സംവിധാനങ്ങളും കംപ്യൂട്ടറും അടിപൊളി ബസുകളും കൊണ്ട് സർക്കാർ വിദ്യാലയങ്ങൾ മികവിലാണ്. എന്നാൽ ആ ഗുണനിലവാരം വിദ്യാർത്ഥികളിൽ കാണുന്നില്ലെന്നതാണ് ഖേദകരം.

പത്താംക്ലാസിലൊക്കെ 100 ശതമാനത്തിനടുത്താണ് വിജയം. അധികാരമാരും പരാജയപ്പെടുന്നില്ലെന്നത് ആശ്വാസകരം തന്നെ. എന്നാൽ മാർക്ക് വാരിക്കോരി നൽകി വിജയിപ്പിക്കുന്ന പ്രവണത വർധിച്ചുവരുന്നു. ഫലമോ ഉന്നത വിദ്യാഭ്യാസരംഗത്ത് നമ്മുടെ കുട്ടികൾ തിളങ്ങാതെ പോകുന്നു. നന്നായി പഠിച്ചില്ലെങ്കിലും ജയിക്കുമെന്ന തോന്നൽ കുട്ടികൾക്ക് ഉണ്ടാക്കുന്നത് നന്നല്ല.

- വിജയമ്മ, ജൂബിലി ആശുപത്രി, പാളയം

# താളുകളിൽ

## ലേഖനം

6 കടൽത്തീര സംരക്ഷണം ജനജീവിതത്തിന്
കെ.വി.തോമസ്

12 കുടുംബത്തിന്റെ സുവിശേഷം ലോകത്തിന്റെ സന്തോഷം
ഫാ. തോമസ് ജെ.നെറ്റോ

14 കത്തോലിക്കാ സമുദായം: കാണാമറയത്തേക്കോ ?
ഡോ. മേരി റെജീന

16 ആനന്ദിച്ച് ആഹ്ലാദിക്കുവിൻ
ഫാ. എ.ആർ.ജോൺ

18 സമുദ്രത്തിലെ അമ്ലവൽക്കരണവും കാലാവസ്ഥാവ്യതിയാനവും
റോബർട്ട് പനിപ്പിള്ള

## സ്ഥിരം പംക്തികൾ

22 തുടർമഴ
ഫാ. ലെനിൻ ഫെർണാണ്ടസ്

24 അജപാലനം

25 അടിസ്ഥാന ക്രൈസ്തവ സമൂഹം

26 വാർത്തകൾ

31 കാനോൻ നിയമത്തിൽ

32 നീർച്ചാലുകൾ

38 വചനജ്വാല

40 ഇളംതൂവൽ

42 നേർക്കാഴ്ച
ജെ.സി.

# കടൽത്തീര സംരക്ഷണം ജനജീവിതത്തിന്

## തീരമേഖലാ നിയന്ത്രണ കരടുവിജ്ഞാപനം – 2018 ഒരു വിലയിരുത്തൽ

കെ.വി. തോമസ്
തീരപഠന ഗ്രൂപ്പ് മുൻ മേധാവി, കേന്ദ്ര ഭൗമശാസ്ത്രപഠനകേന്ദ്രം

### തീരദേശ നിയന്ത്രണ വിജ്ഞാപനം

തീരദേശം തീരദേശ ജനതക്കും അവരുടെ ഉപജീവന പ്രവർത്തനങ്ങൾക്കും തീരം തികച്ചും ആവശ്യമായ മറ്റു പ്രവർത്തനങ്ങൾക്കും മാത്രമായി നിജപ്പെടുത്തുക എന്ന നയത്തിന്റെ ആവിഷ്കാരമായിരുന്നു 1991 ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം. പരിസ്ഥിതി സംരക്ഷണ ആക്ട് (1986) ന്റെ സെക്ഷൻ 3 പ്രകാരം പുറപ്പെടുവിച്ച ഈ വിജ്ഞാപനത്തിന്റെ കരട് 1989 ൽ വന്നിരുന്നു. കടലോരത്ത് 500 മീറ്ററും കായലോരത്ത് പരമാവധി 100 മീറ്ററും മാത്രമാണ് നിയന്ത്രണ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത്. അതിലോല ആവാസവ്യവസ്ഥാ മേഖലകളെ സിആർഇസഡ്–1 എന്നും വികസിത മേഖലകളെ (നഗരപ്രദേശങ്ങൾ) സിആർഇസഡ്2 എന്നും അവികസിത മേഖലകളെ (പഞ്ചായത്തുകൾ) സിആർഇസഡ് 3 എന്നും തീരക്കടലിനെയും (വേലിയേറ്റ പ്രഭാവമുള്ള) മറ്റ് ജലാശയങ്ങളെ സിആർഇസഡ് –4 എന്നും തിരിച്ചാണ് നിയന്ത്രണങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. സിആർഇസഡ് –3 ൽ തീരത്തോടുചേർന്നുള്ള 200 മീറ്റർ പ്രദേശം നിർമ്മാണ രഹിതമേഖലയായും പ്രഖ്യാപിച്ചിട്ടുണ്ട്.

### മത്സ്യത്തൊഴിലാളികളുടെ തീരനിയന്ത്രണ നിയമം

മത്സ്യത്തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും താമസിക്കുന്നത് ഈ 500 മീറ്റർ നിയന്ത്രിത മേഖലയിലാണ്. ഇതിൽ തീരത്തോടു ചേർന്നുകിടക്കുന്ന 200 മീറ്റർ നിർമ്മാണ രഹിതമേഖല മുഴുവനും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ താമസ–പ്രവർത്തന മേഖല മാത്രമാണ്. കേരളത്തിന്റെ ആകെ വിസ്തീർണത്തിന്റെ 1.20% ശതമാനം മാത്രമുള്ള ഈ മേഖല 182 പഞ്ചായത്തുകളിലും 20 മുനിസിപ്പാലിറ്റികളിലും 4 കോർപ്പറേഷനുകളിലുമായി വ്യാപിച്ചുകിടക്കുന്നു.

### ടേബിൾസ്

ഇങ്ങനെ വളരെ ചെറിയ ഒരു മേഖലയിൽ മാത്രമാണ് മറ്റുവിഭാഗങ്ങളുടെ കടന്നുകയറ്റം നിയന്ത്രിക്കുന്നതും തീരമേഖല തികച്ചും ആവശ്യമുള്ള പ്രവർത്തനങ്ങൾക്കുമാത്രമായി മാറ്റിവച്ചിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് പരമ്പരാഗതമായി അവകാശപ്പെട്ടിട്ടുള്ള ഈ മേഖലയിൽ ഇപ്പോൾ തന്നെ വലിയതോതിലുള്ള കടന്നുകയറ്റങ്ങൾ നടന്നുകഴിഞ്ഞു. പാർപ്പിട സമുച്ചയങ്ങളും റിസോർട്ടുകളും വാണിജ്യ വ്യവസായ സ്ഥാപനങ്ങളും തുറമുഖങ്ങളും ഈ 500/100 മീറ്റർ മേഖലയുടെ ഒരു നല്ല ഭാഗം കയ്യടക്കികഴിഞ്ഞു. കടലാക്രമണവും ആഗോള താപനവും മൂലം കരയെടുത്ത് ചുരുങ്ങിച്ചുരുങ്ങിവരുന്ന തീരവാസികളുടെ ഈ ആവാസമേഖലയിലെ സ്ഥല ലഭ്യത കടന്നുകയറ്റങ്ങൾ മൂലം വീണ്ടും വീണ്ടും ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലം തീരമേഖലയുടെ ചേരിവൽക്കരണം കൂടുതൽ രൂക്ഷമാവുക എന്നതാണ്. തീരദേശ സമൂഹത്തിന് അവകാശപ്പെട്ട അവരുടെ ഉപജീവനമായി അഭേദ്യമായി ബന്ധപ്പെ



ട്ട ഈ മേഖലയിൽ കൂടുതൽ കയ്യേറ്റങ്ങൾ അനുവദിക്കാതെ ചേരിവൽക്കരണം ഒഴിവാക്കാനും ആവാസ വ്യവസ്ഥകളും ഭൂപ്രകൃതിയും തനതായി നിലനിർത്തി തീരസംരക്ഷണവും മത്സ്യത്തിന്റെ ലഭ്യതയും നിലനിർപ്പും ഉറപ്പാക്കാനും ലക്ഷ്യമിട്ടാണ് തീരനിയന്ത്രണ നിയമം നടപ്പാക്കിയത്. പല കാരണങ്ങൾ കൊണ്ട് മാലിന്യം അടിഞ്ഞുകൂടിക്കൊണ്ടിരിക്കുന്ന തീരമേഖല പുതിയ കയ്യേറ്റങ്ങളിലൂടെ കൂടുതൽ മലിനീകൃതമാകാതെ സംരക്ഷിക്കുക എന്നതും ഈ നിയമത്തിന്റെ പ്രഖ്യാപിതലക്ഷ്യങ്ങളിലൊന്നാണ്.

കണ്ടൽക്കാടുകൾ ഉൾപ്പെടെയുള്ള ആവാസ വ്യവസ്ഥകൾ പലസ്ഥലങ്ങളിലും കയ്യേറി നശിപ്പിക്കപ്പെടുന്നത് കാഴ്ചക്കാരായി നോക്കിനിൽക്കാനേ തീരദേശവാസികൾക്ക് സാധിച്ചിട്ടുള്ളൂ. ഇതിന് കുറച്ചെങ്കിലും ഫലപ്രദമായി തടയിട്ടത് തീരദേശ നിയമമാണ്. കടൽഭിത്തി തുടങ്ങിയ തീരസംരക്ഷണ നിർമ്മിതികളും തുറമുഖ പുലിമുട്ടുകളും തീരസന്തുലിതാവസ്ഥ മാറ്റിമറിച്ചത് തീരശോഷണത്തിന് ഇടയാക്കുന്നത് പരിമിതപ്പെടുത്താൻ ഇത്തരം നിർമ്മാണങ്ങളെ പരിസ്ഥിതി ആഘാതപഠനങ്ങൾക്ക് വിധേയമാക്കാൻ 2011 ലെ വിജ്ഞാപനത്തിൽ വകുപ്പുകളുണ്ടായിരുന്നു.

**റിസോർട്ട്–റിയൽ എസ്റ്റേറ്റ്–വ്യവസായ മേഖലകളുടെ യഥേഷ്ടം കടന്നുകയറ്റം അനുവദിക്കുന്നതിലൂടെ തീരജനതയുടെ നിഷ്കാസനത്തിനും പലായനത്തിനും അരങ്ങ് ഒരുക്കിയിട്ട് അവരോട് വീടുവെച്ചോളൂ എന്നുപറയുന്നത് തേനിൽ പൊതിഞ്ഞ് വിഷം നൽകുന്നതിന് തുല്യമാണ്.**





**തീരദേശവാസികൾക്ക് വീടുവയ്ക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സൗകര്യപ്പെടുത്തുന്ന മാറ്റങ്ങൾ ഏപ്രിൽ 18 ന് പ്രസിദ്ധീകരിച്ച കരടുവിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുചെയ്യുന്നത് നിയന്ത്രണങ്ങൾക്ക് ഇളവ് വരുത്തിക്കൊണ്ടല്ല; മറിച്ച് 500 മി, 200 മി, 100 മി. തുടങ്ങി തീരദേശജനതയ്ക്കുമാത്ര**

## കരടുവിജ്ഞാപനം – സാമൂഹിക പാരിസ്ഥിത പശ്ചാത്തലത്തിൽ

തീരദേശവാസികൾക്ക് വീടുവയ്ക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സൗകര്യപ്പെടുത്തുന്ന മാറ്റങ്ങൾ ഏപ്രിൽ 18 ന് പ്രസിദ്ധീകരിച്ച കരടുവിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുചെയ്യുന്നത് നിയന്ത്രണങ്ങൾക്ക് ഇളവ് വരുത്തിക്കൊണ്ടല്ല; മറിച്ച് 500 മി, 200 മി, 100 മി. തുടങ്ങി തീരദേശജനതയ്ക്കുമാത്രമായി മാറ്റിവച്ചിരുന്ന തീരമേഖലയുടെ വിസ്തൃതി കുറച്ചുകൊണ്ടായിരിക്കും എന്നുമാത്രം. എന്നുപറഞ്ഞാൽ തീരദേശം തീരജനതയ്ക്കും തീരദേശം തികച്ചും ആവശ്യമായ പ്രവർത്തനങ്ങൾക്കും വേണ്ടി മാത്രമാണെന്ന നയത്തിൽ നിന്നുമുള്ള ഒരു വലിയ പുറകോട്ടുപോക്കാണ് കരട് വിജ്ഞാപനത്തിലെ ഈ നിർദ്ദേശം. തീരസമൂഹം ആവശ്യപ്പെട്ടിരുന്ന കാര്യങ്ങൾ നടപ്പാക്കുന്നു എന്ന രീതിയിൽ അവർക്കായി മാത്രം നിജപ്പെടുത്തിയിരുന്ന 500 മീ. തീരപ്രദേശം 50 ഉം 20 ഉം മീറ്ററാക്കി ചുരുക്കുകയും നിർമ്മാണ രഹിത മേഖല 200  മീറ്ററിൽ നിന്ന് 50 മീറ്റർ ആയി കുറയ്ക്കുകയും നിർമ്മാണ രഹിതമേഖല 200 മീറ്ററിൽ നിന്ന് 50 മീറ്റർ ആയി കുറയ്ക്കുകയും ചെയ്യുന്നതിലൂടെ മറ്റുമേഖലകൾക്ക് തീരദേശമേഖലയിലേക്ക് യഥേഷ്ടം കടന്നുകയറാൻ അവസരം ഒരുക്കുക എന്ന തന്ത്രമാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. തീരശോഷണവും ആഗോളതാപനം സൃഷ്ടിക്കുന്ന ജലനിരപ്പ് വർധനവും തീരജനതയുടെ വാസമേഖലയുടെ വിസ്തൃതി കുറയ്ക്കുന്നത് തുടരുന്നതിനിടയിലാണ് മറ്റ് മേഖലകളുടെ കടന്നുകയറ്റത്തിന് അവസരമുണ്ടാക്കി കൂടുതൽ ഞെരുക്കത്തിന് വഴിയൊരുക്കുന്നത്. ഇത് തീരമേഖലയുടെ ചേരിവൽക്കരണത്തിലേക്കും പ്രേരിത പാലായനത്തിലേക്കും നിർബന്ധിത നിഷ്കാസനത്തിലേക്കും നയിക്കും. കടന്നുകയറ്റക്കാർ വാഗ്ദാനം ചെയ്യുന്ന മോഹവിലയിൽ മയങ്ങി സ്വന്തം പാർപ്പിടവും സ്ഥലവും വിറ്റ് ഒരു സ്വപ്നലോകത്തിലേക്ക് പോകാൻ തയ്യാറാകുന്നവർ ധാരാളമുണ്ടാവും. തീരജനതയുടെ സ്വത്വം തന്നെ നഷ്ടപ്പെടാൻ ഇടയാക്കുന്ന ഒരു സാഹചര്യത്തിലേക്കായിരിക്കും ഇത് കാലക്രമേണ എത്തിച്ചേരുന്നത്.

### സുരക്ഷാ ഭീഷണി

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ജലവിതാന ഉയർച്ചയും സൃഷ്ടിക്കുന്ന ആഘാതങ്ങൾ നമുക്ക് നേരിട്ടനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. അപ്രതീക്ഷിതമായി വന്ന ഓഖി കൊടുങ്കാറ്റും കാലം തെറ്റിവരുന്ന കൂറ്റൻ തിരമാലകളും കടലാക്രമണവും കടൽ കയറ്റവും വെള്ളപ്പൊക്കവും കാലം തെറ്റി വരുന്ന പേമാരിയും അവയുടെ ആഘാതവും കടൽ–കായൽ തീരങ്ങളിൽ സൃഷ്ടിക്കുന്ന അപകടങ്ങളും ആശങ്കകളും കണ്ടും അനുഭവിച്ചും കൊണ്ടിരിക്കുകയാണല്ലോ നമ്മൾ. തീരനിയന്ത്രണ മേഖലയും നിർമ്മാണ രഹിത മേഖലയും പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാൻ സഹായിക്കും. 200 മി. നിർമ്മാണ രഹിതമേഖലയും 500 മീറ്റർ നിർമ്മാണ നിയന്ത്രിത മേഖലയും തീരദേശ നിയമത്തിൽ ഉൾപ്പെടുത്തിയതിന്റെ ഒരു പ്രധാനകാരണം തീരത്തിന് സുരക്ഷ ഒരുക്കുക എന്നതും ദുരന്തസാധ്യതയുണ്ടായാൽ കരയിലേക്ക് മാറാനുള്ള സ്ഥലം ലഭ്യമാക്കുക എന്നതും ആയിരുന്നു. കാലാവസ്ഥാ വ്യതിയാനം മൂലം ദുരന്തസാധ്യതകൾ വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ തീരനിയന്ത്രണ മേഖല 500 മീറ്ററിൽ നിന്നും 20 മീറ്റർ വരെയും നിർമ്മാണ രഹിതമേഖല 200 മീറ്ററിൽ നിന്നും 50 മീറ്റർ ആക്കുന്നതും  തീരസുരക്ഷയെസംബന്ധിച്ചിടത്തോളം വൻവീഴ്ച ആയിരിക്കും.

തീരദേശമേഖലയിൽ തദ്ദേശവാസികൾക്ക് വേണ്ടിയുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ മാത്രമേ അനുവദിക്കാവൂ എന്നതിനു മാറ്റം വരുത്തി എല്ലായിടത്തുമുള്ള മാലിന്യങ്ങൾ കൊണ്ടുവന്ന് തീരനിയന്ത്രണ മേഖലയിൽ പ്ലാന്റുകൾ സ്ഥാപിച്ച് സംസ്കരിക്കാം എന്ന നിർദ്ദേശമാണ് കരടുവിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുമാത്രമല്ല, വേലിയേറ്റിറക്ക മേഖല ഉൾപ്പെടുന്ന പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങളിൽ പോലും ഇവ സ്ഥാപിക്കാമെന്നും പറയുന്നുണ്ട്.

മായി മാറ്റിവച്ചിരുന്ന തീരമേഖലയുടെ വിസ്തൃതി കുറച്ചുകൊണ്ടായിരിക്കും എന്നുമാത്രം. എന്നുപറഞ്ഞാൽ തീരദേശം തീരജനതയ്ക്കും തീരദേശം തികച്ചും ആവശ്യമായ പ്രവർത്തനങ്ങൾക്കും വേണ്ടി മാത്രമാണെന്ന നയത്തിൽ നിന്നുമുള്ള ഒരു വലിയ പുറകോട്ടുപോക്കാണ് കരട് വിജ്ഞാപനത്തിലെ ഈ നിർദ്ദേശം.

ജനസാന്ദ്രത 2161 ൽ കൂടുതലുള്ള സിആർ.ഇസഡ് 3 വിഭാഗത്തെ സി.ആർ.ഇസഡ് 3 ബി എന്നും അതിൽ കുറവുള്ള വിഭാഗത്തെ സി.ആർ.ഇസഡ് 3ബി എന്നും തിരിച്ച് സി.ആർ.ഇസഡ് 3 എ വിഭാഗത്തിലെ നിർമ്മാണ രഹിതമേഖല 50 മി. ആയി കുറക്കാനാണ് നിർദ്ദേശമുള്ളത്. ഇതുപ്രകാരം റിസോർട്ടുകളും ഹോട്ടലുകളും തീരത്തോട് 50 മീറ്റർ ചേർന്നുവരെ നിർമ്മിക്കാമെന്നാണ് ഇതിനർത്ഥം. തീരനിയന്ത്രണ മേഖലയിലൂടെ കടന്നുപോകുന്ന ഹൈവേകളുടെ കരവശത്ത് റിസോർട്ടുകലും ഹോട്ടലുകളും പണിയാമെന്നും കടൽഭാഗത്ത് ബീച്ച് ഉൾപ്പെടെ പ്രദേശത്ത് ടൂറിസത്തിനായി താൽക്കാലിക നിർമ്മാണങ്ങൾ നടത്താമെന്നും നിർദ്ദേശിക്കുമ്പോൾ നിർമ്മാണ രഹിതമേഖലയെന്ന ആശയം തന്നെ ഇല്ലാതാകും. പ്രകൃതി വാതകമുൾപ്പെടെയുള്ള പെട്രോളിയം ഉത്പ്പന്നങ്ങളുടെ ശേഖരണ ശാലകളും തീരത്തോട് 50 മീറ്റർ വരെ ചേർന്ന് സ്ഥാപിക്കാവുന്നതാണെന്ന നിർദ്ദേശവും ഇതിനോട് കൂട്ടിവായിക്കേണ്ടതുണ്ട്.

കടലിനും കായലിനുമിടയിൽ സ്ഥിതിചെയ്യുന്ന കടലോര ദ്വീപുകളുടെ - ആലപ്പാട്, വൈപ്പിൻ, വലിയപറമ്പ തുടങ്ങിയവ) അവസ്ഥ ഇതിലും ഗുരുതരമാണ്. ഇത്തരം പ്രദേശങ്ങളിൽ 500 മീറ്റർ എന്ന തീരനിയന്ത്രണ മേഖല 20 മീറ്റർ ആയി ചുരുക്കാനുള്ള നിർദ്ദേശം എല്ലാത്തരം നിർമ്മാണപ്രവർത്തനങ്ങളും ഏതൊരാൾക്കും തീരത്തോട് 20 മീറ്റർ ചേർന്നുവരെ നിർമ്മിക്കാമെന്നത് തീരനിയന്ത്രണ മേഖല തന്നെ എടുത്തുകളയുന്നതിന് തുല്യമാണ്. കടൽകയറ്റം മൂലം മാറ്റി പാർപ്പിക്കുവാനായി സ്ഥലം തേടി സർക്കാരും തദ്ദേശസ്ഥാപനങ്ങളും നെട്ടോട്ടം ഓടുമ്പോഴാണ് റിസർട്ടുകൾക്കും മറ്റുമായി ഈ മേഖല മുഴുവൻ തുറന്നുകൊടുക്കുന്നത്. തീരസംരക്ഷണത്തിനായി തീരത്തൊരു ഗ്രീൻ ബെൽറ്റ് സ്ഥാപിക്കാനായി 10 ലക്ഷം രൂപ നൽകി തീരദേശവാസികളോട് 50 മീറ്റർ എങ്കിലും മാറിത്താമസിക്കാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. തീരദേശം ഇങ്ങനെ മറ്റുള്ളവർക്കുതുറന്നു കൊടുത്താൽ തീരജനത എവിടെ പോയി സ്ഥലം വാങ്ങിച്ചു വീടുവയ്ക്കും

## തീരദേശ തണ്ണീർത്തടങ്ങളുടെ നികത്തൽ

ചരക്കുശേഖര കേന്ദ്രങ്ങളും മാലിന്യ സംസ്കരണ പ്ലാന്റുകളും മത്സ്യസംസ്കരണ ശാലകളും സ്ഥാപിക്കാൻ ചതുപ്പുകളും വേലിയേറ്റിറക്ക മേഖലയും, ജലാശയങ്ങളും നികത്താമെന്ന കരട് വിജ്ഞാപനത്തിലെ നിർദ്ദേശം വളരെ ഗുരുതരമാണ്. ജലാശയങ്ങളും ചതുപ്പുകളും ലഭ്യമാക്കുന്ന ആവാസവ്യവസ്ഥകളുടെ നഷ്ടകാലങ്ങളെടുത്താൻ പോലും പരിഹരിക്കാവുന്നതല്ലെന്ന് അറിയാവുന്നവർതന്നെ ഇത്തരം നിർദ്ദേശങ്ങൾ വയ്ക്കുമ്പോൾ അസ്ഥാളിക്കുകയില്ലാതെ എന്തുചെയ്യും.

## നിയമലംഘനങ്ങൾക്ക് സാധൂകരണം

നിയമലംഘനങ്ങൾക്ക് സാധൂകരണം നൽകാൻ അവസരം നൽകുന്നത് നിയമത്തെ അട്ടിമറിക്കുന്നതിനുതുല്യമാണ്. തീരനിയന്ത്രണ നിയമം 2011 ഇൻ പുനർ വിജ്ഞാപനം ചെയ്തപ്പോൾ അന്നേ പുനർ വിജ്ഞാപനത്തിലെ വകുപ്പുകൾ ഉപയോഗിക്കാൻ പാടില്ല എന്നു പ്രത്യേകം വ്യവസ്ഥ ചെയ്തിരുന്നു. മാത്രമല്ല, പുനർ വിജ്ഞാപനത്തിന്റെ തുടർച്ചയായി ഇതുവരെ നടത്തിയിട്ടുള്ള തീരദേശ നിയമലംഘനങ്ങൾ കണ്ടെത്തി കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കണമെന്നും നടപടി എടുക്കണമെന്നും വ്യക്തമായി നിർദ്ദേശിച്ചിരുന്നു. തീരനിയന്ത്രണ നിയമം നിലവിൽ വന്ന 1991 ലെ നിർമ്മാണ നിയന്ത്രണങ്ങൾ അതേപടി നിലനിർത്തണമെന്നും 2011 ലെ പുനർവിജ്ഞാപനത്തിൽ നിഷ്കർഷിക്കുന്നുണ്ടായിരുന്നു. ഇതൊന്നും തന്നെ പുതിയ കരടുവിജ്ഞാപനത്തിൽ കാണുന്നില്ല. ഇതുവരെ നടത്തിയ നിയമലംഘനങ്ങൾ നിയമത്തെ അട്ടിമറിച്ച് സാധൂകരിക്കാൻ കൂട്ടുനിൽക്കുന്നത് അംഗീകരിക്കാവുന്നതല്ല.

## അനുകൂല നിർദ്ദേശങ്ങൾ

പരിസ്ഥിതി സംരക്ഷണത്തിനും തീരജനതയുടെ പൈതൃകാവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിനും അനുകൂലമായ ചില പ്രധാന നിർദ്ദേശങ്ങൾ കരട് വിജ്ഞാപനത്തിൽ ഉണ്ടെന്നുള്ളതും ശ്രദ്ധിക്കേണ്ടതാണ്.

തീരവും തീരക്കടലും കായലും പ്ലാസ്റ്റിക് മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായിക്കൊണ്ടിരിക്കുകയാണെന്ന് ആഗോളതലത്തിൽ ചർച്ചചെയ്യപ്പെടുന്ന ഒരു വലിയ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. ഫലപ്രദമായ നടപ്പാക്കനുള്ള സംവിധാനത്തെക്കുറിച്ചു പറയുന്നില്ലെങ്കിലും തീരനിയന്ത്രണ മേഖലയിൽ, പ്ലാസ്റ്റിക് നിക്ഷേപിക്കുന്നത് നിരോധിക്കുകയും തീരനിയന്ത്രണ മേഖലയിൽ, പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യാനുള്ള പദ്ധതികൾ സർ



ക്കാരുകൾ തയ്യാറാക്കണമെന്ന് ഈ കരടുവിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ളത് ശ്ലാഘനീയമാണ്. കായൽ ദ്വീപുകൾക്കും കടലോര ദ്വീപുകൾക്കും അതിലോല ആവാസ വ്യവസ്ഥ വിശദമായ പരിപാലന പദ്ധതികൾ തയ്യാറാക്കി നടപ്പാക്കണമെന്നതും നല്ല നിർദ്ദേശം തന്നെ. പാരിസ്ഥിതിക ആഘാതപഠനങ്ങൾക്കനുസരിച്ചുവേണം തീരസംരക്ഷണ നിർമ്മാണങ്ങൾ നടത്താനെന്ന നിബന്ധന കരടുവിജ്ഞാപനത്തിൽ ഇല്ലെങ്കിലും തീരത്തുനടന്ന നിർമ്മാണ പ്രവർത്തനങ്ങൾമൂലം തീരനാശം സംഭവിച്ചാൽ തീരപോഷണം നടത്തി തീരം പുനർനിർമ്മിക്കാനുള്ള ഉത്തരവാദിത്തം പൂർണമായും പദ്ധതി നടത്തിപ്പുകാർക്കായിരിക്കും എന്ന നിർദ്ദേശം തീരസംരക്ഷണത്തിന് വളരെ അനുകൂലമായ ഒരു സമീപനം തന്നെയാണ്.

തീരജനതയ്ക്ക് അവകാശപ്പെട്ട തീരമേഖലയുടെ വിസ്തൃതി 20 മീറ്ററും 50 മീറ്ററും ആയി കുറയ്ക്കാനും റിസോർട്ടു നിർമ്മാണം തീരമേഖലയിൽ മുഴുവൻ അനുവദിക്കാനും റിയൽ എസ്റ്റേറ്റ് മേഖലയ്ക്ക് തീരദേശത്തുകടന്നുകയറാൻ അവസരമൊരുക്കാനും കണ്ടൽക്കാടുകളുടെ നാശത്തിന് വഴിയൊരുക്കാനും സൗകര്യമൊരുക്കുന്ന നടപടികളോടൊപ്പം തീരജനതക്ക് വീടുവയ്ക്കാൻ നൽകുന്ന അനുമതി എന്തിനുവേണ്ടിയാണെന്ന് സംശയിക്കണം. റിസോർട്ട്-റിയൽ എസ്റ്റേറ്റ്-വ്യവസായ മേഖലകളുടെ യഥേഷ്ടം കടന്നുകയറ്റം അനുവദിക്കുന്നതിലൂടെ തീരജനതയുടെ നിഷ്കാസനത്തിനും പലായനത്തിനും അരങ്ങൊരുക്കിയിട്ട് അവരോട് വീടുവെച്ചോളു എന്നുപറയുന്നത് തേനിൽ പൊതിഞ്ഞ് വിഷം നൽകുന്നതിന് തുല്യമാണ്.

## അധികാരം കവർന്നെടുക്കുന്ന കേന്ദ്രം

അതിലോല മേഖലയായ സിആർഎ 1 ലും തീരക്കടലും കായലുമുൾപ്പെടുന്ന സിആർഇസഡ് 4 ലും നടത്തുന്ന പ്രവർത്തനങ്ങൾക്ക് കേന്ദ്രത്തിൽ നിന്നുതന്നെ അനുമതി വാങ്ങണമെന്ന നിർദ്ദേശം ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതും സംസ്ഥാനത്തിന്റെ അവകാശത്തിൽ കേന്ദ്രം കൈകടത്തുന്നതുമാണ്. സംസ്ഥാന തീരദേശ പരിപാലന പദ്ധതിയിൽ രേഖപ്പെടുത്തേണ്ട ലോല പാരിസ്ഥിതിക പ്രദേശങ്ങളും (സിആർഇസഡ് 1) വേലിയേറ്റിറക്ക രേഖയും നിശ്ചയിക്കേണ്ട പൂർണമായ അവകാശം കേന്ദ്രത്തിൽ നിക്ഷിപ്തമാണ്. ഇക്കാര്യത്തിൽ സംസ്ഥാനവുമായി കൂടിയാലോചന പോലും വേണ്ട എന്ന നിലപാട് എങ്ങനെയാണ് അംഗീകരിക്കുന്നത്.

## സർക്കാർ നിലപാട്

കരട് വിജ്ഞാപനത്തിന് ആധാരമായ റിപ്പോർട്ട് തയ്യാറാക്കിയ ഷൈലേഷ് കമ്മിറ്റിക്കു മുമ്പാകെ അന്നത്തെ സംസ്ഥാന സർക്കാർ മുന്നോട്ടുവച്ച ആവശ്യങ്ങൾ എല്ലാം തന്നെ തീരദേശജനതയുടെ പരമ്പരാഗത അവകാശങ്ങൾ പുനഃസ്ഥാപിക്കുക എന്നതിൽ ഊന്നിയായിരുന്നു. മറ്റു മേഖലകളുടെ കടന്നുകയറ്റം അനുവദിക്കുന്നതോ പ്രോത്സാഹിപ്പിക്കുന്നതോ ആയിരുന്നില്ല അതിലെ ആവശ്യങ്ങളൊന്നും തന്നെ. തീരമേഖലയിലെ കടന്നുകയറ്റങ്ങൾക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന കരടുവിജ്ഞാപനത്തെ സ്വാഗതം ചെയ്യുന്ന നിലപാടാണ്, നിർഭാഗ്യവശാൽ, നിലവിലെ സർക്കാർ എടുത്തിരിക്കുന്നത്. നിർമ്മാണ രഹിത മേഖല (എൻഡിഇസഡ്) കരടുവിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന 50 മീറ്ററിൽ നിന്നും 20 മീറ്റർ ആയി കുറയ്ക്കണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത് എന്നാണറിയുന്നത്. തീരജനതയ്ക്ക് പൂർണ്ണമായ പ്രവർത്തനാവകാശമുള്ള സ്ഥലം 200 മീറ്ററിൽ നിന്നും 20 മീറ്ററിലേക്ക് ചുരുക്കി ഒരു ജനതയെ ഞെരുക്കി ശ്വാസം മുട്ടിച്ച് പലായനം ചെയ്യിക്കാനുള്ള ശ്രമം വളരെ പ്രതിഷേധാർഹമാണ്. കടലാക്രമണവും കടൽകയറ്റവും ചുഴലിക്കാറ്റും സുനാമി ഭീഷണി ഉയർത്തുന്ന തീരദേശമേഖലയിൽ നിന്നും 50 മീറ്റർ എങ്കിലും കരയിലേക്ക് മാറി പാർക്കാൻ സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിരിക്കുന്ന സർക്കാരാണ് ഈ നിലപാടെടുത്തിരിക്കുന്നത് എന്നത് വിചിത്രമാണ്.

1991 ൽ നിലവിൽ വന്നതും 2011 ൽ പുനർവിജ്ഞാപനം ചെയ്തതുമായ തീരനിയന്ത്രണ നിയമത്തിലൂടെ നിഷേധിക്കപ്പെട്ട പൈതൃകാവകാശങ്ങൾ (തീർത്തും തീരക്കടലിലും കായലിലും സുഗമമായി ഉപജീവന പ്രവർത്തനങ്ങൾ നടത്തി തന്റെ ആവാസ മേഖലയിൽ തന്നെ ജീവിക്കാനുള്ള) പുനഃസ്ഥാപിച്ചുകൊണ്ടുള്ള ഒരു ഭേദഗതി വിജ്ഞാപനമാണ് വേണ്ടത്. തീരജനതയുടെ സ്വത്വം തന്നെ ഇല്ലാതാക്കുന്ന അതിലേറെ തീര ആവാസ വ്യവസ്ഥകളുടെ നാശത്തിനു വഴിയൊരുക്കുന്നതും ഒരു ജനവിഭാഗത്തിന്റെ പലായനത്തിനുള്ള സാഹചര്യം ഒരുക്കുന്നതുമായ 2018 ലെ കരടു വിജ്ഞാപനം പിൻവലിക്കണം. ■



# മണിമുത്തുകൾ

സി.രേഷ്മ എച്ച്.സി, തൈക്കാട്

ചാരുതയാർന്ന വദനങ്ങളുമായ്
ഒരമ്മ തൻ അരുമകൾക്കായ്
ബലിയായ് തീർന്നു....
നിതാന്ത ബലിയായ് തീർന്നു,
ജീവന്റെ അംശം ബാക്കിവെച്ചവൾ യാത്രയായി..!
ഒരു യവനികയെപ്പോലെയവൾ യാത്ര തുടർന്നു.

ജീവനും ജീവസ്പന്ദനവും സമർപ്പിച്ചവൾ
സ്നേഹ മന്ത്രകണങ്ങളാൽ വാരിപുണർന്നവൾ
തൻ സ്നേഹിതരെ, തൻ സോദരരെ...

വാടിപ്പോകാതെ, ഇടറിവീഴാതെ
ശ്രുതിലയമായവൾ നടന്നുനീങ്ങി
ജീവിതം സമ്മാനിച്ച കൊച്ചുനൊമ്പരങ്ങൾ
ഏറ്റെടുത്തവൾ യാത്രയായി...
മനസ്സിൽ വിങ്ങലുകൾ സ്നേഹമുദ്ര കണങ്ങളാൽ
ദീപ്തമാക്കി...

തിക്കി തിരക്കിയ ജീവിതം ശൂന്യമാക്കാതെ
സ്നേഹ സോപനാമാക്കിയപ്പോൾ
കണ്ടെത്തിയവരെയും, കാണാത്തവരെയും
മാറോട് ആശ്ലേഷിക്കുവാനുള്ള ഉൾവിളിയും
തിരിച്ചറിഞ്ഞവൾ യാത്രയായി
ജീവിതത്തിൽ അൾത്താരയിൽ ഒരു നെയ്ത്തിരിയായ്
യാത്രയായ്....!

ഫാ. തോമസ് ജെ. നെറ്റോ

**സമഭാവനയും സ്നേഹവും സമാധാനവും കളിയാടുന്ന കുടുംബങ്ങളാണ് ലോകത്തിന്റെ സന്തോഷം. അത് സാധ്യമാക്കാനാണ് കത്തോലിക്കാസഭ 'കുടുംബത്തിന്റെ സുവിശേഷം ലോകത്തിന്റെ സന്തോഷം' എന്ന വിഷയം 9-ാമത് ആഗോള കുടുംബസമ്മേളനത്തിൽ ചർച്ച ചെയ്യുന്നത്.**

# കുടുംബത്തിന്റെ സുവിശേഷം: ലോകത്തിന്റെ സന്തോഷം

ലോക ഫുട്ബോൾ മാമാങ്കം റഷ്യയിൽ ആഘോഷ ലഹരി തീർക്കുന്ന ഈ നാളുകളിൽ ആഗോള കുടുംബ സമ്മേളനത്തിന് അയർലണ്ടിലെ ഡബ്ലിനിൽ ഏറ്റവും അടുത്ത ഒരുക്കങ്ങൾ നടക്കുകയാണ്. കത്തോലിക്കാ സഭ നേതൃത്വം കൊടുക്കുന്ന ഒൻപതാമത് ആഗോള കുടുംബ സമ്മേളനം 2018 ആഗസ്റ്റ് 21 മുതൽ 26 വരെയാണ്. "കുടുംബത്തിന്റെ സുവിശേഷം: ലോകത്തിന്റെ സന്തോഷം" എന്നതാണ് ഈ സമ്മേളനത്തിന്റെ മുഖ്യ ചിന്താവിഷയം. ഫ്രാൻസിസ് പാപ്പയാണ് വിഷയം തെരഞ്ഞെടുത്ത് നൽകിയത്.

ദമ്പതിമാർക്കും മുതിർന്നവർക്കും യുവജനങ്ങൾക്കും കുട്ടികൾക്കും ഇത് തികച്ചും ആനന്ദ ദായകവും സമ്പന്നവുമായ ഒരവസരമാണ്. തങ്ങളുടെ കുടുംബജീവിത യാത്ര തുടരാൻ ശക്തിയാർജ്ജിക്കുന്നതിന് സഹായകരമായ ആറുദിനങ്ങൾ. ആഗോളതലത്തിൽ കുടുംബങ്ങൾ പരസ്പരം കണ്ടുമുട്ടാനും പങ്കുവയ്ക്കാനും ഒരുമിച്ച് പ്രാർത്ഥിക്കാനും പരിചിന്തനം ചെയ്യാനും വിശ്വാസത്തിലും സ്നേഹത്തിലും വളരാനും ആഘോഷിക്കുവാനുമുള്ള പ്രത്യേക സന്ദർഭം.

മൂന്നുവർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്നതാണ് ഈ സമ്മേളനം. വിവാഹത്തിന്റെയും കുടുംബത്തിന്റെയും പ്രാധാന്യവും, അവ എപ്രകാരം നമ്മുടെ ജീവിതത്തിന്റെയും സമൂഹത്തിന്റെയും സഭയുടെയും മൂലക്കല്ലായിരിക്കുന്നു എന്നതിനെക്കുറിച്ച് ചിന്തിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ലക്ഷ്യം വച്ചുള്ളതാണ് ഈ ആഗോള കുടുംബ സമ്മേളനം.



കുടുംബങ്ങളോട് ഏറെ കരുതലുണ്ടായിരുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പയാണ് ആഗോള കുടുംബ സമ്മേളനങ്ങളുടെ പ്രചോദകനും തുടക്കക്കാരനും. 1994 ൽ അന്തർദ്ദേശീയ കുടുംബവർഷത്തിൽ റോമിൽ വച്ചുനടന്ന രണ്ടുദിവസം നീണ്ട ആദ്യസമ്മേളനം "കുടുംബം: സ്നേഹ സംസ്കാരത്തിന്റെ ഹൃദയം" എന്ന വിഷയം ചർച്ച ചെയ്തു.

ഒൻപതാമത് ആഗോള കുടുംബ സമ്മേളനത്തിലെ ഒരു സവിശേഷത ഫ്രാൻസിസ് പാപ്പയുടെ സാന്നിദ്ധ്യമാണ്. മറ്റൊരു പ്രധാന പശ്ചാത്തലമാകട്ടെ കുടുംബത്തെ സംബന്ധിച്ചുള്ള പാപ്പയുടെ സ്നേഹത്തിന്റെ സന്തോഷം (amoris laetitia) എന്ന പ്രബോധന രേഖയും. സമ്മേളനം തിരഞ്ഞെടുത്തിരിക്കുന്ന മുഖ്യവിഷയം ആറു ദിനങ്ങളിലും ഈ പ്രബോധന രേഖയുടെ അടിസ്ഥാനത്തിലാണ് പഠിക്കുകയും ചർച്ച ചെയ്യുകയും ആഘോഷിക്കുകയും ചെയ്യുക.

സാങ്കേതികവിദ്യയുടെ പങ്ക് കുടുംബങ്ങളിൽ, ഭിന്നതയുടെ പ്രത്യാഘാതം കുടുംബങ്ങളിലും കുട്ടികളിലും, വിശ്വാസവും കുടുംബവും, സാമ്പത്തിക-തൊഴിൽ-പരിസ്ഥിതി തുടങ്ങിയവയോടുള്ള സമീപനം, സ്ത്രീകളുടെ നേതൃത്വഔന്നത്യം, ദാരിദ്ര്യവിമുക്ത കുടുംബവും വിദ്യാഭ്യാസവും തുടങ്ങിയവയാണ് പ്രധാന ചർച്ചാവിഷയങ്ങൾ.

അയർലണ്ടിലെ "Aid to the church in Need" സംഘടനയാണ് ആഗോള കുടുംബ സമ്മേളനത്തിന്റെ ലോഗോ തയ്യാറാക്കിയത്. ലോഗോയുടെ അർത്ഥതലങ്ങൾ മനസ്സിലാക്കുമ്പോൾ ഈ സമ്മേളനത്തിന്റെ പ്രധാന ഊന്നലുകളും സവിശേഷതകളും കൂടുതൽ വ്യക്തമാകും.

കുടുംബത്തിന്റെ ചിത്രമാണ് ലോഗോയുടെ ഹൃദയഭാഗത്ത് കാണുന്നത്. വ്യത്യസ്ത പ്രായവും കഴിവുകളും ഉള്ള കുടുംബാംഗങ്ങൾ സ്നേഹകൂട്ടായ്മയിൽ ഒരുമിച്ച് നടക്കുന്നവരും പരസ്പരം സഹായിക്കുന്നവരുമാണ്. കുടുംബത്തിൽ ആരെയും ഒഴിവാക്കുകയോ പിന്നിലേക്ക് മാറ്റിനിർത്തുകയോ ചെയ്തിട്ടില്ല. ദമ്പതിമാരും വൃദ്ധരും

ELAND
EETING
ILIES
ST 2018

ഏകസ്ഥരും കുട്ടികളും സമർപ്പിതരും നമ്മുടെ കുടുംബങ്ങളിൽ പ്രധാനപ്പെട്ടവരാണ്.

ലോഗോയിലെ ലോകമാപ്പ് സൂചിപ്പിക്കുന്നത് ലോകമെമ്പാടും നിന്നുള്ള കുടുംബങ്ങൾ എത്തിച്ചേരുന്ന ഈ സംഗമം തികച്ചും അന്തർദ്ദേശീയം എന്നാണ്. ഭൂഖണ്ഡങ്ങളുടെ ചെറിയ ദൃശ്യങ്ങൾ, ദൈവം നമ്മെ ഭരമേൽപ്പിച്ച എല്ലാ കുടുംബങ്ങളുടെയും പൊതുഭവനമായ ലോകം മുഴുവനെയും സൂചിപ്പിക്കുന്നു. കുടുംബങ്ങൾക്ക് ഈ പൊതുഭവനത്തെ സംരക്ഷിക്കാൻ കടമയുണ്ടെന്നും ഓർമിപ്പിക്കുന്നു.

ലോഗോയിലെ അർധവൃത്തവും കുരിശും സൂചിപ്പിക്കുന്നത്, കുരിശിൽ നിന്നും ഒഴുകിയെത്തുന്ന, എല്ലാ കുടുംബങ്ങളെയും ആശ്ലേഷിക്കുന്ന, ദൈവസ്നേഹത്തെയാണ്. കൂടാതെ ഇത് ഭദ്രാസന ദേവാലയത്തിന്റെ ഡോമിനെയും സൂചിപ്പിക്കുന്നു. ഇതാകട്ടെ, സഭ കുടുംബങ്ങളുടെ കുടുംബമാണെന്നും, സഭ എല്ലാ ഗാർഹിക സഭകളുടെയും ജീവിതത്താൾ പരിപോഷിപ്പിക്കപ്പെടുന്നുവെന്നും സൂചിപ്പിക്കുന്നു. സഭ കുടുംബങ്ങളെ ആശ്ലേഷിക്കുകയും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുന്നു. കുടുംബങ്ങൾ ശക്തമാകുമ്പോൾ സഭയും സമൂഹവും ഒരുപോലെ ശക്തമാകുന്നു.

കുരിശ് യേശുവിന്റെ ആത്മത്യാഗം നിറഞ്ഞ സ്നേഹത്തിന്റെ പ്രതീകമാണ്. ഇതേ ത്യാഗാത്മക സ്നേഹമാണ് വിവാഹത്തിന്റെയും കുടുംബത്തിന്റെയും ഹൃദയവും. ലോഗോയിലെ പ്രകാശ രശ്മികൾ കുരിശിൽ നിന്നും നിർഗളിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രസാദവരത്തെ സൂചിപ്പിക്കുന്നു. ഇവ എല്ലാ കുടുംബങ്ങളെയും സ്നേഹത്തിൽ ഒന്നിപ്പിക്കുന്നു. പരിശുദ്ധാത്മാവിലൂടെ യേശു നമ്മുടെ കുടുംബങ്ങളിൽ വസിക്കുകയും നമ്മുടെ കുരിശെടുത്ത് അനുഗമിക്കാൻ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

ലോഗോയിലെ മൂന്ന് വളഞ്ഞവരകൾ പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹകൂട്ടായ്മയെ സൂചിപ്പിക്കുന്നു. വിവാഹവും കുടുംബവും പരിശുദ്ധ ത്രിത്വത്തിന്റെ പ്രതിരൂപമാണ്. വിവാഹത്തിലൂടെ കുടുംബങ്ങൾ രൂപം കൊള്ളുന്നത് പരസ്പരം ആത്മദാനം ചെയ്യുന്ന സ്നേഹകൂട്ടായ്മയിലൂടെയാണ്. കുടുംബങ്ങളുടെ വിളി പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാവുകയാണ്.

ആഗോള കുടുംബ സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങ് അയർലണ്ടിലെ 26 കത്തോലിക്കാ രൂപതകളിലും ആഗസ്റ്റ് 21 ന് ഒരേ സമയം നടക്കും. സഭയുടെ യാമപ്രാർത്ഥനയിലെ സന്ധ്യാപ്രാർത്ഥനയാണ് മുഖ്യഇനം. 'ക്രിസ്തുവിനോടൊപ്പം' എന്നതാണ് ഇതിന്റെ വിഷയം. സഭ കുടുംബങ്ങളുടെ കുടുംബമാണ് എന്ന അവബോധവും; വിശുദ്ധരുടെയും വിശ്വാസം കൈമാറിയവരുടെയും പാതകളിൽ സഞ്ചരിക്കുന്നതിന്റെ ഓർമപ്പെടുത്തലുകളും, പ്രകാശമായ ക്രിസ്തുവിനെ സ്വാഗതം ചെയ്തുകൊണ്ടുള്ള കീർത്തനങ്ങളും സങ്കീർത്തനങ്ങളും മനുഷ്യകുടുംബത്തിനായുള്ള പ്രാർത്ഥനകളും ഇതിൽ ഉൾപ്പെടും.

തുടർന്നുള്ള മൂന്നുദിനങ്ങൾ (22-24) അജപാലന കോൺഗ്രസ് എന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രഗത്ഭരുടെ പ്രഭാഷണങ്ങൾ, ചർച്ചകൾ, വർക്ഷോപ്പുകൾ, പ്രദർശനങ്ങൾ, കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ, ദിവ്യബലി ആഘോഷം, ആരാധനാക്രമപരവും പ്രാർത്ഥനാനിർഭരവുമായ ഇതര പ്രവർത്തനങ്ങൾ തുടങ്ങിയവ ഓരോ ദിവസവും നടക്കും. ഇവ ഓരോ ദിവസവും യഥാക്രമം കുടുംബവും വിശ്വാസവും (സ്നേഹത്തിന്റെ സന്തോഷം അധ്യായം 1-3) കുടുംബവും സ്നേഹവും (സ്നേഹത്തിന്റെ സന്തോഷം അധ്യായം 4-6) കുടുംബവും പ്രത്യാശയും (സ്നേഹത്തിന്റെ സന്തോഷം അധ്യായം 7-9) എന്നീ വിഷയങ്ങളെ ആസ്പദമാക്കിയാണ് ക്രമീകരിക്കുക.

കുടുംബങ്ങളുടെ ഉത്സവ ആഘോഷത്തിനായി ആഗസ്റ്റ് 25 മാറ്റിവച്ചിരിക്കുന്നു. കുടുംബം എന്ന ദാനത്തെ മുഖ്യവിഷയത്തിന്റെ വെളിച്ചത്തിൽ ആഘോഷിക്കുകയാണ്. പ്രാർത്ഥനയുടെയും ആഹ്ലാദത്തിന്റെയും അന്തരീക്ഷത്തിൽ മ്യൂസിക്, പാട്ട്, നൃത്തം ഇവ ഒന്നുചേരുന്ന കലാ-സാംസ്കാരിക ആഘോഷം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്നിട്ടുള്ള കുടുംബങ്ങൾ പങ്കുവയ്ക്കുന്ന അവരുടെ "കുടുംബകഥ"കളുടെ അകമ്പടിയോടെയായിരിക്കും ഈ ആഘോഷം. ഇതിൽ ഫ്രാൻസിസ് പാപ്പയുടെയും സാന്നിധ്യവും ഉണ്ടായിരിക്കും.

ആഗസ്റ്റ് 26 ന് ഫ്രാൻസിസ് പാപ്പയുടെ മുഖ്യ കാർമികത്വത്തിൽ അർപ്പിക്കുന്ന ആഘോഷമായ കൃതജ്ഞതാ ദിവ്യബലിയോടെ ഒൻപതാമത് ആഗോള കുടുംബസമ്മേളനത്തിന് തിരശീല വീഴും. കുടുംബം എന്ന മഹനീയ ദാനത്തിന് നന്ദി അർപ്പിക്കുന്ന, കുടുംബാംഗങ്ങളുടെ വിശുദ്ധീകരണത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന ഈ ദിവ്യബലിയിൽ പതിനായിരങ്ങൾ പങ്കെടുക്കും.

ആഗോള കുടുംബ സമ്മേളനം തെരഞ്ഞെടുത്തിരിക്കുന്ന വിചിന്തന വിഷയം ഏറെ പ്രസക്തവും പ്രധാനപ്പെട്ടതുമാണ്. ശാസ്ത്ര-സാങ്കേതിക പുരോഗതിയുടെ അത്ഭുതകരമായ നേട്ടങ്ങൾ സൃഷ്ടിക്കുന്ന മെച്ചപ്പെട്ട ഭൗതിക ജീവിത സൗകര്യങ്ങളുടെ നടുവിലൂടെയാണ് ഇന്നത്തെ ലോകവും മനുഷ്യരും സഞ്ചരിക്കുന്നത്. ആധുനിക മാധ്യമങ്ങളും വമ്പൻ ഷോപ്പിംഗ് മാളുകളും വിനോദ സഞ്ചാര പരിപാടികളുമൊക്കെ ജീവിതം ആനന്ദകരവും ഉല്ലാസപ്രദവുമാക്കാൻ പുത്തൻ സാധ്യതകൾ തുറന്നിട്ടിരിക്കുന്നു. സന്തോഷത്തിന് ഇന്നത്തെ ലോകം മുന്നോട്ടുവയ്ക്കുന്ന ഭൗതിക ജീവിത മൂല്യങ്ങളുടെ മുന്നിൽ നിന്നുകൊണ്ട് ആഗോള കുടുംബ സമ്മേളനത്തിലൂടെ സഭ പ്രഖ്യാപിക്കുന്നു: "കുടുംബത്തിന്റെ സുവിശേഷം' ഉയർത്തിപ്പിടിച്ചാലേ 'ലോകത്തിന് സന്തോഷമുണ്ടാകൂ.

"കുടുംബത്തിന്റെ സുവിശേഷം" എന്ന പദപ്രയോഗം അർത്ഥമാക്കുന്നത് കുടുംബം ദൈവീക പദ്ധതിയുടെ ഭാഗമാണെന്നും കുടുംബത്തെക്കുറിച്ചുള്ള ക്രൈസ്തവ ദർശനം സഭ പ്രഘോഷിക്കുന്ന സന്തോഷകരമായൊരു സന്ദേശമെന്നുമാണ്. ക്രിസ്തുവിനെ ആദ്യം അറിയുകയും കണ്ടുമുട്ടുകയും ചെയ്യുന്ന ഇടങ്ങളായ കുടുംബങ്ങളും ക്രിസ്തീയ കുടുംബ ജീവിതമൂല്യങ്ങളും ലോകത്തിന് സദ്വാർത്തയാണ്. കുടുംബങ്ങളുടെ പ്രാധാന്യവും മഹനീയതയും, പ്രഘോഷിച്ചും, ജീവിച്ചും നമുക്ക് ഇന്നത്തെ ലോകത്തെ കൂടുതൽ സന്തോഷഭരിതമാക്കാം. ■

ലേഖനം

ഡോ. മേരി റെജീന എഫ്.
പ്രൊഫസർ, കേരള കാർഷിക സർവകലാശാല

**ജൂലൈ 11 ലോക ജനസംഖ്യാദിനം. കുടുംബഭദ്രതയ്ക്കായി അണുകുടുംബം സ്വപ്നം കാണുന്നവർ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ജനവിഭാഗങ്ങളെക്കുറിച്ച് എന്തേ ചിന്തിക്കുന്നില്ല...**

# കത്തോലിക്കാ സമുദായം കാണാമറയത്തേക്കോ?



"കുടുംബാസൂത്രണം മനുഷ്യാവകാശം" എന്ന മുദ്രാവാക്യത്തോടെ ജൂലൈ മാസം കടന്നുവരുമ്പോൾ ശുഭാശുഭ ചിന്തകളുടെ മിശ്രിതമാണ് മനസ്സുനിറയെ. സന്തുഷ്ട കുടുംബം ഓരോ ദമ്പതികളുടെയും സ്വപ്നമാണ്. ആ സ്വപ്ന കൂടാരത്തിലെ മാലാഖമാരാണ് മക്കൾ. എത്രമക്കൾ വേണമെന്നും അവർ തമ്മിൽ പ്രായവ്യത്യാസം ഉണ്ടാകണമെന്നുമൊക്കെ തീരുമാനിക്കാനുള്ള അവകാശം ദമ്പതികളുടേതാണ്. സ്നേഹത്തിന്റെ സന്തോഷത്തിൽ പരിശുദ്ധ ഫ്രാൻസിസ് പാപ്പ വിഭാവനം ചെയ്യുന്ന ഉത്തമ കത്തോലിക്കാ ദമ്പതികൾക്ക് ഇത് തികച്ചും സ്വാഭാവികവും എന്നാൽ ഏറ്റവും പ്രധാനപ്പെട്ടതുമായ തീരുമാനമായിരിക്കും. എന്നാൽ പലവിധ ജീവിത വ്യഗ്രതകളിൽ ഉഴലുന്ന ദമ്പതികൾക്ക് മനപൂർവ്വമായ ശ്രദ്ധ ഇക്കാര്യത്തിൽ വേണ്ടിവരുന്നു. ശ്രദ്ധക്കുറവിനും അമിത ശ്രദ്ധയ്ക്കും ഇടയിലുള്ള ഒരു സന്തുലിതാവസ്ഥ നേടാൻ ഇത്തരക്കാരെ പ്രാപ്തമാക്കുന്നതായിരുന്നു എക്കാലത്തേയും സഭാ പ്രബോധനങ്ങൾ.

ദൈവികദാനങ്ങളായ ബുദ്ധിയും കഴിവുകളും ഉപയോഗിച്ച് അപ്പം വർധിപ്പിക്കാനാണ് മനുഷ്യൻ ശ്രദ്ധിക്കേണ്ടത്. മറിച്ച് വിരുന്നിനുള്ള ക്ഷണിതാക്കളുടെ എണ്ണം കുറയ്ക്കുകയല്ല, വേണ്ടത് എന്ന് പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞത് എത്രയും ഹൃദയസ്പർശിയും ജീവിതഗന്ധിയുമാണ്. ശാരീരിക-മാനസിക, സാമ്പത്തിക, സാമൂഹ്യ സാഹചര്യങ്ങൾക്കനുസൃതമായി കുടുംബാസൂത്രണം നടത്തുന്ന ദമ്പതികൾ സൃഷ്ടാവ് ഏർപ്പെടുത്തിയിട്ടുള്ളതും പ്രതീക്ഷിക്കുന്നതുമായ ധാർമ്മിക മൂല്യങ്ങൾക്ക് അനുരൂപരാകാനും വിസ്മരിക്കരുത്. രാഷ്ട്രങ്ങളുടെ നിയമങ്ങൾ കുടുംബങ്ങളുടെ സ്വാഭാവികതയിലേക്ക് കടന്നുകയറി യുവ ദമ്പതികളുടെ സ്വാഭിമാനവും അന്തസ്സും തരംതാഴ്ത്തുന്ന രീതിക്ക് സഭ എന്നും എതിരാണ്. എന്നാൽ കുടുംബ ഭദ്രതയ്ക്കുതകുന്ന ദീർഘവീക്ഷണത്തോടും കരുതലോടും കൂടിയുള്ള നയങ്ങൾ ദമ്പതികളെ ഈ വിധത്തിൽ ശക്തീകരിക്കാനുള്ള പരിപാടികൾ എന്നിവയെ സഭ എന്നും ശ്ലാഘിക്കുകയും പിന്തുണയ്ക്കുകയും ചെയ്തുവരുന്നു. കൃത്രിമ ഗർഭനിരോധന മാർഗങ്ങൾ, ഗർഭഛിദ്രം, കരുണാവധം എന്നിവ നിയമാനുസൃതമാക്കുന്ന ശ്രമങ്ങളെ വിശുദ്ധ ജോൺപോൾ രണ്ടാമൻ ഭരണകൂട അടിച്ചമർത്തലായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. രാഷ്ട്ര വികസനത്തിന് വിഘാതമാകുന്ന ജനസംഖ്യാ പെരുപ്പത്തെക്കുറിച്ച് വ്യക്തമായ ധാരണകളും ആശങ്കകളും ഉണ്ട്. എന്നാൽ വികസനത്തിനുള്ള ഏകതടസം ജനസംഖ്യാ വളർച്ചയാണെന്ന് സഭ വിശ്വസിക്കുന്നില്ല. ഭൂമിയിലെ പരിമിതമായ വിഭവങ്ങളെ എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള ഏറ്റവും എളുപ്പമാർഗം ജനസംഖ്യാ നിയന്ത്രണമാണെന്ന് ചിലർ കരുതുന്നു. എന്നാൽ വൈകാരിക പക്വതയുള്ള പൗരന്മാരെ വാർത്തെടുക്കാനാണ് രാഷ്ട്രങ്ങൾ ശ്രദ്ധിക്കേണ്ടതെന്നാണ് സഭ കരുതുന്നത്. പക്വമതികളായ ദമ്പതികളായി സ്വന്തം സാധ്യതകളും പരിമിതികളും തിരിച്ചറിഞ്ഞ് ജീവിതം സംവിധാനം ചെയ്യട്ടെ.

പാരിസ്ഥിതിക നാശത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും



കാരണക്കാർ വികസ്വര രാഷ്ട്രങ്ങളിലെ വർധിച്ചുവരുന്ന ജനസംഖ്യയാണെന്ന് വാദിക്കുന്നവരെ ലൗദാതോസിയിൽ ഫ്രാൻസിസ് പാപ്പ ശക്തമായി വിമർശിക്കുന്നുണ്ട്. വികസിത രാഷ്ട്രങ്ങളിലെ ഉപഭോഗ സംസ്കാരത്തെ വിസ്മരിച്ചുകൊണ്ട് ഇത്തരക്കാർ വാദിക്കുന്നതെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു. കഴിഞ്ഞ 60 വർഷത്തെ സഭാ പ്രബോധനങ്ങളുടെ ഊടും പാവും ഇത്തരം സ്വർണ്ണ ഇഴകളാൽ നെയ്തതാണ് എന്ന് നമുക്ക് അഭിമാനിക്കാം. ജീവിത യാഥാർത്ഥ്യങ്ങൾ പൂർണമായും ഉൾക്കൊണ്ടുകൊണ്ടും എന്നാൽ വിശുദ്ധ ദൈവിക പദ്ധതിക്ക് അനുസരിച്ചുമാണ് എന്നും സഭാപിതാക്കന്മാർ നിലകൊണ്ടത്. ഇതേ കാലയളവിൽ നമ്മുടെ കുടുംബങ്ങൾ ചെവികൊടുത്തത് സഭയ്ക്ക് പുറത്തു നടന്ന മുറവിളികൾക്കാണ് എന്ന് കാണിക്കുന്ന കണക്കുകൾ ചുവടെ ചേർക്കുന്നു.

**കേരളത്തിലെ മതാനുപാതം 1921 – 2011**

| വർഷം | ഹിന്ദു | ക്രിസ്ത്യൻ | മുസ്ലീം |
|---|---|---|---|
| | ശതമാനത്തിൽ | | |
| 1921 | 64.75 | 17.64 | 17.43 |
| 1931 | 63.34 | 19.52 | 17.08 |
| 1941 | 60.73 | 20.52 | 17.08 |
| 1951 | 61.59 | 20.85 | 17.53 |
| 1961 | 60.83 | 21.22 | 17.91 |
| 1971 | 59.41 | 21.05 | 19.50 |
| 1981 | 58.15 | 20.50 | 21.25 |
| 1991 | 57.35 | 19.32 | 21.33 |
| 2001 | 56.20 | 19.00 | 24.70 |
| 2011 | 54.90 | 18.04 | 26.61 |

*അവലംബം : ദീപിക*

ജനസംഖ്യാ വർധനയെപ്പറ്റി ഇക്കാലത്തെ ഭരണകൂടങ്ങൾ പ്രകടിപ്പിച്ച ആശങ്ക ഉൾക്കൊള്ളുകയും കുട്ടികളുടെ എണ്ണം കുറയ്ക്കുകയും ചെയ്ത ക്രൈസ്തവ സമൂഹം സംസ്ഥാനത്തെ രണ്ടാമത്തെ വലിയ സമുദായമെന്ന സ്ഥാനം നഷ്ടപ്പെടുത്തുകയായിരുന്നു.

വിദ്യാഭ്യാസപരമായ മുന്നേറ്റം, കാർഷിക സമൂഹത്തിൽ നിന്നും സേവന മേഖലയിലേക്കുള്ള മാറ്റം എന്നീ ഘടകങ്ങളും ഈ മാറ്റത്തിന് ആക്കം കൂട്ടി. ജനസംഖ്യാ വർധനയുടെ നിരക്കിലും പ്രസവ നിരക്കിലും നാം യൂറോപ്യൻ നിലവാരത്തിലെത്തി. ഇന്നുള്ള ജനസംഖ്യ നിലനിർത്താൻ മതിയായത്ര പ്രസവം പോലും ക്രിസ്ത്യൻ സമുദായത്തിൽ നടക്കുന്നില്ലെന്ന ആശങ്ക വിദഗ്ധർ പ്രകടിപ്പിക്കുന്നു. 2008 ൽ 17.58 ശതമാനം പ്രസവങ്ങൾ ക്രൈസ്തവരുടേതായിരുന്നുവെങ്കിൽ 2015 ൽ അത് 15.42 ശതമാനമായിതാണു. ജനസംഖ്യയിൽ 18.4 ശതമാനം ക്രൈസ്തവരായിരിക്കുമ്പോഴാണിത്. ജനസംഖ്യയിൽ 26.56 ശതമാനം മാത്രമുള്ള മുസ്ലീമുകളുടേതാണ് 41.45 ശതമാനം പ്രവസങ്ങളും. ജനസംഖ്യാ ഘടനയിൽ വലിയമാറ്റങ്ങൾ ഭാവിയിൽ ഉണ്ടാകുമെന്നതിന്റെ സൂചനയാണിത്. ഇന്നുള്ള അനുപാതത്തിൽ ക്രിസ്ത്യൻ സമുദായം സംസ്ഥാനത്തുണ്ടാകില്ലെന്ന ഉറപ്പും ഈ കണക്കുകൾ നൽകുന്നു.

ഇതോടൊപ്പം കൂട്ടിവായിക്കേണ്ട വിഷയമാണ് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ കയറ്റുമതി. കഴിഞ്ഞ കാലങ്ങളിൽ ഗൾഫുനാടുകളിലേക്ക് ചേക്കേറിയവരുടെ സ്ഥിരം മേൽവിലാസം കേരളം തന്നെയായിരുന്നു. എന്നാൽ ഇന്ന് മറ്റുനാടുകളിലേക്ക് ചേക്കേറുന്നവർക്ക് മടങ്ങിവരാനുള്ള ഉദ്ദേശ്യമില്ല. അവർ വിദേശപൗരത്വം നേടുന്നതോടെ കുടുംബങ്ങളിൽ നിന്നു മാത്രമല്ല അകലുന്നത്. ഭാരതീയ സഭയോടും സമൂഹത്തോടുമുള്ള അവരുടെ ബന്ധങ്ങൾ വിച്ഛേദിക്കപ്പെടുന്നു. സമർത്ഥരായ ഭരണകർത്താക്കൾ, ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ ഉൾപ്പെടെയുള്ളവർ നമുക്ക് നഷ്ടപ്പെടുന്നു. ഭദ്രമായ ജീവിതസാഹചര്യങ്ങളിലേക്ക് കൊടുക്കേണ്ടിവരുന്ന വലിയ വിലയാണിത്. ഒരുവശത്ത് ജനം കുറയുകയും മറുവശത്ത് വിദേശ കുടിയേറ്റം നിർബാധം തുടരുകയും ചെയ്യുമ്പോൾ പാഴ്സി സമുദായം അഭിമുഖീകരിക്കുന്ന അതേ പ്രശ്നങ്ങളാണ് നാളെ നമ്മെ കാത്തിരിക്കുന്നതെന്ന് ചുരുക്കം. കേരളത്തിന്റെ വിവിധ മണ്ഡലങ്ങളിൽ കത്തോലിക്കരുടെ മേൽക്കൈയും സ്വാധീനവും നിലനിർത്തണമെങ്കിൽ ആസൂത്രിതമായ നീക്കങ്ങൾ അനിവാര്യമാണ് എന്ന വലിയ പാഠമാണ് നാം ഉൾക്കൊള്ളേണ്ടത്.

21-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിന്റെ അവസാനപാദത്തിൽ നിൽക്കുന്ന നമ്മൾ പിന്നിലോട്ടും മുന്നിലോട്ടും നോക്കുന്നത് നല്ലതാണ്. എവിടെ നിന്ന് എങ്ങോട്ട് എന്ന് തീർച്ചപ്പെടുത്താൻ ഇത് സഹായിക്കും. 20-ാം നൂറ്റാണ്ടിൽ പ്രത്യേകിച്ച് അവസാന ദശകങ്ങളിൽ കേരളത്തിന്റെ സാമുദായിക, രാഷ്ട്രീയ, സാംസ്കാരിക മണ്ഡലങ്ങളിലെ മുൻനിരക്കാരായിരുന്നു ക്രിസ്ത്യാനികളും കത്തോലിക്കരും. നമ്മുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടുകയും ആവലാതികൾ ശ്രദ്ധിക്കപ്പെടുകയും ചെയ്തു. കത്തോലിക്കർക്ക് തെരഞ്ഞെടുപ്പുകളിൽ മിതമായ പരിഗണനയെങ്കിലും ലഭിച്ചു. മിടുക്കരായ നിരവധി ഐഎഎസ്, ഐപിഎസ് ഉദ്യോഗസ്ഥർ തുടങ്ങി അനേകം പേർ ഭരണസംവിധാനങ്ങളിൽ ഇടംനേടി. കൃഷിയിലും വ്യാപാരത്തിലും ബാങ്കിംഗ് വിദ്യാഭ്യാസ മേഖലയിലും നാം ആർജ്ജിച്ച മേൽക്കൈ ഇതര ക്രൈസ്തവ വിഭാഗങ്ങൾക്കും സവർണ്ണ ഹിന്ദുക്കൾക്കും ഒപ്പത്തിനോ മെച്ചപ്പെട്ടതോ ആയ ഒരു നിലവാരത്തി

ലേക്ക് നമ്മെ എത്തിച്ചു.

ഇന്ന് ഈ മേഖലകളിലൊക്കെ നാം എവിടെ നിൽക്കുന്നുവെന്ന് പരിശോധിച്ചാൽ തിരിച്ചടികളുടെ പട്ടികയാണ് നിരത്താനായിട്ടുള്ളത്. കാർഷിക വിളകളുടെ വിലയിടിവും തീരദേശ-മലയോര നയങ്ങളുമെല്ലാം നമ്മെ ഏറെ തളർത്തിയിരിക്കുന്നു. വേണ്ടിടത്തൊക്കെ വേണ്ടതുപോലെ എത്തിപ്പെടാൻ സാധിക്കുന്നില്ല. എന്നതിലുപരിയായി നാം ഉന്നയിക്കുന്ന വിഷയങ്ങൾ ഗൗരവത്തോടെ സ്വീകരിക്കാൻ സമൂഹമോ ഭരണകർത്താക്കളോ ഔത്സുക്യം കാണിക്കുന്നില്ലെന്നതും ശ്രദ്ധേയമാണ്. പഴയതുപോലെ പൊതുസമൂഹം നമ്മെ ആശ്രയിക്കേണ്ടിവരുന്ന മേഖലകൾ ഒന്നും തന്നെയില്ലെന്നുപറയാം. അത്തരം മേഖലകൾ പുതുതായി കെട്ടിപ്പടുക്കാനുള്ള കരുത്ത് നമുക്ക് നഷ്ടമായിരിക്കുന്നു. എണ്ണത്തിലെ കുറവ് ഭൗതിക തലങ്ങളിൽ ഒരു വലിയകുറവുതന്നെയാണെന്ന് നാം തിരിച്ചറിഞ്ഞുതുടങ്ങിയിരിക്കുന്നു.

പരിഹാരമെന്തെന്ന് ചിന്തിച്ചുപ്രവർത്തിച്ചുതുടങ്ങേണ്ട കാലം അതിക്രമിച്ചു. പുതു തലമുറയിൽ ചിലർക്കെങ്കിലും കൂടുതൽ മക്കളോടുള്ള ആഭിമുഖ്യം കാണുന്നത് ആശ്വാസം നൽകുന്നു. മധ്യവയസ്കരായ മാതാപിതാക്കളുടെ പ്രോത്സാഹനവും പിന്തുണയും യുവദമ്പതികളെ ഈ വഴിക്ക് ചിന്തിക്കാൻ പ്രേരിപ്പിക്കും. കേരളത്തിൽ തന്നെയോ ഭാരതത്തിലോ യുവകുടുംബങ്ങളെ നിലനിർത്താനുള്ള സാഹചര്യം ഒരുക്കേണ്ടതും നമ്മുടെ ഉത്തരവാദിത്തമാണ്. സിവിൽ സർവീസിലും മറ്റും സ്ഥിരതയുള്ള ഉദ്യോഗങ്ങളിലും പ്രവേശിക്കാൻ വേണ്ട പരിശീലനമാണ് കുട്ടികൾക്ക് നൽകേണ്ടത്. സമൂഹത്തിലെ വിവിധതരം നേതൃസ്ഥാനങ്ങളിലേക്ക് കടന്നുവരാനുള്ള നേതൃത്വ പരിശീലനം സഭാതലത്തിൽ ഊർജ്ജിതമാക്കണം. പൊതുപ്രവർത്തകർക്ക് പിന്തുണയും നൽകണം. എണ്ണത്തിൽ കുറവാകുന്നവർക്കും ഗുണപരമായി മുന്നിലെത്താനും നായകത്വം നേടിയെടുക്കാനും കഴിയും. മനുഷ്യൻ തന്നെയാണ് മനുഷ്യന് ദൈവം തന്ന ഏറ്റവും വലിയ സമ്മാനം. ജാഗ്രതയോടെ ഒന്നായ് മുന്നേറാനുള്ള പ്രതിജ്ഞയാണ് ഇന്നിന്റെ ആവശ്യം. കുടുംബം നമ്മുടേതാണ്. അതിന്റെ ആസൂത്രണം നമ്മുടെ അവകാശങ്ങളും. ■



ഫാ. എ. ആർ. ജോൺ




**ജീവിത വിശുദ്ധിയിലേക്കുള്ള പ്രയാണം സ്നേഹത്തിലധിഷ്ഠിതമാണ്. സ്ഥലകാലവ്യത്യാസമില്ലാതെ സ്നേഹാധിഷ്ഠിത ജീവിതം കൊണ്ട് ആർക്കും വിശുദ്ധരാകാൻ കഴിയുമെന്ന് സമർത്ഥിക്കുകയാണ് 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന പ്രബോധനത്തിലൂടെ ഫ്രാൻസിസ് പാപ്പ.**

# ആനന്ദിച്ച് ആഹ്ലാദിക്കുവിൻ

എല്ലാവർക്കും വിശുദ്ധരാകാൻ കഴിയുമെന്ന സദ്വാർത്തയോടെ വിശുദ്ധിയുടെ നവപാതകൾ തെളിച്ച് ആനന്ദത്തിന്റെ ലളിതപാഠങ്ങൾ നമ്മെ പഠിപ്പിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ അപ്പോസ്തോലിക പ്രബോധനമാണ്, 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' (Gaudete et Exsultate) 2018 മാർച്ച് 19, വി. ഔസേപ്പ് പിതാവിന്റെ തിരുനാൾ ദിനം ഒപ്പുവച്ച് 2018 ഏപ്രിൽ 9 ന് സാർവത്രികസഭയ്ക്കു തന്റെ 5-ാം ഭരണവർഷം നൽകപ്പെട്ട പ്രബോധനമാണിത്. അഞ്ച് അധ്യായങ്ങളിലായി 177 ഖണ്ഡികളുള്ള രേഖയിലെ പ്രബോധനവിഷയം ആധുനികലോകത്തിൽ എങ്ങനെ വിശുദ്ധിയിൽ ജീവിക്കാമെന്നതാണ്.

വിശുദ്ധിയാണ് തിരുസഭയുടെ ഏറ്റവും ആകർഷകമായ മുഖം (നം.9) വിശുദ്ധി എന്നത് ഏതാനും ധീരവ്യക്തികൾക്കോ അസാധാരണ വ്യക്തികൾക്കോ മാത്രമുള്ളതല്ല. വിശുദ്ധരാകാൻ ഒരു മെത്രാനോ ഒരു വൈദികനോ ഒരു സന്യസ്തനോ ആയിരിക്കേണ്ട ആവശ്യവുമില്ല. നമ്മൾ എവിടെയായിരുന്നാലും സ്നേഹത്തിലധിഷ്ഠിതമായ ജീവിതം നയിക്കുകയും എല്ലാറ്റിലും സാക്ഷ്യം വഹിക്കുകയും ചെയ്തുകൊണ്ട് വിശുദ്ധരാകാൻ കഴിയും (നം. 14).

നമ്മെ വിശുദ്ധിയിൽ പ്രചോദിപ്പിക്കാൻ സഹകാരികളായി വിശുദ്ധർ ഉണ്ട്. അതിനുപുറമെ നമുക്ക് ചുറ്റും സ്വന്തം മാർഗത്തിലൂടെ ആനന്ദത്തോടും വിശ്വസ്തതയോടും കഠിനാദ്ധ്വാനത്തോടും പരോപകാര പ്രവർത്തികൾ വഴിയും നമുക്ക് മാതൃകയാകാൻ കഴിയുംവിധം നമ്മുടെ കൺമുന്നിൽ പല ജീവിക്കുന്ന മാതൃകകളുമുണ്ട്. അവർ നമ്മുടെ അടുത്ത അയൽക്കാരാണ്. നമ്മുടെ മധ്യത്തിൽ ജീവിച്ചുകൊണ്ട് ദൈവസാന്നിധ്യത്തെക്കുറിച്ച് വിചിന്തനം ചെയ്യുന്നവർ, അവർ കാണപ്പെടുന്ന വിശുദ്ധരാണ്, വിശുദ്ധിയുടെ അടയാളമാണ്. നമുക്ക് അവരെ വിശുദ്ധിയുടെ മദ്ധ്യവർഗം എന്ന് വിളിക്കാം. (നം.7)

ഉത്തരവാദിത്വങ്ങൾ ഉദാത്തമായി നിർവഹിച്ച് വിശുദ്ധിയിൽ വളരണം. പ്രവർത്തനങ്ങളിൽ നിന്നകന്നുള്ള നിശബ്ദതയും കർമ്മങ്ങളെ ഒഴിവാക്കിക്കൊണ്ട് സമാധാനവും ശാന്തിയും ആഗ്രഹിക്കുന്നതും ശുശ്രൂഷയെ നിന്ദിച്ചുകൊണ്ട് പ്രാർത്ഥനയെ തേടുന്നതും ആരോഗ്യകരമല്ല. മലീമസമായ മത്സരം അവസാനിപ്പിച്ച് മൂടുപടം ഉപേക്ഷിച്ച് ദൈവവുമായി ഹൃദയംഗമമായ ഒരു ഐക്യം കണ്ടെത്തുക. അന്യരെ ശുശ്രൂഷിക്കുന്നതിൽ മന്ദത കാട്ടാതിരിക്കുക.

പാപ്പ പറയുന്നു, വിശുദ്ധിയെക്കുറിച്ച് ഭയപ്പെടരുത്. അത് നിങ്ങളുടെ ഊർജ്ജമോ ഉന്മേഷമോ ആനന്ദമോ എടുത്തുകളയുകയില്ല (നം.32) മറിച്ച് ദൈവത്താൽ സ്നേഹിക്കപ്പെടാൻ അനുവദിക്കുക. അതിനായി ദർശനങ്ങൾ ഉന്നതമായി സ്ഥാപിക്കുക. അത് മാനുഷികതയെ ഉയർത്തും. ലിയോൺ ബ്ലോയിയുടെ വാക്കുകളിൽ പാപ്പ പറയുന്നു, "ജീവിതത്തിലെ ഒരേ ഒരു വലിയ ദുരന്തം ഒരു വിശുദ്ധനാകാത്തതാണ്" (നം.34)

രണ്ടാം അധ്യായത്തിൽ വിശുദ്ധിയിൽ നിന്നും നമ്മെ വഴിതെറ്റിപ്പിക്കുന്ന രണ്ട് വിലങ്ങുതടികളെപ്പറ്റി പാപ്പ പഠിപ്പിക്കുന്നു. അവ ജ്ഞാനവാദവും (gnosticism) പെലാജിയനിസവുമാണ്. ഇത് ക്രിസ്തുമതത്തിന്റെ ആദ്യകാലം മുതലുള്ള രണ്ട് പാഷണ്ഡതകളാണ്. അവ ഇന്ന് നവമായ വ്യാജരൂപമണിഞ്ഞു നമ്മെ വഴിതെറ്റിക്കുന്നു. സ്വന്തം ബുദ്ധിശക്തിയിൽ അമിതമായി വിശ്വാസവും ശ്രദ്ധയും കൊടുക്കുന്നവരാണ് ജ്ഞാനവാദികൾ. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ച പെലാജിയൂസ് സന്യാസിയുടെ പേരിൽ നിന്നാരംഭിച്ച പെലാജിയനിസം അനുസരിച്ച് ക്രിസ്തുവിന്റെ സഹായമോ വരമോ കൃപയോ കൂടാതെ തന്നെ സ്വന്തം ശക്തികൊണ്ട് തന്നെ നന്മ തെരഞ്ഞെടുക്കുവാനും തിന്മ ഉപേക്ഷിക്കുവാനും നമുക്ക് കഴിയുമെന്ന് അവർ വിശ്വസിക്കുന്നു.

ദൈവത്തിന് ഒരു സ്ഥാനമില്ലാത്ത അബദ്ധ സിദ്ധാന്തമാണ് ജ്ഞാനവാദം; മാംസവും ദൈവവുമില്ലാത്ത ബുദ്ധി. എല്ലാ ചോദ്യത്തിനും തങ്ങൾക്ക് ഉത്തരമുണ്ടെന്ന അഹന്ത അവർക്കുണ്ട്. യുക്തിയുടെ പരിമിതികളെപ്പറ്റി മനസ്സിലാക്കാതെ ലാളിത്യത്തെ അവർ നിന്ദിക്കുന്നു. ദൈവാനുഭവം നഷ്ടപ്പെട്ട് ദൈവീക രഹസ്യങ്ങളിൽ തുറവിയില്ലാത്തവരാകുന്നു.

സമകാലിക പെലാജിയനിസം പഠിപ്പിക്കുന്നത് മനുഷ്യമനസ്സിന് എല്ലാം സാധ്യമാണ് എന്നതാണ്. സ്വന്തം പരിമിതികളെക്കുറിച്ചുള്ള അറിവിന്റെ അഭാവം ദൈവകൃപയെ തടയുക മാത്രമല്ല അവർ സ്വന്തം കഴിവുകളുടെ അന്ധമായ ആരാധകരായി മാറുന്നു. അതുവഴി സഭാ പ്രബോധനങ്ങൾ അവഗണിച്ച് സ്നേഹമില്ലാത്ത പ്രമാണിവർഗമായും സ്വയം പര്യാപ്തമായ സംതൃപ്തരായും മാറുന്നു. മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിനും അടിസ്ഥാനമെന്ന് (റോമ 9:16) തിരിച്ചറിഞ്ഞ് എന്നും നിലനിൽക്കുന്ന രണ്ട് സമ്പത്തുകളെ മുറുകെ പിടിക്കണം. ഒന്ന് കർത്താവ് രണ്ട് നമ്മുടെ അയൽക്കാർ.

മൂന്നാമത്തെ അദ്ധ്യായം സുവിശേഷഭാഗ്യങ്ങളെ കുറിച്ച് പ്രതിബാധിക്കുന്നു. "ഒരു നല്ല ക്രൈസ്തവനാകാൻ എന്തു ചെയ്യണം എന്ന് ആരെങ്കിലും ചോദിച്ചാൽ അതിനുള്ള ഉത്തരമാണ് ക്രിസ്തുവിന്റെ ഗിരിപ്രഭാഷണം. അതാണ് ഒരു ക്രൈസ്തവന്റെ തിരിച്ചറിയൽ രേഖ (നം.63) ഇവിടെ 'ആനന്ദഭരിതർ' അല്ലെങ്കിൽ 'അനുഗ്രഹീതർ' എന്ന വാക്ക് വിശുദ്ധിയുടെ പര്യായമായിത്തീർന്നു. ഇത് ഒഴുക്കിനെതിരെയുള്ള ഒരു ക്രിസ്തുശിഷ്യന്റെ പ്രയാണമാണ്. ഇവിടെ അഷ്ടസൗഭാഗ്യങ്ങളെ വിശുദ്ധിയുമായി ചേർത്ത് പാപ്പ ഇങ്ങനെ വ്യാഖ്യാനിക്കുന്നു. എന്താണ് വിശുദ്ധി? ഹൃദയത്തിൽ ദരിദ്രരായിരിക്കുക; അതാണ് വിശുദ്ധി.

ശാന്തതയോടും വിനയത്തോടുംകൂടി പ്രതികരിക്കുക. മറ്റുള്ളവരോടൊത്ത് വിലപിക്കുന്നതെങ്ങനെയെന്നറിയുക. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുക. കാരുണ്യത്തോടെ എല്ലാം കാണുകയും പ്രവർത്തിക്കുകയും ചെയ്യുക. സ്നേഹത്തെ കളങ്കപ്പെടുത്തുന്നവയിൽ നിന്നെല്ലാം ഹൃദയത്തെ കാത്തുസൂക്ഷിക്കുക. നമുക്ക് ചുറ്റും സമാധാനം വിതയ്ക്കുക. നമുക്ക് പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാമെങ്കിലും അനുദിനം സുവിശേഷത്തിന്റെ പാത സ്വീകരിക്കുക.

ദൈവത്തിന്റെ കണ്ണുകൾക്ക് പ്രീതികരമായ വിശുദ്ധിയും നമ്മുടെ വിധിയുടെ വ്യക്തമായ മാനദണ്ഡവുമാണ് മത്തായി 25:31-46 വരെയുള്ള വാക്യങ്ങൾ. (എനിക്ക് വിശന്നു) ദൈവത്തിന്റെ ഏറ്റവും പ്രീതികരമായ ആരാധനയാണ്, ദൈവത്തിന്റെ മുഖം സഹോദരനിൽ കണ്ട് ശുശ്രൂഷ ചെയ്യുക എന്നത്. നാം മറ്റുള്ളവർക്കായി എന്തു ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ അന്തിമവിധിയും (നം.104) ഇവിടെ കാരുണ്യം തന്നെയാണ് ജീവിതത്തിന്റെ അടിത്തറയും സ്വർഗത്തിന്റെ തണലും (105) അതിനാൽ നാം നമ്മുടെ കാര്യത്തിൽ മാത്രം ഉത്കണ്ഠയുള്ളവരായാൽ മറ്റുള്ളവർക്കായി നമുക്ക് ഒട്ടും സമയം ഉണ്ടാകില്ല എന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു.



ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും വിശുദ്ധിയുടെയും പുതുവഴികളാണ് നാലാമദ്ധ്യായത്തിലെ പ്രധാന പ്രമേയം. ഇവിടെ പാപ്പ അഞ്ചു സമകാലീന രൂപങ്ങൾ വരച്ചുകാട്ടുന്നു. വിശുദ്ധിക്ക് ഓരോ കാലഘട്ടത്തിലും അതിന്റേതായ രൂപങ്ങളുണ്ട്. അപ്പസ്തോലിക ഉദ്ബോധനം സദാകാലവും വിശുദ്ധിയുടെ രൂപം തേടുന്നു. ഇന്നലത്തെ ആകുലതാബോധം, നിഷേധാത്മകത, മുഖപ്രസാദമില്ലാത്ത അവസ്ഥ, ഉപഭോക്തൃ സംസ്കാരം, അക്രമം, ഭയം, സ്വാർത്ഥത എന്നിവയിൽ നിന്നകന്ന് സ്ഥിരോത്സാഹവും ക്ഷമയും ശാന്തതയും അഭ്യസിക്കുക, ആഹ്ലാദത്തിലും നർമ്മബോധത്തിലുമായിരിക്കുക, കൂട്ടായ്മയെ വളർത്തുക, ദൈവത്തിലാശ്രയിച്ച് നിർഭയരായി ജീവിക്കുക, വെല്ലുവിളികളെയും ജീവിതത്തിന്റെ കൊടുംകാറ്റുകളെയും ദൈവത്തിലേക്ക് തിരികെ

*(ശേഷം 31-ാം പേജിൽ)*



ലേഖനം

റോബർട്ട് പനിപ്പിള്ള
ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫ്

പരിസ്ഥിതിയുടെ ഓർമ്മപ്പെടുത്തലുകളുമായി രണ്ടു ദിനങ്ങൾ-2

# സമുദ്രത്തിലെ അമ്ലവൽക്കരണവും കാലാവസ്ഥാവ്യതിയാനവും

സമുദ്രജലത്തിലെ അമ്ലവൽക്കരണത്തിന് (Acidification) വഴിയൊരുക്കുന്ന പലകാരണങ്ങളിൽ ഒന്നാണ് പ്ലാസ്റ്റിക്കുകളുടെ പ്രത്യേകിച്ച് മൈക്രോപ്ലാസ്റ്റിക്കുകളുടെ സാന്നിദ്ധ്യം. മൈക്രോപ്ലാസ്റ്റിക്കിലെ രാസഘടകങ്ങൾ ജലത്തിൽ അലിഞ്ഞ് അമ്ലത കൂട്ടുന്നു. ഭൂമിയുടെ കാലാവസ്ഥ നിയന്ത്രിച്ചു നിർത്തുന്നതിൽ സമുദ്രങ്ങൾ വഹിച്ചു വരുന്ന പങ്ക് തിരിച്ചറിയുമ്പോൾ മാത്രമേ സമുദ്രജലത്തിലുണ്ടാവുന്ന ഇത്തരം മാറ്റങ്ങൾ കരയെയും അതുവഴി മനുഷ്യരെയും മറ്റു ജീവജാലങ്ങളെയും എങ്ങനെ ബാധിക്കുമെന്നത് ബോധ്യമാകു. അമ്ലീകരണം മൂലം സമുദ്രജലം ചൂടു കൂടാനിടയാവുമെന്നും ഇത് സൈക്ലോൺ ഉണ്ടാവാൻ ഇടയാവുമെന്നും ഇക്കഴിഞ്ഞ ഓഖിയുടെ പശ്ചാത്തലത്തിൽ കേരളം ഒത്തിരി ചർച്ച ചെയ്തതാണ്.

കടൽവെള്ളത്തിന്റെ താപനില മാറുമ്പോൾ പലതരം ഉപരിതലമത്സ്യങ്ങളും തീരക്കടൽ വിട്ടു പോകുമെന്നത് പരമ്പരാഗത തൊഴിലാളികളും ശാസ്ത്രജ്ഞരും ഒരുപോലെ സമ്മതിക്കുന്ന കാര്യമാണ്. ഓഖിക്കു മുമ്പുവരെ കേരളം ഒരു സൈക്ലോണിക് സോൺ അല്ലായിരുന്നു. ഓഖിയ്ക്കുശേഷം കഴിഞ്ഞ ആറു മാസത്തിൽ കാലാവസ്ഥാവ്യതിയാനം മൂലമുണ്ടായ കടലേറ്റങ്ങളിൽ മാത്രം കടൽപണിക്കാർക്ക് ഓരോരുത്തർക്കും നാല്പതോളം ദിവസത്തെ തൊഴിൽ നഷ്ടമുണ്ടായി. ഇക്കാലയളവിൽ വർദ്ധിത വീര്യത്തോടെ ഉയർന്ന് ആഞ്ഞടിച്ച തിരമാലകൾ തീരദേശവാസികൾക്കു മാത്രമായി നല്കിയ ദുരന്തദുരിതങ്ങളുടെ കണക്കെടുപ്പ് ഇനിയും അവസാനിച്ചിട്ടില്ല.ഒരർത്ഥത്തിൽ കടലിന്റെ മക്കളുടെ സങ്കീർണ്ണമായ ജീവിതസാഹചര്യങ്ങളിലേയ്ക്ക് കാലാവസ്ഥാവ്യതിയാനം എങ്ങനെ കടന്നുവരുന്നുവെന്ന് കാണിച്ചുതന്ന കണ്ണാടിയാണ് ഓഖി. അവരുടേതല്ലാത്ത കുറ്റത്താൽ കിടപ്പാടമുൾപ്പെടെ ഒരു സമൂഹം കാലങ്ങളായി സമ്പാദിച്ചു വച്ചതു മുഴുവൻ കാലാവസ്ഥാവ്യതിയാനത്താൽ ഇല്ലാതാവുന്നുവെന്ന് അതിനിടവരുത്തുന്ന പൊതു സമൂഹം മുഴുവൻ ചിന്തിക്കേണ്ടതാണ്. കാലാവസ്ഥാമാറ്റങ്ങളോടൊപ്പം തീരത്തിന്റെ സ്വാഭാവിക സന്തുലിതാവസ്ഥയെ തകിടം മറിക്കുന്ന മനുഷ്യ ഇടപെടലുകൾ കൂടിയാവുമ്പോൾ ഇന്ത്യയിൽ ഇന്ന് ഏറ്റവുമേറെ അഭയാർത്ഥികളെ സൃഷ്ടിക്കുന്നയിടങ്ങളായി തീരദേശം അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. കാലാവസ്ഥാ

വ്യതിയാനത്താൽ രൂപപ്പെടുന്ന വമ്പൻ തിരകളുടെ തീരത്തേയ്ക്കുള്ള തള്ളിക്കയറ്റം തീരത്തെ മണലുകളെ കടലിലേയ്ക്കു കൊണ്ടുപോകുമ്പോൾ അത് കടലിന്റെ പരിസ്ഥിതിയെ എങ്ങനെ ബാധിക്കുന്നുവെന്ന് FML കടലിന്റെ അടിത്തട്ടിലെത്തി പഠിക്കുകയുണ്ടായി. കടലടിത്തട്ടിലെ പാരുകൾ മണൽവീണ് മൂടിയ കാഴ്ചകളാണ് അപ്പോൾ ഞങ്ങളെ വരവേറ്റത്. കണ്ണും ക്യാമറയും തുറന്നു വച്ച് ആ കടലിനടിയിലൂടെ സഞ്ചരിക്കുമ്പോൾ ആളനക്കം ഇല്ലാത്ത കൊട്ടാരത്തിലേക്ക് തനിച്ച് കയറിച്ചെന്നതുപോലെ. അവിടെ മീനുകളുടേയോ മറ്റ് ജീവജാലങ്ങളുടേയോ സഞ്ചാരമില്ല. എന്നന്നേയ്ക്കുമായി മൗനത്തിലാണ്ടു പോകുന്ന കടൽ പരിസ്ഥിതിയുടെ നേർകാഴ്ച്ചകൾ(Picture-4).കടലിലെ ജീവജാലങ്ങളിലധികവും അവയുടെ ജനിതക സവിശേഷതകൾ അനുസരിച്ചും കാലാവസ്ഥയും കടലൊഴുക്കുകളും ഉണ്ടാക്കുന്ന ഹൈഡ്രോഗ്രാഫിക് അവസ്ഥയുമായി ബന്ധപ്പെട്ടും അവയുടെ മുട്ടയിടൽ കാലവും പ്രദേശവും ക്രമീകരിക്കുകയാണ് പതിവ്. ആഴം കുറഞ്ഞ കടൽ ഭാഗങ്ങളാണ് ഇവയിലധികവും തെരഞ്ഞെടുക്കുന്നത്. ഓരോ പാരുകളും ലക്ഷോപലക്ഷം കടൽ ജീവജാലങ്ങളുടെ ആവാസയിടങ്ങളാണെന്നിരിക്കെ ചുഴലിക്കാറ്റും കടലേറ്റങ്ങളും ഉണ്ടാകുമ്പോൾ മനുഷ്യനും അവരുടെ സ്വത്തിനും ഉണ്ടാകുന്ന നാശനഷ്ട കണക്കുകൾ മാത്രം എടുക്കുന്നതിലെ യുക്തി മനസ്സിലാകുന്നില്ല.

ഓഖിയെതുടർന്ന് ആഴക്കടലിൽ ആഞ്ഞടിച്ച തിരമാലകളിൽ പെട്ട് മരണത്തിന്റെ തണുത്ത തൊണ്ടയിലേയ്ക്ക് ആഴ്ന്നിറങ്ങി പോയവരുടെ ജീവന് വിലയില്ലെന്നല്ല, കടലിൽ യുദ്ധകളത്തിലെന്നപോലെ പൊരുതി മരിച്ച അവർക്ക് ഒരു സ്മാരകം തന്നെ ഉയരേണ്ടതാണ്. എന്നാൽ സമുദ്രത്തിലുണ്ടാവുന്ന പ്രകൃതി പ്രതിഭാസങ്ങൾ മനുഷ്യനെ മാത്രമല്ല ബാധിക്കുന്നതെന്ന ഓർമ്മപ്പെടുത്തലിനായി പറയുന്നുവെന്നു മാത്രം.

## പ്രേതവലകൾ

2017 ജൂണിൽ യു.എൻ. സംഘടിപ്പിച്ച ലോകസമുദ്രസമ്മേളനത്തിൽ സമുദ്ര പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങളുടെ കൂട്ടത്തിൽ ഏറെ ശ്രദ്ധ നേടിയ വിഷയമാണ് പ്രേതവലകൾ അഥവാ ഗോസ്റ്റ് നെറ്റ്സ്. മീൻ പിടിത്തവലകൾ മീൻപിടിത്തക്കാരന്റെ നിയന്ത്രണത്തിൽ നിന്നും വിട്ട് കടലിൽ ജീവജാലങ്ങൾക്കും ആവാസയിടങ്ങൾക്കും ഭീതിവിതച്ച് അനിശ്ചിതകാലം തുടരുന്നു എന്നതിനാലാണ് ഇവയെ പ്രേതവലകൾ എന്നു വിളിക്കുന്നത്. യു. എന്നിന്റെ കണക്കു പ്രകാരം ആറുലക്ഷത്തിനാല്പതിനായിരം വലകൾ പ്രതിവർഷം നമ്മുടെ സമുദ്രങ്ങളിൽ നഷ്ടപ്പെടുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നു. ഇത് ഓരോ വർഷവും മത്സ്യബന്ധത്തിനായി ഉപയോഗിക്കപ്പെടുന്നതിന്റെ പത്തു ശതമാനം വരുമെന്നാണ് FAO -യുടെ റിപ്പോർട്ടിൽ പറയുന്നത്. CMFRI സെൻസസ്സ് പ്രകാരം 2010-ൽ ഇന്ത്യയിൽ ആകെ ഉപയോഗിച്ച ഒഴുക്കൻ വലകൾ 1,54,008 ആണ്. FAO യുടെ കണക്ക് ശരിയാണെങ്കിൽ ഇക്കഴിഞ്ഞ ഓരോ വർഷവും ശരാശരി 15,400 ഒഴുക്കൻ വലകൾ ഇന്ത്യയിൽ കടലിൽ അകപ്പെടുന്നു. എന്നാൽ കഴിഞ്ഞ ഒന്നര പതിറ്റാണ്ടിനുള്ളിൽ വലകൾക്കു വന്ന മാറ്റം ഈ അവസരത്തിൽ ശ്രദ്ധിക്കപ്പെടേണ്ടതാണ്.അതായത് ചെറുകിട ഒഴുക്കൻവലകൾ (Small Scale) വൻകിട ഒഴുക്കൻ വലകളായി (Large Scale) പരിണമിച്ചു. ശരാശരി 2,500 മീറ്റർ നീളവും 7മീറ്റർ വീതിയും ഉണ്ടായിരുന്ന വലകൾ 15,000 മീറ്റർ നീളവും 18 മീറ്റർ വീതിയുമുള്ളതായി മാറി.

വലകളുടെ നിർമ്മാണവസ്തുക്കളിലുണ്ടായ മാറ്റമാണ് മറ്റൊരു പ്രത്യേകത. 1950 - 60 കൾക്കു മുമ്പ് വരെ നമ്മുടെ വല നിർമ്മാണം കയർ, ചണം, നാര്, പഞ്ഞിനൂല് മുതലായ പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിച്ചുള്ളവ

**സമുദ്രത്തിലെ ഏറ്റവും ജൈവസമ്പന്ന മേഖലകളാണ് തീരകടലിലെ പാരുകൾ. വർണ്ണമത്സ്യങ്ങൾ മാത്രമല്ല കടലിലെ ഒട്ടുമിക്ക ജീവജാലങ്ങളുടെയും പ്രചനന കേന്ദ്രങ്ങളാണിവിടം. വർണ്ണമത്സ്യ കച്ചവട ലോബിയ്ക്കു വേണ്ടി തീരക്കടൽ പാരുകളിൽ വലക്കെണി ഒരുക്കുന്നവരുടെ എണ്ണം നാൾക്കുനാൾ കൂടികൂടി വരുന്നു. ഒപ്പം പാരുകൾ പ്രേതവലകളാൽ മൂടപ്പെടുന്നു.**



യായിരുന്നു. വലകളുടെ നിർമ്മാണത്തിന് ഇന്ന് ഉപയോഗിക്കുന്നതാകട്ടെ ഉയർന്ന പ്രതിശക്തി (High resistent) ഉള്ള അൾട്രാഹൈമോളിക്യൂലാർ വെയിറ്റ് പൊളിയെത്തിലീൻ (Utlra high molicular weight Polethylene UHMWPE) ആണ്. സ്റ്റീലിനെക്കാളും15 ഇരട്ടി ശക്തിയുണ്ട്. അതായത് പോളിത്തീൻ, നൈലോൺ മുതലായ പ്രകൃതിവിരുദ്ധവസ്തുക്കളാൽ നിർമ്മിക്കപ്പെടുന്ന വലകൾ കടലിൽ പ്രേതവലകളായി മാറിയാൽ അവ 600 വർഷം വരെ കടലിലെ ആവാസയിടങ്ങൾക്കും ജൈവസമ്പത്തിനും ഭീഷണിയായി തുടരുമെന്നതാണ് സമുദ്രപരിസ്ഥിതി സംരക്ഷണപ്രവർത്തകരെ ഭീതിയിലാഴ്ത്തുന്നത്. (Picture 5)

കേരളത്തിൽ പ്രത്യേകിച്ച് തിരുവനന്തപുരത്തെ കടലിൽ പ്രേതവലകൾ സമുദ്രപരിസ്ഥിതിക്കു ഉയർത്താൻ പോകുന്ന വെല്ലുവിളിയെപ്പറ്റി എഫ്.എം.എല്ലിനു ആശങ്കയുണ്ട്. ഓഖി ചുഴലിക്കാറ്റിൽ കടലിൽ മുങ്ങിയ നൂറുകണക്കിനു വള്ളങ്ങളിലും ബോട്ടുകളിലും ഉണ്ടായിരുന്ന വലകൾക്ക് എന്തു സംഭവിച്ചുവെന്ന് ആർക്കും ഒരു ധാരണയില്ല. അവയെല്ലാം പ്രേതവലകളായി കടലിനടിയിലെ പാറുകളെ മൂടിയെന്നാണ് കടൽപണിക്കാരുടെ പക്ഷം. പരമ്പരാഗത തൊഴിലാളികൾ രാത്രികാലങ്ങളിൽ കടലിൽ വലയിട്ടു കിടക്കുമ്പോൾ അതുവഴി കടന്നുവരുന്ന കപ്പലുകളും മറ്റും മുറിച്ചു വിടുന്ന വലകളാണ് പ്രേതവലകളുടെ മറ്റൊരു പ്രധാന സ്രോതസ്സ്. വിഴിഞ്ഞം മദർപോർട്ട് പ്രവർത്തനം ആരംഭിക്കുമ്പോൾ ഇന്ന് അദാനി പറയുന്നതുപോലെ ഇവിടേയ്ക്ക് കപ്പലുകളുടെ കുത്തൊഴുക്കുണ്ടായാൽ തിരുവനന്തപുരത്തെ കടൽ പ്രേതവലകളുടെ കേന്ദ്രമായി മാറുമെന്നതിൽ സംശയമില്ല.

ഇക്കഴിഞ്ഞ നാലഞ്ചു വർഷത്തിനിടെ പരമ്പരാഗത മീൻപിടിത്തക്കാർക്കിടയിൽ കണ്ടുവരുന്ന പുതിയ പ്രവണത ഈ പ്രശ്നത്തെ കൂടുതൽ ഗുരുതരമാക്കാനിടയുണ്ട്.കടലിനടിയിലെ മത്സ്യ ആവാസയിടങ്ങളിൽ (പാറുകളിൽ) രാത്രികാലത്ത് പ്രത്യേകതരം ലൈറ്റുകൾ കത്തിച്ച് അവിടെയുള്ള മുഴുവൻ ജീവജാലങ്ങളെയും ആ വെട്ടത്തിലേയ്ക്ക് ആകർഷിച്ചശേഷം രണ്ടു വള്ളങ്ങളിലായി വലയിട്ട് അവയെ ഒന്നടങ്കം വളഞ്ഞുപിടിച്ചെടുക്കുകയാണവർ ചെയ്യുന്നത്. കടലിനടിത്തട്ടിലെ ഒരു സ്വാഭാവിക ആവാസയിടത്തിൽ കാലങ്ങളായി ജീവിച്ചു വരുന്ന ജീവജാലങ്ങളെ ഒന്നടങ്കം ഒറ്റയടിക്കു പിടിച്ചെടുക്കുന്നരീതി ആരു ചെയ്താലും അത് പ്രകൃതിയുടെ മേൽ ചെയ്യുന്ന അരുംകൊലയാണ്. മാത്രമല്ല പാറുകളിൽ വല ഉപയോഗിച്ചുള്ള ഇത്തരം മീൻപിടുത്തം പലപ്പോഴും അവിടെ വല കുടുങ്ങി പ്രേതവലകളായി മാറാൻ ഇടയാകും.

തീരക്കടലിലെ പാറപ്പാരുകളാണ് പ്രേതവലകളാൽ ഭീഷണി നേരിടുന്ന മറ്റൊരു മേഖല. വർണ്ണ മത്സ്യങ്ങളുടെ കച്ചവടം കൊഴുപ്പിക്കാൻ നയതീരുമാനങ്ങൾ എടുക്കുന്നവർ ഈ പ്രശ്നം ഇനിയും വേണ്ടവിധം മനസ്സിലാക്കിയിട്ടില്ല. സമുദ്രത്തിലെ ഏറ്റവും ജൈവസമ്പന്ന മേഖലകളാണ് തീരകടലിലെ പാരുകൾ. വർണ്ണമത്സ്യങ്ങൾ മാത്രമല്ല കടലിലെ ഒട്ടുമിക്ക ജീവജാലങ്ങളുടെയും പ്രചനനകേന്ദ്രങ്ങളാണിവിടം. വർണ്ണമത്സ്യ കച്ചവടലോബിയ്ക്കു വേണ്ടി തീരക്കടൽ പാരുകളിൽ വലക്കെണി ഒരുക്കുന്നവരുടെ എണ്ണം നാൾക്കുനാൾ കൂടികൂടി വരുന്നു. ഒപ്പം പാരുകൾ പ്രേതവലകളാൽ മൂടപ്പെടുന്നു.

പ്രേതവലകൾ എന്ന വിഷയം ലോകശ്രദ്ധയിലേയ്ക്ക് ആദ്യമായി വരുന്നത് 1985 ഏപ്രിലിൽ FAO യുടെ പതിനാറാം സെഷൻ ഇക്കാര്യം ചർച്ച ചെയ്യപ്പെട്ടതോടെയാണ്. തുടർന്ന് വടക്കേ അമേരിക്കൻ രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലും ഇതേപ്പറ്റി ധാരാളം പഠനങ്ങൾ നടന്നു.

എന്നാൽ ഇന്ത്യയിലെ സമുദ്രശാസ്ത്രജ്ഞരുടെ സംഘടന MBAI ഈ വിഷയം ഗൗരവമായി ചർച്ചയ്ക്കെടുക്കുന്നത് ഇക്കൊല്ലം ഏപ്രിൽ 11,12 തിയതികളിൽ COMAD 2018എന്ന പേരിൽ നടന്ന ദേശീയസമ്മേളനത്തിലാണ്.

## എന്താണ് പരിഹാരം

പ്രശ്നപരിഹാരത്തിനായി ആദ്യം വേണ്ടത് ഈ പ്രശ്നത്തിന്റെ സൃഷ്ടാക്കൾ ഇന്നത്തെ തലമുറ, അതായത് നമ്മൾ തന്നെ എന്ന തിരിച്ചറിവാണ്. കാരണം പ്ലാസ്റ്റിക് എന്ന വസ്തു ഭൂമിയിൽ ഉല്പാദിപ്പിച്ചു തുടങ്ങിയിട്ടു പത്തറുപതു വർഷം മാത്രമേ ആയുള്ളു. സമുദ്രങ്ങളിൽ എത്തപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളിൽ 50 ശതമാനം നാം ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന തരം പ്ലാസ്റ്റിക്കുകൾ (Single Use Plastics) ആണെന്നിരിക്കെ, അത്തരം പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളോട് 'കടക്ക് പുറത്ത്'' എന്നു പറയാൻ നാം ഇനിയും വൈകിക്കൂടാ.

സ്ഥിരമായി പ്ലാസ്റ്റിക് കുപ്പിവെള്ളം വാങ്ങി കുടിക്കുന്നവർ അതിനുപകരം മറ്റു മാർഗം കണ്ടെത്തിയാൽ, ഒരു ശീതളപാനീയമോ കരിക്കിൻ വെള്ളമോ കുടിക്കുമ്പോൾ അതിനെ നാക്കിന്റെ രുചിമുകുളങ്ങളിൽ തെടുവിക്കാതെ അണ്ണാക്കിലേയ്ക്കു കടത്തിവിടുന്ന കുഴലിനോടു (സ്ട്രോ) 'നോ' എന്നു പറഞ്ഞാൽ, കുറച്ചു പച്ചക്കറിയും പ



ലഹാരങ്ങളും, മീനും,കപ്പയും വാങ്ങുമ്പോൾ പുനരുപയോഗിക്കാവുന്ന ഒരു കവറോ തുണിസഞ്ചിയോ കരുതുന്നവരായി നാം സ്വയം മാറിയാൽ ഒരു പരിധിവരെ നമുക്കീ വിപത്തിനെ നേരിടാം.

ജലം എന്നത് ഭൂമിയിലെ സകലമാന ജീവജാലങ്ങളുടെയും ആദിമവും അന്തിമവുമായ നിലനിൽപ്പിന്റെ അടിസ്ഥാനമാണെന്ന തിരിച്ചറിവിലൂടെ മാത്രമേ ഇതിന് ശാശ്വത പരിഹാരം ഉണ്ടാവൂ. കരയിലെ വെള്ളം ശുദ്ധമാണെന്നും കടൽവെള്ളം അശുദ്ധമാണെന്നും ആരെക്കെയോ നമ്മെ തെറ്റായി പഠിപ്പിച്ചിരിക്കുന്നു. ആ ഉ

പ്പുവെള്ളത്തിലാണ് പ്രപഞ്ചത്തിൽ ജീവന്റെ തുടിപ്പുള്ള ഒരേ ഒരു ഗൃഹമായ ഭൂമിയിലെ ഏറ്റവും കൂടുതൽ ജീവജാലങ്ങൾ ജീവിക്കുന്നതെന്ന പ്രപഞ്ചസത്യം ഒന്നു മാത്രം മതി ഈ തെറ്റിദ്ധാരണ അകറ്റാൻ. ഇതു മനസ്സിലാക്കണമെങ്കിൽ നാം കണ്ണു തുറന്നു കാണണം, വെറും കണ്ണല്ല അകക്കണ്ണ്. കടൽ നമുക്കുവേണ്ടി എന്തൊക്കെയാണ് ചെയ്യുന്നത്? നാം ജീവൻ നിലനിർത്താൻ പ്രാണവായു സ്വീകരിച്ച് പുറത്തേയ്ക്കു വിടുന്ന കാർബൺഡൈഓക്സൈഡ് അമ്പതുശതമാനത്തോളം ആഗിരണം ചെയ്ത് ഭൂമിയുടെ ജൈവസന്തുലിതാവസ്ഥ നിലനിർത്തുന്നത് സമുദ്രങ്ങളാണ്. ലോകത്തെ മത്സ്യഭുക്കുകളായ നാന്നൂറുകോടിയിലേറെ ജനങ്ങൾക്ക് ആവശ്യമായ പ്രോട്ടീൻ ഭക്ഷണം നല്കുന്നത് സമുദ്രമാണ്. പെട്രോൾ ഉൾപ്പെടെ എണ്ണമറ്റ പ്രകൃതിവിഭവങ്ങൾ നാം ഖനനം ചെയ്തെടുക്കുന്നത് സമുദ്രങ്ങളിൽ നിന്നാണ്. എല്ലാറ്റിനുമുപരി നമ്മുടെ ആരോഗ്യ ഗവേഷണരംഗത്ത് മാരക രോഗങ്ങൾക്കെതിരെയുള്ള ഏറ്റവും പുതിയ മരുന്നുകളുടെ കണ്ടുപിടിത്തം മറൈൻ ബയോടെക്നോളജിയുടെ സംഭാവനയാണ്. സമുദ്രം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളുടെ പരിഹാരം തേടുമ്പോൾ നമുക്ക് മാർഗ്ഗദർശികളാകേണ്ട രാജ്യത്തെ എണ്ണമറ്റ സമുദ്രശാസ്ത്രജ്ഞർ ഇക്കാര്യത്തിൽ എന്തു ചെയ്യുന്നുവെന്നതും ഈ സാഹചര്യത്തിൽ ചിന്തനീയമാണ്. സമുദ്രവുമായി ബന്ധപ്പെട്ട് നാൾക്കുനാൾ ഇവർ പുറത്തു വിടുന്ന ഗവേഷണറിപ്പോർട്ടുകൾ പലതും അക്കാദമിക മികവ് തെളിയിക്കാനല്ലാതെ സമുദ്രം നേരിടുന്ന പ്രശ്നങ്ങൾക്ക്പരിഹാരം നിർദ്ദേശിക്കുന്നവയല്ല. സമുദ്രത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങളും പ്രേതവലകളുമായി ബന്ധപ്പെട്ട് ഇവർക്കുള്ള പരിമിതമായ അറിവുതന്നെ ഏറ്റവും പ്രധാന തെളിവ്. ഏത് മേഖലയിലായാലും ഗവേഷണം നടത്തുന്നവരുടെ പ്രധാന ഉത്തരവാദിത്തം ആ മേഖലയുടെ വികസനത്തോടൊപ്പം സംരക്ഷണവും സുസ്ഥിരതയും ഉറപ്പുവരുത്തുന്നതായിരിക്കണം.

2017 ജൂൺ 8-ാം തിയതി ന്യൂയോർക്കിലെ യു.എന്നിന്റെ സെന്റർ ഹാളിൽ ലോകസമുദ്രങ്ങളുടെ ദിനാചരണചടങ്ങിൽ പങ്കെടുത്തുകൊണ്ട് വിശ്വപ്രശസ്ത ഓഷ്യൻ കൺസർവേഷനിസ്റ്റും കടലിലെ ജൈവവൈവിധ്യത്തെ കുറിച്ച് ജ്ഞാനയോഗിയുമായ മഹാപ്രതിഭ സിൽവിയ ഏർളി ലോകത്തിലെ സമുദ്ര ശാസ്ത്രജ്ഞരോടായി പറഞ്ഞതിങ്ങനെ. 'നിങ്ങൾ കടലിനെപ്പറ്റി നിങ്ങൾക്കാവശ്യമായ അറിവു തേടുന്നത് പുസ്തകങ്ങളിൽ നിന്നോ കമ്പ്യൂട്ടറിൽ നിന്നോ ആണെങ്കിൽ നിങ്ങൾക്കവയോട് വല്ലാത്ത സ്നേഹമുണ്ടാവും, മറിച്ച് സമുദ്രത്തിൽ നിന്നാണെങ്കിൽ സമുദ്രത്തോടും'.


സമുദ്രം നേരിടുന്ന പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാര മാർഗങ്ങൾ ശാസ്ത്രജ്ഞർ നിർദേശിച്ചിട്ടും അതിന് അധികാരികളുടെ ഭാഗത്തു നിന്നും ആവശ്യമായ പിന്തുണ കിട്ടുന്നില്ലെങ്കിൽ ആദ്യം നീക്കം ചെയ്യേണ്ടത് ആ അധികാര മാലിന്യങ്ങളെയാണ്.

കാലം കടലായി പരന്ന് കാറ്റായി തഴുകി ഇനിയും കടന്നു പോകും. അപ്പോൾ ഇവിടെ താമസിക്കാനെത്തുന്ന നമ്മുടെ രക്തത്തിൽ പിറന്ന ഇളം തലമുറകൾക്ക് നാം നൽകുന്ന സമ്മാനം ഇങ്ങനെ പനിപിടിച്ച് ഊർദ്ധ ശ്വാസം വലിക്കുന്ന ഭൂമിയും പ്ലാസ്റ്റിക് മാലിന്യങ്ങളാൽ നിറഞ്ഞും ചുടുപിടിച്ചും ആർത്തലയ്ക്കുന്ന കടലും മണൽമെത്തയില്ലാത്ത തീരവുമായിരിക്കില്ലേ. പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നും സമുദ്രങ്ങളെയും ഭൂമിയെയും സംരക്ഷിക്കാൻ പുനരുപയോഗമില്ലാത്ത പ്ലാസ്റ്റിക്കുകളെങ്കിലും ഉപയോഗിക്കില്ലെന്നു നമുക്കു ഈ അവസരത്തിൽ പ്രതിജ്ഞയെടുക്കാം. ■



2017 ജൂണിൽ യു.എൻ. സംഘടിപ്പിച്ച ലോക സമുദ്രസമ്മേളനത്തിൽ സമുദ്ര പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങളുടെ കൂട്ടത്തിൽ ഏറെ ശ്രദ്ധ നേടിയ വിഷയമാണ് പ്രേതവലകൾ അഥവാ ഗോസ്റ്റ് നെറ്റ്സ്. മീൻ പിടിത്തവലകൾ മീൻ പിടിത്തക്കാരന്റെ നിയന്ത്രണത്തിൽ നിന്നും വിട്ട് കടലിൽ ജീവജാലങ്ങൾക്കും ആവാസയിടങ്ങൾക്കും ഭീതിവിതച്ച് അനിശ്ചിതകാലം തുടരുന്നു എന്നതിനാലാണ് ഇവയെ പ്രേതവലകൾ എന്നു വിളിക്കുന്നത്. യു. എന്നിന്റെ കണക്കു പ്രകാരം ആറുലക്ഷ ത്തിനാല്പതിനായിരം വലകൾ പ്രതിവർഷം നമ്മുടെ സമുദ്രങ്ങളിൽ നഷ്ടപ്പെടുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നു.

## തുടർമഴ




**ബൈബിൾ പരാമർശിത കഥകൾക്ക് വ്യതിരിക്തമായ പുതിയൊരു വായനാഭാഷ്യം ചമയ്ക്കുകയാണ് തുടർമഴ എന്ന പംക്തിയിലൂടെ ഫാ. ലെനിൻ ഫെർണാണ്ടസ്. പുതിയ ആഖ്യാനം കഥകളുടെയോ കഥാപാത്രങ്ങളുടെയോ തനതുഭാവത്തിനും അർത്ഥ–ആശയ ശോഷണത്തിനും തെല്ലും ഇടനൽകുന്നില്ല. കഥാപാത്രങ്ങളുടെ കല്പിത ഭാവശുദ്ധി തനതുഭാവത്തിൽ നിലനിർത്തി കഥാനുബന്ധ കാല–സാഹര്യങ്ങൾക്കനുസൃതമായി കഥാപാത്രങ്ങളെ വ്യാഖ്യാനിക്കുകയാണ് ആഖ്യായകൻ പുതിയ പംക്തിയിലൂടെ.**

**ബൈബിൾ കഥാപാത്രങ്ങളെ കഥയ്ക്കുള്ളിൽ നിന്ന് കൈപിടിച്ച് പുറത്തേക്കു നടത്താനുള്ള ഫാ. ലെനിൻ ഫെർണാണ്ടസിന്റെ ശ്രമം വർധിത ജിജ്ഞാസയുടെ ഒരു വായനാസുഖം പ്രദാനം ചെയ്യുമെന്നതിൽ ആശങ്കയ്ക്ക് ഇടയില്ല.**

# നിലയ്ക്കാത്ത ആരവം

**ലൂക്ക: 7:11–17 നായിനിലെ വിധവയുടെ മകനെ പുനർജ്ജീവിപ്പിക്കുന്നു എന്ന സുവിശേഷ സംഭവമാണ് ഈ കഥയ്ക്ക് ആധാരം.**

ലെവിയോന്റെ നിർത്താത്ത ചുമകേട്ട് അവളുടെ നെഞ്ചുപിടയുന്നുണ്ടായിരുന്നു. ഇതുപോലെ അവളുടെ എല്ലാമെല്ലാമായിരുന്ന ഭർത്താവും വർഷങ്ങൾക്കുമുൻപ് നിർത്താതെ ചുമച്ചത് അവൾ ഭയപ്പാടോടെ ഓർത്തു. ഒരു തണുത്ത പ്രഭാതത്തിൽ വിറങ്ങലിച്ചു നിശ്ചലമായി കിടന്നിരുന്ന തന്റെ എല്ലാമെല്ലാമായിരുന്ന യൂദാ യുടെ ശവശരീരം കെട്ടിപ്പിടിച്ച് അവൾ അലറിവിളിച്ചു കരഞ്ഞപ്പോൾ ഒന്നുമറിയാതെ കുഞ്ഞു ലെവിയോൺ മുട്ടിലിഴഞ്ഞ് അവളുടെ അടുത്തെത്തി. അവനന്ന് ഒരു വയസ്സും രണ്ടുമാസവും പ്രായം. കരയുന്ന അമ്മയെ ആശ്വസിപ്പിക്കാനെന്നോണം അവന്റെ കുഞ്ഞി കൈകൾ അവളെ വരിഞ്ഞുമുറുകി. അവനൊന്നും മനസ്സിലായിരുന്നില്ല. അവനിനി അപ്പാ എന്നുവിളിക്കാൻ ആരുമില്ല എന്നവൻ തിരിച്ചറിഞ്ഞിരുന്നില്ല. അവന് വേണ്ടിയിരുന്നത് എന്നും കിട്ടുന്ന അമ്മയുടെ മുലപ്പാലായിരുന്നു. ഉള്ളാകെ പിടഞ്ഞിരുന്ന എന്റെ നെഞ്ചിൽ നിന്നും ഊറിയിറങ്ങിയത് മുലപ്പാലോ അതോ വിഷാദത്തിന്റെ വിഷമോ? ആ കടുത്ത വിഷം ഇന്നിതാ എന്റെ ജീവിതാരാമത്തെയും തട്ടിയെടുക്കുന്നു.



അമ്മ എല്ലാമറിയുന്നു അവളിൽ അന്തർജ്ഞാനമുണ്ട്. അവളുടെ അകക്കണ്ണുകൾ എപ്പോഴും തുറന്നിരിക്കുന്നു. വടക്കുനിന്നടിക്കുന്ന കാറ്റിൽ മരണത്തിന്റെ മണമുണ്ടെന്ന് അവൾക്കുമാത്രമേ തിരിച്ചറിവുണ്ടായുള്ളൂ. അവൾ പിടഞ്ഞെഴുന്നേറ്റ് ഒരു മിന്നൽപോലെ തിരിഞ്ഞ് അവളുടെ എല്ലാമെല്ലാമായ മകനെ കെട്ടിപ്പിടിച്ചു.


നിന്നെ ഞാൻ വിട്ടുകൊടുക്കില്ല - നിന്നെ ഞാൻ വിട്ടുകൊടുക്കില്ല, അവൾ പിറുപിറുത്തു. അമ്മ എന്താ പറഞ്ഞത്?

ഏയ് ഒന്നുമില്ല കുട്ടാ, നാളെ ഞാൻ നിനക്കേറ്റവും ഇഷ്ടമുള്ള ബാർലിയപ്പം ചുട്ട് മുട്ടനാടിന്റെ ഇറച്ചിയും കൂട്ടി അത്താഴം തരാം.

അമ്മേ എനിക്കൊന്നും കഴിക്കാൻ തോന്നുന്നില്ല. രുചിയൊട്ടും തിരിച്ചറിയുന്നില്ല, ഉമിനീര് എന്റെ വായിൽ ഇല്ലാത്തതുപോലെ.

അത് നിന്റെ തോന്നലാ കുട്ടാ, എല്ലാം തിരികെ വരും. നിന്റെ കളിയും ചിരിയും എല്ലാം. നിന്റെ കൂട്ടുകാരൊക്കെ ഇവിടെ വരാറുള്ളതുപോലെ വരും. നിനക്കൊപ്പം വയലേലകളിൽ ചുറ്റിക്കറങ്ങാൻ അവർ കാത്തിരിക്കുന്നു.

അപ്പോഴും അവളവനെ മുറുകെ പിടിക്കുന്നുണ്ടായിരുന്നു. ആർക്കും ഒന്നിനും നിന്നെ വിട്ടുകൊടുക്കില്ല എന്ന ഭാവത്തിൽ തന്നെ. അതുമാത്രം ലെ



വിയോനു മനസ്സിലായില്ല എന്തിനാണ് അമ്മ എന്നെ ഇത്രയും ഇറുക്കിപ്പിടിച്ചിരിക്കുന്നത് എന്ന്. അവർ ഇരുവരും ഉറങ്ങി. പ്രഭാതത്തിൽ അവൾ ഉറക്കമുണർന്നതും അവന്റെ നിർത്താത്ത ചുമ കേട്ടുതന്നെ.

അടുത്ത ഒരാഴ്ച അവനിഷ്ടമുള്ളതെല്ലാം അവൾ ചെയ്തുകൊടുത്തു. വയലേലകളിലൂടെ കൊണ്ടുനടന്നു. മുന്തിരിപ്പഴം ഇറുത്തു കഴിക്കാൻ കൊടുത്തു. ഇടയ്ക്കവൾ ഒരു പ്രവാചകനെ കുറിച്ചും പറഞ്ഞുകൊടുത്തു. തൊട്ടടുത്ത് ഗലീലി പട്ടണത്തിൽ ഒരു കുഷ്ഠരോഗിയെ അവൻ സുഖപ്പെടുത്തിയ കഥ. ലെവിയോൺ ചോദിച്ചു, "അവൻ ഇങ്ങോട്ടെങ്ങാനും വരുമോ അമ്മേ?" അറിയില്ല, വന്നിരുന്നെങ്കിൽ മതിയായിരുന്നു. അവളും പറഞ്ഞു. ലെവിയോനും ചിലതൊക്കെ ഊഹിക്കുന്നുണ്ടായിരുന്നു. ഇതുവരെ കാണാത്തൊരു ഭയം അമ്മയുടെ മുഖത്തുണ്ട്. ഇടിമിന്നൽ കേട്ട് പേടിക്കുന്ന കുട്ടിയെപ്പോലെയായി അവൾ. ഒടുവിൽ അവൾ ഭയപ്പെട്ടതു തന്നെ സംഭവിച്ചു. അവളുടെ മകന് ശ്വാസം മാത്രം ശേഷിച്ചു. ചലനമില്ലാതായി. നാട്ടുവൈദ്യൻ വീട്ടിലെത്തി അവസാന ശ്രമം നടത്തുമ്പോഴും ആളുകൾ സഹതപിച്ച് വീട്ടിൽ കയറിയിറങ്ങി അവനെ കാണുമ്പോഴും തളർന്നിരുന്ന് അവൾ ശൂന്യതയിലേക്കു തന്നെ നോക്കിക്കൊണ്ടിരുന്നു. അവൻ നടന്ന കുന്നിൻ ചെരിവുകളും അവളുടെ കണ്ണിൽ നിന്നും കുസൃതിയോടെ ഓടിമറഞ്ഞ് ഒളിച്ചുനിന്ന പൈൻമരങ്ങളും, കുട്ടികൾക്കിടയിലെ കളികളിൽ കേമനായി ഒലിവിലകൊണ്ടുണ്ടാക്കിയ തൊപ്പിയുമായി അവൻ ഓടിവന്നതും, വിയർപ്പുകണങ്ങളാൽ നിറഞ്ഞ അവന്റെ മുടിയിഴകൾ കൈവിരലുകൾ കൊണ്ട് കോതിയൊതുക്കിയതും, ഉറങ്ങും മുൻപവൻ കൊടുത്ത ഉമ്മയും ഒക്കെ ഒരു ദുഃഖകാവ്യം പോലെ അവളുടെ മിഴികളിലൂടെ പോയ്മറഞ്ഞു.

ഒടുവിൽ എല്ലാം പൂർത്തിയായി, ലെവിയോൻ മരിച്ചു. അടക്കിവച്ചിരുന്ന കണ്ണുനീർ അണപൊട്ടി ഒഴുകി. താണുപോയ സ്വരം ഒരലർച്ചയായിമാറി. നിലവിളികളുടെയും സഹതാപകണ്ണുകളുടെയും മദ്ധ്യേ ഈ ഭൂമിയിൽ എന്നെ നിരാലംബയാക്കി വിട്ടുപോയ എന്റെ ഭർത്താവിന്റേയും മകന്റേയും ഒപ്പം കാലങ്ങളായി പൈതൃകമായി കിട്ടിയ ഏകദൈവമായ യഹോവ എന്ന സങ്കല്പവും എന്റെ ഹൃദയ കൂടാരം വിട്ട് പടിയിറങ്ങട്ടെ.... എന്തിനീ ദൈവം?

ദുസ്വപ്നങ്ങളുടെ പിടിയിൽ ഏകാന്തതയുടെ കയങ്ങളിൽ എന്നെ വലിച്ചെറിഞ്ഞ ഈ ദൈവത്തിനെന്തിന് നേർച്ചകാഴ്ചകൾ അർപ്പിക്കണം?

ഒരാത്മധൈര്യം അവൾക്കുകിട്ടി നഗരത്തിന് വെളിയിലെ ശ്മശാന ഭൂമിയിലേക്ക്. മകന്റെ ശവവുമായി വലിയ ജനാവലിയുടെ അകമ്പടിയോടെ അവൾ നടന്നുനീങ്ങി. ശൂന്യതയിലേക്കു തന്നെ അവളുടെ കണ്ണുനീർ ഇറ്റിറ്റുവീഴുന്നുണ്ടായിരുന്നു. ആരോ അപ്പോൾ വിളിച്ചുപറഞ്ഞു, നസ്രായനായ യേശു അതാ വരുന്നു. പെട്ടെന്ന് യേശു ശിഷ്യന്മാരുമായെത്തി. അവളുടെ ഹൃദയ വിചാരങ്ങൾ യേശു ഞൊടിയിടയിൽ തന്നെ വായിച്ചെടുത്തു. ഏകയായി തന്നെയും കാത്ത് വീട്ടിലിരിക്കുന്ന മറിയത്തിന്റെ ദുഃഖമാണ് അവന്റെ ചിന്തകളിലെത്തിയത്. എത്രയും പെട്ടെന്ന് ഒരുനാൾ ഈ വേദന അവളും അനുഭവിക്കും. അന്നവൾ പുത്രന്റെ കുരിശുമരണത്തെ ദൈവത്തിന്റെ തിരുവിഷ്ടമായെടുക്കും. ഈ പാവം സ്ത്രീക്ക് അമ്മയോളം ദൈവകൃപയില്ലാത്തതുകൊണ്ട് ഞാനിവളോട് പൊറുത്ത് ഇവൾക്കുവേണ്ടത് കൊടുക്കും, യേശു ആത്മഗതം ചെയ്തു. ജനം ഇന്നോളം കാണാത്ത ഒന്നു സംഭവിച്ചു, മരണക്കിടക്കയിൽ നിന്ന് ഒരുവൻ പുനർജ്ജനിച്ചു. ഒരു ജനാവലി മുഴുവൻ അവന്റെ മുൻപിൽ സ്തബ്ധരായി നിന്നു. ഇതു കണ്ടവരെല്ലാം പരിഭ്രമിച്ചു, ചിലർ ഉറക്കെ ദൈവത്തെ പുകഴ്ത്തി, ചിലർ അലറി അലറിക്കരഞ്ഞു, ചിലർ ഭയം കൊണ്ട് വിറച്ചു. അത്ഭുതം ഇതത്ഭുതം എല്ലാവരും ആവേശത്തോടെ ആർത്തുവിളിച്ചു.

ഒടുവിൽ ആരവങ്ങൾക്കിടയിൽ നിന്ന് പിൻവാങ്ങുമ്പോഴാണ് അവൻ അറിഞ്ഞത്, ആരോ തന്റെ കാലിൽ കെട്ടിപ്പിടിച്ചുകിടക്കുന്നു. അവളുടെ കണ്ണുനീരിന്റെ നനവ് അവന്റെ പാദങ്ങളെ കൂടുതൽ ചലനാത്മകമാക്കി വീണ്ടും ജീവിത പ്രളയങ്ങളുടെ ഇരമ്പലുകളിലേക്ക് അവൻ നടന്നുപോയി. നായിനിലെ വിധവയും മകനും നിലയ്ക്കാത്ത ആരവങ്ങളുടെ ശുഭദിനങ്ങളിലേക്കും. ■

## അജപാലനം

ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ



# ദിവ്യബലിയിലെ വിവിധ ഭാഗങ്ങൾ

*(കഴിഞ്ഞ ലക്കം തുടർച്ച)*

### 3. സ്തോത്രയാഗകർമ്മം

കാഴ്ചവയ്പ്പ് പ്രദക്ഷിണം, കാഴ്ചദ്രവ്യങ്ങളൊരുക്കൽ, നൈവേദ്യപ്രാർഥന, ആമുഖഗീതി, സ്തോത്രയാഗപ്രാർഥന, ദിവ്യകാരുണ്യസ്വീകരണകർമ്മം, ദിവ്യഭോജനപ്രാർഥന എന്നിവയാണ് ദിവ്യബലിയിലെ മൂന്നാം ഭാഗത്തിലുള്ളത്. യാഗദൈവവചനമാകുന്ന വാളുകൊണ്ട് മനമാകുന്ന നിലം വെട്ടിയൊരുക്കിയ ശേഷം വിശ്വാസികൾ ദൈവത്തിന്റെ രക്ഷ സാധ്യമാക്കിയ കിസ്തുവിന്റെ പാവനമായ ബലി അർപ്പിക്കുവാനായി ഒരുങ്ങുന്നു. "തിരുവത്താഴ സമയത്ത് ക്രിസ്തുനാഥൻ പെസഹാ ബലിയും പെസഹാവിരുന്നും സ്ഥാപിച്ചു. ഈ വിരുന്നിൽ പുരോഹിതൻ, കർത്താവായ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്തുകൊണ്ട്, അവിടുന്നു ചെയ്തതും തന്റെ ഓർമ്മയ്ക്കായി ചെയ്യുന്നതിന് ശിഷ്യന്മാരെ ഏല്പിച്ചു കൊടുത്തതുമായ ദൗത്യം നിറവേറ്റുമ്പോൾ കുരിശിലെ ബലി തിരുസഭയിൽ ഇടവിടാതെ പുനരാവിഷ്കരിക്കപ്പെടുന്നു" (GIRM 72).



ക്രിസ്തുവിന്റെ പീഡാസഹനവും മരണവും ഉത്ഥാനവുംപോലെ പിതാവിന് പുത്രനായ ക്രിസ്തു പരിശുദ്ധാത്മാവ് വഴി അർപ്പിക്കുന്ന ബലിയാണ് ഈ സ്തോത്രയാഗകർമ്മത്തിൽ അർപ്പിക്കപ്പെടുന്നത്. പിതാവിന് അർപ്പിക്കുന്ന ഈ യാഗം നമുക്ക് ബലിമദ്ധ്യേ തന്നെ സമ്മാനമായി തിരികെ ലഭിക്കുന്നു. ക്രിസ്തുവിന്റെ ബലി എങ്ങനെയാണ് നമ്മുടെ ബലിയാകുന്നത്? വൈദീകൻ സ്തോത്രയാഗമർപ്പിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ദൈവജനത്തിനും കൂടിയാണ് ചൊല്ലുന്നത്. 'നമുക്ക്' എന്ന് ഉദ്ധരിച്ചുകൊണ്ട് ക്രിസ്തുവിന്റെ സ്ഥാനത്തുനിന്ന് വൈദീകൻ പ്രാർത്ഥിക്കുമ്പോൾ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും ക്രിസ്തുവിനോട് ചേർന്ന് ഈ ബലിയിൽ സഹകാർമ്മികരാകുന്നു. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാൻ നാം നടത്തുന്ന വ്യക്തിപരമായ ശ്രമങ്ങളും നമ്മുടെ ജീവനെ തന്നെയും നാം ദൈവതിരുമുമ്പിൽ സമർപ്പിക്കുന്നു. ക്രിസ്തുവിനെ പോലെ ആകുവാനും ഒരുമയുള്ള വിശ്വാസസമൂഹമായി സുവിശേഷം പ്രസംഗിക്കുവാനും കാരുണ്യ പ്രവർത്തികൾ ചെയ്യുവാനുമുള്ള ഊർജ്ജം സംഭരിക്കുവാൻ നാം ഒരുമിച്ച് പ്രാർത്ഥിക്കുന്നു. കർത്തൃപ്രാർത്ഥനയോടു കൂടി ദിവ്യകാരുണ്യസ്വീകരണ കർമ്മത്തിലോട്ടു നാം പ്രവേശിക്കുകയും തുടർന്ന് സഭാംഗങ്ങൾക്കിടയിലും മനുഷ്യർക്കിടയിലും സമാധാനവും ഐക്യവും രൂപപ്പെടുവാനുമായി പ്രാർത്ഥിക്കുന്നു. ദിവ്യകാരുണ്യസ്വീകരണത്തിലൂടെ കർത്താവിന്റെ വിരുന്നിൽ നാം പങ്കുകൊള്ളുന്നു.

### 4. സമാപനകർമ്മം

സമാപന കർമ്മങ്ങൾ താഴെ പറയുന്നവ ഉൾക്കൊള്ളുന്നു: അറിയിപ്പുകൾ, ആശീർവാദം, ജനങ്ങളെ പറഞ്ഞയയ്ക്കൽ, അൾത്താരവണക്കം. ദിവ്യബലിയിൽ പങ്കെടുത്തുകൊണ്ട് മാത്രം തീരുന്നതല്ല നമ്മുടെ ദൗത്യം. ദിവ്യബലിയെ തുടർന്നുള്ള നമ്മുടെ ദൗത്യത്തെ ഓർമ്മപ്പെടുത്തലാണ് "സമാധാനത്തിൽ പോകുവിൻ" എന്ന വൈദീകന്റെ ആഹ്വാനത്തിൽ ഉൾക്കൊണ്ടിരിക്കുന്നത്. മറ്റുള്ളവർക്കായി ശരീരം മുറിക്കുവാനും രക്തം ചിന്തുവാനും നാം തയ്യാറാകുമ്പോൾ മാത്രമേ ദിവ്യബലി പൂർണ്ണമാവുകയുള്ളൂ.

### ഉപസംഹാരം

ദിവ്യബലിയിൽ പങ്കെടുക്കുമ്പോൾ ശാന്തമായ ഒരു അന്തരീക്ഷം ഉണ്ടാക്കുകയും "ശാന്തമാവുക ഞാൻ ദൈവമാണെന്നറിയുക" (സങ്കീ 46:10) എന്ന ദൈവവചനം കർത്താവ് പറഞ്ഞത് നാം ഓർക്കുകയും ചെയ്യണം. ദിവ്യബലി അർപ്പിക്കുവാൻ വരുമ്പോൾ പരിവർത്തനത്തിനുള്ള സന്നദ്ധതയും തുറവിയും നമ്മിൽ ഉണ്ടാവണം. നിസ്സംഗതാ മനോഭാവമാണ് നമ്മിൽ ഉള്ളതെങ്കിൽ ഈ മാറ്റം ഫലമണിയുകയില്ല. വിതക്കാരന്റെ ഉപമയിൽ വിത്തിന് നല്ല മണ്ണ് ആവശ്യമായിരുന്നു എന്ന് ഓർക്കുക. ക്രിസ്തു പറയുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നപോലെ അവന്റെ പ്രതിബിംബങ്ങളായി വർത്തിക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. യേശുവിനെയും അവിടുത്തെ വചനത്തെയും അറിയുകയും അവിടുന്നു പ്രഘോഷിച്ചതും ജീവിച്ചതും പ്രാവർത്തികമാക്കുകയും ചെയ്യുക വഴിയാണ് നാം യഥാർത്ഥ ക്രിസ്തു ശിഷ്യരായിതീരുന്നത്.



# അടിസ്ഥാന ക്രൈസ്തവ സമൂഹം

ഫാ. മൈക്കിൾ തോമസ്
ബിസിസി എക്സി. സെക്രട്ടറി

# കൂദാശ പരികർമ്മങ്ങളുടെ വിവേചനാധികാരം ഇടവകവികാരിയിൽ നിക്ഷിപ്തം

നമ്മുടെ അതിരൂപതയിലെ നിലവിലിരിക്കുന്ന സംവിധാനമനുസരിച്ച് ഇടവകയുടെ അജപാലനപരവും ഭരണപരവുമായ പ്രവർത്തനങ്ങളിൽ ഇടവക വികാരിയെ സഹായിക്കുന്നത് ഇടവക കൗൺസിലും ധനകാര്യസമിതിയുമാണ്. പ്രത്യേകിച്ച് ഉന്നത നയരൂപീകരണസമിതി എന്നു വിശേഷിപ്പിക്കപ്പെടുന്നതും ഇടവകയുടെ ഭരണപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുവാൻ ചുമതലയുള്ളതുമായ സമിതി ഇടവക കൗൺസിലാണ്. എന്നിരിക്കിലും ഈ അടുത്ത കുറെ നാളുകളായി പല ഇടവകകളിലും ഇടവക കൗൺസിൽ അംഗങ്ങൾ തങ്ങളുടെ യഥാർത്ഥ കടമകളും ഉത്തരവാദിത്തങ്ങളും ശരിയായ രീതിയിൽ മനസിലാക്കാതെ സ്ഥാപിത ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുകയും സമ്മർദ്ദമുറകളിലൂടെ ഇടവകയുടെ കൗദാശിക പരികർമ്മ കാര്യങ്ങളിൽ അനാവശ്യമായി ഇടപെട്ടുകൊണ്ട് തടസ്സം സൃഷ്ടിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി മനസിലാക്കുന്നു.

ഇടവക കൗൺസിൽ അംഗങ്ങളെ അടിസ്ഥാന ക്രൈസ്തവസമൂഹങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നതിനാൽ പലപ്പോഴും കൗൺസിൽ അംഗങ്ങളുടെ ക്രിസ്തീയ വിശ്വാസ ചൈതന്യവും ഉദ്ദേശശുദ്ധിയും മറന്നുള്ള പ്രവർത്തനങ്ങളെ ബിസിസിയുടെ പരാജയമായി ചിത്രീകരിക്കപ്പെടുന്നു.

ഇടവക കൗൺസിലിന്റെ സുഗമമായ പ്രവർത്തനത്തിന് ഇടവക വികാരിയും ഇടവക കൗൺസിൽ അംഗങ്ങളും തമ്മിൽ പരസ്പരം മനസിലാക്കിക്കൊണ്ടുള്ള ആരോഗ്യകരമായ ഒരു ബന്ധം നിലനിർത്തേണ്ടത് അനിവാര്യമാണ്. ഈ ബന്ധത്തിന്റെ അടിസ്ഥാനമായി ഇടവകകൗൺസിലിനെ സംബന്ധിക്കുന്ന നിയമാവലിയുടെ 8-ാം നമ്പറിലെ ആശയത്തെ കാണാവുന്നതാണ്. "കൗൺസിലിന്റെ നിർദ്ദേശങ്ങളും ശുപാർശകളും വികാരിയെ സംബന്ധിച്ചിടത്തോളം ഉപദേശരൂപേണയുള്ളതാണ്. വികാരിയുടെ മേൽ നിയമപ്രാബല്യമുള്ള ഏതെങ്കിലും ബാധ്യത ചുമത്തുന്നതിന് കൗൺസിലിന് അധികാരമില്ല (കാനോൻ 536/2). എന്നാൽ കൗൺസിൽ നൽകുന്ന സൃഷ്ടിപരമായ നിർദ്ദേശങ്ങളും ശുപാർശകളും ഗൗരവബുദ്ധിയോടെ പരിഗണിക്കുന്നതിനും അർഹമായ പ്രാധാന്യം നൽകി അവ നടപ്പിൽ വരുത്തുന്നതിനും വികാരി പരിശ്രമിക്കേണ്ടതാണ്."

പ്രസ്തുത നിയമാവലിയിലെ നാലാമത്തെ സെക്ഷനിൽ 9 മുതൽ 15 വരെയുള്ള നമ്പരുകൾ ഇടവകകൗൺസിലിന്റെ ദൗത്യത്തെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നു. അതിൽ 9, 10, 11 നമ്പരുകൾ ഏറെ ശ്രദ്ധേയമാണ്.

9. ദൈവവചനം പ്രചരിപ്പിക്കുക, മിഷൻ ചൈതന്യം പ്രോത്സാഹിപ്പിക്കുക, തിരുകർമ്മങ്ങളിൽ സഭാംഗങ്ങളുടെ ഭാഗഭാഗിത്വം മെച്ചപ്പെടുത്തുക, കെട്ടുറപ്പുള്ള ക്രിസ്തീയ കുടുംബങ്ങൾ രൂപീകരിക്കാൻ സഹായിക്കുക.

10. ഇടവകയിൽ സമാധാനം നിലനിർത്തുന്നതിനും ഇടവകാംഗങ്ങൾ തമ്മിൽ നല്ല ബന്ധം പുലർത്തുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും പരിശ്രമിക്കുക.

11. ഇടവകയിലെ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും മതബോധനം നൽകുന്നതിന് പ്രചോദനവും നേതൃത്വവും നൽകുക.

ഇവയാണ് ഇടവകകൗൺസിലിന്റെ പ്രധാന ദൗത്യമെന്നിരിക്കെ പലപ്പോഴും ഇവയെ അവഗണിച്ചുകൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾക്കും നിയമനങ്ങൾക്കും അമിത പ്രാധാന്യം നൽകി സ്ഥാപിത താല്പര്യത്തോടെ പ്രവർത്തിക്കുന്നതായി കാണപ്പെടുന്നു. കൂടാതെ ഇടവക വികാരിയും കൗൺസിൽ അംഗങ്ങളും യൂണിറ്റ് ഭാരവാഹികളും തമ്മിലുണ്ടാകുന്ന മറ്റൊരു പ്രധാന പ്രശ്നം കൂദാശകളുടെ പരികർമ്മങ്ങളെക്കുറിച്ചാണ്. ഇടവകാംഗങ്ങൾക്ക് കൂദാശ പരികർമ്മം ചെയ്യുന്നത് സംബന്ധിച്ച് അവരുടെ സ്ഥിതിവിവരം വസ്തുനിഷ്ഠമായി വിലയിരുത്തിക്കൊണ്ട് കൗൺസിൽ അംഗങ്ങൾക്ക് ശുപാർശ നൽകാവുന്നതാണ്. എന്നാൽ അന്തിമ തീരുമാനം എപ്പോഴും വികാരിയച്ചന്റേതായിരിക്കും. കൂദാശ സ്വീകരിക്കുവാൻ ആഗ്രഹിക്കുന്ന അംഗം ശരിയായി ഒരുങ്ങിയിട്ടുണ്ടെന്നും കാനോനിക നിയമങ്ങളും സഭയുടെയും അതിരൂപതയിൽ നിലനിൽക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിക്കൊണ്ടാണ് ഇടവക വികാരി അന്തിമ തീരുമാനം എടുക്കുന്നത്.

ഈ സാഹചര്യത്തിൽ യാതൊരു കാരണവശാലും സമ്മർദ്ദമുറകളിലൂടെയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ വികാരിയച്ചനെ ഒരു ഇടവകാംഗത്തിന് കൂദാശ നൽകുവാൻ നിർബന്ധിക്കാനോ, നൽകുന്നതിൽ നിന്ന് വികാരിയെ തടയുവാനോ ഇടവക കൗൺസിലിന് അധികാരമില്ല. വികാരിയച്ചന്റെ പൂർണ്ണ വിവേചനാധികാരത്തോടെ ചെയ്യേണ്ടുന്ന ഒരു കാര്യമാണ് കൂദാശകളുടെ പരികർമ്മം.

ഇടവകയിൽ സേവനമനുഷ്ഠിക്കുന്ന വൈദികരും സന്യസ്തരും കൗൺസിൽ അംഗങ്ങളും ഉത്തമ ബോധ്യത്തോടെ പരസ്പരം ആദരിച്ചും മനസിലാക്കിയും പ്രവർത്തിക്കാം.

# വാർത്തകൾ

## കൗൺസിലിംഗ് ഇൻ സൈക്കോളജി

തിരുവനന്തപുരം: അതിരൂപതയിൽ കുടുംബപ്രേഷിത ശുശ്രൂഷയുടെ സ്പിരിച്വൽ കൗൺസിലിംഗ് സെന്ററിൽ നടന്നു വരുന്ന സർട്ടിഫിക്കറ്റ് ഇൻ സൈക്കോളജി കൗൺസിലിംഗ് കോഴ്സിന്റെ മൂന്നാം ബാച്ചിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

ജൂലൈ മാസം ആരംഭിക്കുന്ന കേന്ദ്ര-കേരള സർക്കാരുകളുടെ അംഗീകാരത്തോടെയുള്ള കോഴ്സിന്റെ പഠന കാലയളവ് ആറുമാസമായിരിക്കും. പ്ലസ് ടുവും തത്തുല്യ യോഗ്യതയും ഉള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാനത്തീയതി ജൂലൈ 10 ആയിരിക്കും.

പ്രോസ്പെക്ടസിനും വിശദവിവരങ്ങൾക്കും wwws.rc.kerala.gov.in, wwws.rcccin എന്നീ വെബ്സൈറ്റുകളിലോ 8281123941, 9387296213 എന്നീ നമ്പരുകളിലോ, വെള്ളയമ്പലത്ത് പ്രവർത്തിക്കുന്ന കുടുംബപ്രേഷിത ശുശ്രൂഷയുടെ ഓഫിസിലോ, നന്ദാവനത്തു പ്രവർത്തിക്കുന്ന SRC യുടെ ഓഫീസിലോ നേരിട്ട് അന്വേഷിക്കേണ്ടതാണ്.

## എംഎ ഫിലോസഫിയിൽ ഒന്നാം റാങ്ക്



കേരള സർവകലാശാല എംഎ ഫിലോസഫിയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ വിന്നി പോൾ ഫെർണാണ്ടസ്, മുരുക്കുംപുഴ ഇടവകാംഗം പോൾ ഫെർണാണ്ടസിന്റെയും പെട്രീഷ്യ പോളിന്റെയും മകളാണ് വിന്നി.

# ഓഖി ദുരന്തം: വരുമാനദായക പദ്ധതി ഉദ്ഘാടനം ചെയ്തു



*ഓഖി ദുരിതബാധിതർക്ക് ടിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന വരുമാനദായക പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി മേഴ്സിക്കുട്ടിയമ്മ നിർവ്വഹിക്കുന്നു.*

തിരുവനന്തപുരം: ഓഖി ദുരന്തത്തിൽപ്പെട്ട് കാണാതായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായുള്ള വിദ്യാഭ്യാസ പാക്കേജ് ഉടൻ പ്രഖ്യാപിക്കുമെന്ന് ഫിഷറീസ് മന്ത്രി ജെ.മേഴ്സുകുട്ടിയമ്മ.

ഓഖി ദുരന്തത്തിൽപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കായി തിരുവനന്തപുരം ലത്തീൻ അതിരൂപത തയ്യാറാക്കിയ വരുമാനദായക പദ്ധതി ധനസഹായ വിതരണം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

ഓഖി ദുരന്തത്തെ തുടർന്നുള്ള പുനരധിവാസ പദ്ധതികളിൽ സർക്കാരിന്റെ ആത്മാർത്ഥതയെ ഒരിക്കലും സഭ ചോദ്യം ചെയ്തിട്ടില്ലെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച തിരുവനന്തപുരം അതിരൂപതാ മെത്രാപ്പൊലീത്ത ഡോ. എം.സൂസപാക്യം പറഞ്ഞു.

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുവേണ്ടി നിൽക്കാനുള്ള സർക്കാരിന്റെ മനോഭാവം പ്രശംസനീയമാണ്. സർക്കാരും സന്നദ്ധസംഘടനകളും ഒരുമിച്ച് കൈകോർത്താൽ കൂടുതൽ മികവുറ്റ പ്രവർത്തനങ്ങൾ നടത്താനാകുമെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു.

ചടങ്ങിൽ ഓഖി പ്രോജക്ട് കോ-ഓർഡിനേറ്റർ ഫാ. തീയോഡേഷ്യസ്, ടിഎസ്എസ്എസ് ഫെറോനാ കോ-ഓർഡിനേറ്റർ ഫാ. ജസ്റ്റിൻ ജൂഡിൻ, സാമൂഹ്യ ശുശ്രൂഷാ ഡയറക്ടർ ഫാ. ടി. ലെനിൻരാജ്, കോവളം ഫെറോനാ വികാരി റവ. ഡോ. ബിബിൻസൺ എന്നിവർ പ്രസംഗിച്ചു.

## വിവാഹ ഒരുക്ക സെമിനാർ

തിരുവനന്തപുരം: വിവാഹ ഒരുക്ക സെമിനാറിന് പങ്കെടുക്കുന്നവരുടെ തിരക്ക് കണക്കിലെടുത്ത് 2018 ഡിസംബർ മാസത്തിൽ അധികമായി ഒരു കോഴ്സു കൂടി നടത്തുന്നതാണ്. ഡിസംബർ മാസത്തിലെ മൂന്നാമത്തെ വിവാഹ ഒരുക്ക സെമിനാർ 28, 29, 30 തീയതികളിൽ നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അതിരൂപതാ കുടുംബപ്രേഷിത ശുശ്രൂഷാ ഓഫീസുമായി ബന്ധപ്പെടുക.



*സെന്റ് വിൻസെന്റ് ഡി പോൾ, സെന്റ് സേവ്യേഴ്സ് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ നിർധന കുടുംബാംഗങ്ങൾക്ക് തയ്യൽ മെഷീൻ, സൈക്കിൾ, പഠന സഹായം എന്നിവ വിതരണം ചെയ്തപ്പോൾ*



*പ്രേഷിത കുരിശിന്റെ പ്രയാണ സമാപനത്തോടനുബന്ധിച്ച് പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ ഹാളിൽ നടന്ന സമ്മേളനം സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ്.ആർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു*

# സുവിശേഷ പ്രഘോഷണത്തിന്റെ അടിസ്ഥാനം കുടുംബം: ബിഷപ് ഡോ. ആർ.ക്രിസ്തുദാസ്

**തിരുവനന്തപുരം:** സുവിശേഷ പ്രഘോഷണത്തിന്റെ അടിസ്ഥാനം കുടുംബമെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ആർ.ക്രിസ്തുദാസ്. പ്രേഷിത കുരിശിന്റെ പ്രയാണ സമാപനത്തോടനുബന്ധിച്ച് പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ ഹാളിൽ സംഘടിപ്പിച്ച സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തുപ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സഭയിൽ എല്ലാവർക്കും സുവിശേഷം പ്രഘോഷമാക്കുന്നതിന് കടമയുണ്ട്. ക്രിസ്തു ശിഷ്യത്വം സ്വീകരിച്ച് നാം ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ടവരാണ്. എല്ലാത്തിന്റെയും അടിസ്ഥാനം ക്രിസ്തുവാണെന്ന് ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. സഭയുടെ മിഷൻ പ്രവർത്തനത്തിൽ പങ്കാളികളാകുന്നതിന് നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ എന്നും അദ്ദേഹം ആശംസിച്ചു.

ചടങ്ങിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയും അരുണാചൽപ്രദേശിലെ ഇറ്റാനഗർ രൂപതയും തമ്മിലുള്ള ഹാർട്ട് ടു ഹാർട്ട് എന്ന പ്രേഷിതബന്ധ പരിപാടിയുടെ ഉദ്ഘാടനവും നടന്നു. തിരുവനന്തപുരം രൂപതയിൽ നിന്നും അരുണാചൽ പ്രദേശിലെത്തി പ്രേഷിത പ്രവർത്തനം നടത്തുകയാണ് ഹാർട്ട് ടു ഹാർട്ടിന്റെ ലക്ഷ്യം. ഇറ്റാനഗറിൽ നിന്നുള്ള ഫാ. വി.പി.ടൈറ്റസ്, ഒ.എഫ്എം ചടങ്ങിൽ അവിടത്തെ പ്രേഷിത അനുഭവങ്ങൾ പങ്കുവച്ചു. ജാക്സൺ ഫെൻസിംഗ് സ്വാഗതം ആശംസച്ച ചടങ്ങിൽ അതിരൂപത ശുശ്രൂഷ കോ-ഓർഡിനേറ്റർ ഫാ. മൈക്കിൾ തോമസ് മോഡറേറ്റർ ആയിരുന്നു. കെആർഎൽസിസി റിസോഴ്സ് ടീം അംഗം പ്ലാസിഡ് ഗ്രിഗറി, വൈസെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

## അധ്യാപകർക്ക് അടിസ്ഥാന പരിശീലനം

**തിരുവനന്തപുരം:** വിശ്വാസപരിശീലനത്തിന്റെ കാഴ്ചപ്പാട്, ലക്ഷ്യം, ബോധനരീതികൾ, കുട്ടികളോടുള്ള സമീപനം എന്നീ വിഷയങ്ങൾ ഉൾചേർത്ത് യേശു എന്ന അധ്യാപകനെപോലെ താത്വികവും പ്രായോഗികവുമായ അധ്യാപന സമീപനം ഉൾക്കൊള്ളാൻ ആഹ്വാനം ചെയ്തുകൊണ്ട് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് വിശ്വാസപരിശീലന പ്രക്രിയയിൽ മുഖ്യചുമതല വഹിക്കുന്ന പുതിയ അധ്യാപകർക്ക് പരിശീലനം നല്കി. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും 265 അധ്യാപകർ പരിശീലന കളരിയിൽ പങ്കുചേർന്നു. ഫാ. ലോറൻസ് കുലാസ്, ഫാ. ലെനിൻ ഫെർണാണ്ടസ്, ഫാ. ജോൺ ബോസ്കോ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഫാ. മുത്തപ്പൻ അപ്പോലി, സിൽവദാസ് എഫ്, ക്ലാരൻസ് റ്റി. എന്നിവർ നേതൃത്വം നൽകി.



*സേവ് എ സ്റ്റുഡന്റ് പഠനസഹായത്തിന് അർഹരായ വിദ്യാർത്ഥികൾ വിൻസെന്റ് ഡി പോൾ സൊസൈറ്റി ഭാരവാഹികളോടൊപ്പം*

## സേവ് എ സ്റ്റുഡന്റ് പഠന സഹായം നൽകി

**പേട്ട:** സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി. പോൾ പേട്ട സോണിന്റെ ആഭിമുഖ്യത്തിൽ സേവ് എ. സ്റ്റുഡന്റ് പ്രോഗ്രാം പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും സാമ്പത്തിക സഹായവും നൽകി. സൊസൈറ്റി സെൻട്രൽ കൗൺസിൽ സീനിയർ വൈസ് പ്രസിഡന്റ് ഡോൺ ബോസ്കോയുടെ അധ്യക്ഷതയിൽ പേട്ട സെന്റ് ആൻസ് ഹാളിൽ നടന്ന സമ്മേളനം പേട്ട ഇടവക സഹവികാരി ഫാ. സുരേഷ് പയസ് ഉദ്ഘാടനം ചെയ്തു. പേട്ട എ.സി. പ്രസിഡന്റ് ആൻഡ്രൂ ആൽബർട്ട്, വാർഡ് കൗൺസിലർ അനിൽകുമാർ, ഇടവക കൗൺസിൽ സെക്രട്ടറി കെന്നത്ത് ശങ്കർ, സൈമൺ ജോസഫ് എന്നിവർ പ്രസംഗിച്ചു.

# വാർത്തകൾ

## റോണി റാഫേലിന് കെസിസിബി യുവപ്രതിഭാ അവാർഡ്



തിരുവനന്തപുരം: കെസിബിസിയുടെ 2017-ലെ യുവപ്രതിഭാ അവാർഡിന് റോണി റാഫേൽ തെരഞ്ഞെടുക്കപ്പെട്ടു. സംഗീതലോകത്തെ സംഭാവനകൾ കണക്കിലെടുത്താണ് റോണി റാഫേലിനെ 2017 ലെ യുവപ്രതിഭയായി തെരഞ്ഞെടുത്തത്. തിരുവനന്തപുരം ലത്തീൻ അതിരൂപതാ പാളയം കത്തീഡ്രൽ ഇടവകാംഗമായ റോണി റാഫേൽ, സുപ്രസിദ്ധ സംഗീതജ്ഞനായ രവിആറിന്റെ മകനാണ്. 2018 ജൂലൈ 15 ന് എറണാകുളത്ത് പിഒസിയിൽ വച്ച് നടക്കുന്ന ചടങ്ങിൽവച്ച് കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ.സൂസപാക്യം അവാർഡ് സമ്മാനിക്കും.

## നേത്രചികിത്സാക്യാമ്പ്

പാളയം ഫൊറോനയിലെ തൈക്കാട് ഇടവകയിൽ ഇടവക ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ കാരക്കോണം മെഡിക്കൽകോളേജിന്റെ സഹായത്തോടെ സൗജന്യ നേത്രചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു. 186 അംഗങ്ങൾ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു.



*പാളയം ഫൊറോന ക്രിസ്തീയ വിശ്വാസ പരിശീലന വാർഷികം മോൺ. നിക്കോളാസ് താർസിയൂസ് ഉദ്ഘാടനം ചെയ്യുന്നു.*

## പാളയം ഫൊറോന ക്രിസ്തീയ വിശ്വാസ പരിശീലന വാർഷികം

**തിരുവനന്തപുരം:** പാളയം സെന്റ് ജോസഫ്സ് മെട്രോപ്പൊളിറ്റൻ കത്തീഡ്രൽ ആഡിറ്റോറിയത്തിൽ വച്ച്, ഫൊറോന എക്സിക്യൂട്ടീവ് സെക്രട്ടറി റവ. ഫാ. മുത്തപ്പൻ അപ്പോലിയുടെ അധ്യക്ഷതയിൽ നടന്ന വാർഷികാഘോഷം ഫൊറോനവികാരി വെരി. റവ. മോൺ. ഡോ. നിക്കോളാസ് താർസിയൂസ്, ഉദ്ഘാടനം ചെയ്തു.

യേശു ശിഷ്യന്മാരെ സ്നേഹിതർ എന്നാണ് വിളിച്ചിരുന്നത്. യജമാനൻ ചെയ്യുന്നതെന്തെന്ന് അറിയുന്നവനാണ് സ്നേഹിതൻ. ദൈവം തന്റെ ദൗത്യനിർവ്വഹണത്തിനായി തെരഞ്ഞെടുത്ത മതാധ്യാപകർ തങ്ങളുടെ ഉത്തരവാദിത്വം സ്നേഹത്തിലധിഷ്ഠിതമായി, മാതൃകാപരമായി പൂർണതയോടെ പൂർത്തിയാക്കുവാൻ ശ്രമിക്കണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

ഗിന്നസ് റിക്കോർഡ് ഹോൾഡർ വില്യം പനിപ്പിച്ച മുഖ്യപ്രഭാഷണം നടത്തി. അധ്യാപക പ്രതിനിധി പീറ്റർ ജോസഫ്, വിദ്യാർത്ഥി പ്രതിനിധി റോഷൻ, വിക്ടോറിയ, ജസ്റ്റീന, സി. ലവീന ജോസഫ്, സുശീല ലോപ്പസ്, ആന്റണി രാജ് എന്നിവർ പ്രസംഗിച്ചു.

ഓരോ ഇടവകയിലെയും മികച്ച അധ്യാപകരെ ആദരിക്കുകയും ഫൊറോന, അതിരൂപത പരീക്ഷ, ലോഗോസ് ക്വിസ് വിജയികൾക്കുള്ള സമ്മാനം വിതരണം ചെയ്യുകയും വിവിധ ഇടവകകളിലെ വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.





*ഇക്കഴിഞ്ഞ എസ്എസ്എൽസി- പ്ലസ്-ടു പരീക്ഷയിൽ 100 ശതമാനം വിജയം കരസ്ഥമാക്കിയ (തിരുവനന്തപുരം ലത്തീൻ അതിരൂപത) വിശ്വപ്രകാശ് സെൻട്രൽ സ്കൂളിലെ വിദ്യാർത്ഥികൾ മാനേജർ ഫാ. ഗ്ലാഡിൻ അലക്സ്, പ്രിൻസിപ്പൽ സ്മിത, ബർസാർ ഫാ.ജെറോം അമൃതയ്യൻ, അധ്യാപകർ എന്നിവരോടൊപ്പം*

## ഓഖി ദുരിതബാധിതർക്ക് ശ്രീകാര്യത്തിന്റെ കൈത്താങ്ങ്

ശ്രീകാര്യം: ഓഖി ദുരിത ബാധിതരെ പുനരധിവസിപ്പിക്കാൻ തുത്തൂർ ഫൊറോനയിലെ വള്ളവിള ഇടവക നടത്തുന്ന ശ്രമങ്ങൾക്ക് പേട്ട ഫൊറോന ശ്രീകാര്യം ഇടവകയുടെ കൈത്താങ്ങ്. വള്ളവിള ഇടവക ഓഖി ദുരിതബാധിത കുടുംബങ്ങൾക്കായി നടത്തുന്ന തയ്യൽ പരിശീലന കേന്ദ്രത്തിന് വിവിധതരം തയ്യൽ മെഷീനുകൾ സംഭാവന ചെയ്തുകൊണ്ടാണ് ശ്രീകാര്യം ഇടവക തങ്ങളുടെ പ്രതിബദ്ധത തെളിയിച്ചത്.

## പരിസ്ഥിതി ദിനാചരണം

**പേട്ട:** പേട്ട ഫൊറോനയിലെ മുട്ടട ഇടവകയിൽ വച്ച് ഫൊറോന സാമൂഹ്യ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ ഫൊറോനയിലെ കുരിശിന്റെ പ്രയാണത്തോടനുബന്ധിച്ച് ഫൊറോനയിലെ സാമൂഹ്യ ശുശ്രൂഷ പ്രതിനിധികൾക്കായി സാമൂഹ്യശുശ്രൂഷ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും എന്ന വിഷയത്തിൽ റ്റി.എസ്.എസ്.എസ്. ഡയറക്ടർ റവ.ഫാ.ലെനിൻരാജ് റ്റി. ക്ലാസ്സ് നൽകി. 38 പേർ പങ്കെടുത്തു.

തുടർന്ന് പരിസ്ഥിതിദിനാഘോഷം ഉത്ഘാടനം ചെയ്തുകൊണ്ട് റ്റി.എസ്.എസ്.എസ്. ഡയറക്ടർ റവ.ഫാ.ലെനിൻരാജ് വൃക്ഷതൈകൾ വിതരണം ചെയ്തു.റ്റി.എസ്.എസ്.എസ്. കോഡിനേറ്റർ റവ.ഫാ. ക്രിസ്റ്റഫർ കുരിയാപിള്ളി പരിസ്ഥിതി സന്ദേശം നൽകി.ഫൊറോന ആനിമേറ്റർ ബിയാട്രീസ് നേതൃത്വം നൽകി.



തമിഴ്നാട് പൊള്ളാച്ചി ഹണി ബെഞ്ച് ഫുട്ബോൾ അക്കാദമി സംഘടിപ്പിച്ച സൗത്ത് ഇന്ത്യ യു-14 ഫുട്ബോൾ ടൂർണമെന്റിൽ വിജയികളായ തിരുവനന്തപുരം ലത്തീൻ അതിരൂപതാ 'ലിഫ' ടീം അംഗങ്ങൾ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, സഹായമെത്രാൻ ക്രിസ്തുദാസ്.ആർ, ടീം മാനേജർ, കോച്ച് തുടങ്ങിയവരോടൊപ്പം



തിരുഹൃദയ മാസാചരണത്തോട് (ജൂൺ) അനുബന്ധിച്ച് ആർച്ച്ബിഷപ്പ്സ് ഹൗസിൽ നടന്ന തിരുഹൃദയ പ്രതിഷ്ഠ ചടങ്ങ്. ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, സഹായമെത്രാൻ ക്രിസ്തുദാസ്.ആർ എന്നിവർ പങ്കെടുത്ത പ്രതിഷ്ഠാ ചടങ്ങിന് അതിരൂപതാ ജുഡീഷ്യൽ വികാരി ഫാ. ജോസ്.ജി നേതൃത്വം നൽകുന്നു



ഫാ. ജോയ് സി. മാത്യു എഴുതിയ മഹത്വത്തിന്റെ ഇതിഹാസം എന്ന പുസ്തകത്തിന്റെ പ്രകാശനം ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പുസ്തകത്തിന്റെ കോപ്പി മോൺ. ജോർജ്ജ് പോളിന് നൽകി നിർവ്വഹിക്കുന്നു. ഗ്രന്ഥകർത്താവ് ജോയ് സി.മാത്യു, ഫാ. എഡിസൺ എന്നിവരെയും കാണാം.



അതിരൂപതാ ബിസിസി കമ്മീഷന്റെ ആഭിമുഖ്യത്തിൽ അയിരൂർ സെന്റ് തോമസ് ഇടവക, നെല്ലിയോട് അമലോത്ഭവ മാതാ ഇടവകയിലും നടന്ന ഹോം മിഷൻ പ്രവർത്തനങ്ങളിൽ പങ്കെടുത്ത സന്യാസിനികൾ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്.ആർ, ഇടവക വികാരിമാർ എന്നിവരോടൊപ്പം

# വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു

തിരുവനന്തപുരം: ദീർഘകാലം കെസിബിസി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗപ്രതിഭാ പുരസ്കാരത്തിന് 2018 ലേക്കുള്ള എൻട്രികൾ ക്ഷണിച്ചു. 25000 രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

സംഗീതം, നൃത്തം, പെയിന്റിംഗ്, ശില്പകല എന്നീ മേഖലകളിലെ സംഭാവനകളാണ് അവാർഡിനായി പരിഗണിക്കപ്പെടുന്നത്. വിശുദ്ധഗ്രന്ഥ പ്രമേയങ്ങളോടു പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, ക്രിയാത്മകത എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ.

എൻട്രികൾ സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പിഒസി, പാലാരിവട്ടം, പി.ബി.നമ്പർ 2251, കൊച്ചി - 682025 എന്ന വിലാസത്തിലാണ് സമർപ്പിക്കേണ്ടത്. ഫോൺ : 0484-2805897. കൂടുതൽ വിവരങ്ങൾ www.keralabiblesociety.com - ൽ ലഭ്യമാണ്.

# 'ആശയങ്ങളുടെ ഉന്മൂലനം' പ്രകാശനം ചെയ്തു

തിരുവനന്തപുരം: പി.എൻ.പണിക്കർ അനുസ്മരണാർത്ഥം നടന്ന 23-ാമത് ദേശീയ വായനാദിന മാസാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടന വേളയിൽ എം. ജോൺസൺ റോച്ചിന്റെ "ആശയങ്ങളുടെ ഉന്മൂലനം" എന്ന ലേഖന സമാഹാര പുസ്തകം കേരള ഗവർണർ ജസ്റ്റിസ് പി.സദാശിവം തിരുവനന്തപുരം ലത്തീൻരൂപതാ സഹമെത്രാൻ ആർ. ക്രിസ്തുദാസന് നൽകി പ്രകാശനം ചെയ്തു. യോഗത്തിൽ പ്രൊഫസർ പി.ജെ. കുര്യൻ അദ്ധ്യക്ഷനായിരുന്നു. ഒ. രാജഗോപാൽ, എം. വിജയകുമാർ, പാലോട് രവി, കെ. ജയകുമാർ ഐ.എ.എസ്, ചെറിയാൻ ഫിലിപ്പ് എന്നിവർ സംസാരിച്ചു.



*സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി ഔവർ ലേഡി ഓഫ് ഇമ്മാക്കുലേറ്റ് വഞ്ചിയൂർ കോൺഫ്രൻസ് ഓഖി ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത ഒരു ലക്ഷം രൂപയുടെ ചെക്ക് ഫാ. ജോർജ്ജ് ഗോമസ് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന് കൈമാറുന്നു.*




*പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് റ്റിഎസ്എസ്എസും അഖിലേന്ത്യാ സമാധാന ഐക്യദാർഢ്യ സമിതിയും സംയുക്തമായി റ്റിഎസ്എസ്എസ് ഗോൾഡൻ ജൂബിലി ബിൽഡിംഗ് പരിസരത്ത് വൃക്ഷത്തൈ നടുന്ന ചടങ്ങ്. മന്ത്രി കെ.രാജു, ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു. റ്റി.എസ്.എസ്.എസ് ഡയറക്ടർ, ഫാ. ലെനിൻരാജ്, പാളയം ഇമാം ഷുഹൈബ് മൗലവി, ഫാ. യൂജിൻ എച്ച്.പെരേര, മുൻ മന്ത്രി കെ.പി.രാജേന്ദ്രൻ, ബിനോയ് വിശ്വം എം.പി, സി.പി.നാരായണൻ എം.പി, ഡോ. സെബാസ്റ്റ്യൻ പോൾ, അഡ്വ. വി.ബി. ബിനു, അഡ്വ. എം.എ.ഫ്രാൻസിസ് ഇ.വേലായുധൻ എന്നിവരെയും കാണാം.*



*കൊല്ലം സിദ്ധാർത്ഥ ഫൗണ്ടേഷന്റെ 2018-ലെ മികച്ച ഛായാചിത്രകാരനുള്ള സംസ്ഥാന പുരസ്കാരം വെട്ടുകാട് ഇടവകാംഗമായ വർഗീസ് ജോർജിന്. പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ പുരസ്കാരം സമ്മാനിച്ചു. ലളിതകലാ അക്കാദമി ചെയർമാൻ നേമം പുഷ്പരാജ്, സിദ്ധാർത്ഥ ഫൗണ്ടേഷൻ സെക്രട്ടറി സുരേഷ് എന്നിവർ സമീപം.*




# കുട്ടികൾക്ക് മാമ്മോദീസ നല്കേണ്ടത് എപ്പോൾ ?

തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽപ്പെട്ട ഒരു ഇടവകാംഗമാണ് ഞാൻ. 40-ാം ദിവസമാണ് കുട്ടികൾക്ക് ജ്ഞാനസ്നാനം നല്കേണ്ടതെന്ന് എന്റെ വീട്ടുകാരും മറ്റുള്ളവരും പറഞ്ഞു കേട്ടിട്ടുണ്ട്. ഇക്കാര്യത്തെക്കുറിച്ച് സഭ എന്തെങ്കിലും പഠിപ്പിക്കുന്നുണ്ടോ?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 849878, പൗരസ്ത്യസഭയ്ക്കു വേണ്ടിയുള്ള കാനോൻ നിയമം (CCEO) 675 690 എന്നിവ ജ്ഞാനസ്നാനത്തെക്കുറിച്ച് വിശദീകരിക്കുന്നു. കുഞ്ഞുങ്ങൾക്ക് ജ്ഞാനസ്നാനം നല്കേണ്ട സമയത്തെ സംബന്ധിച്ച വിവരണം നല്കുന്നത് CIC 867 §1, CCEO 686 §1 എന്നിവയാണ്. പ്രസ്തുത കാനോൻ നിയമപ്രകാരം തങ്ങളുടെ കുഞ്ഞുങ്ങളെ ആദ്യ ആഴ്ചകളിൽത്തന്നെ ജ്ഞാനസ്നാനപ്പെടുത്താനുള്ള കടമ മാതാപിതാക്കൾക്കുണ്ട്. ജനനത്തിനു ശേഷമോ ജനനത്തിനു മുമ്പോ ഇടവക വികാരിയെ സമീപിച്ച് തങ്ങളുടെ കുഞ്ഞിന് ജ്ഞാനസ്നാനം നല്കണമെന്ന് അഭ്യർഥിക്കുകയും അതിനായി തങ്ങളെത്തന്നെ മാതാപിതാക്കൾ ഒരുക്കേണ്ടതുമാണ്.

കുഞ്ഞുങ്ങളുടെ ജ്ഞാനസ്നാനത്തെ സംബന്ധിച്ച് രണ്ടു കാര്യങ്ങളാണ് സഭാനിയമം പഠിപ്പിക്കുന്നത്: 1. ജനനത്തിനുശേഷം കഴിവതുംവേഗം കുഞ്ഞിന് ജ്ഞാനസ്നാനം നല്കുക; 2. കുഞ്ഞിന്റെ മാതാപിതാക്കൾ, ജ്ഞാനസ്നാനം നല്കുന്നതിനുമുമ്പ് ആവശ്യമായ ഒരുക്കം നടത്തുക. ഇനി താങ്കളുടെ ചോദ്യത്തിലേയ്ക്കു വരുന്നു. 40-ാം ദിവസമാണോ കുഞ്ഞിന് ജ്ഞാനസ്നാനം നല്കേണ്ടത് എന്നതാണ് താങ്കളുടെ സംശയം. CIC 867 §1, CCEO 686 §1 പ്രകാരം, ആത്മീയമായ ഒരുക്കത്തിനുശേഷം എത്രയുംവേഗം കുഞ്ഞിന് ജ്ഞാനസ്നാനം നല്കാവുന്നതാണ്. അതിന് 40 ദിവസം കാത്തിരിക്കേണ്ടതില്ല.

# ആനന്ദിച്ച് ആഹ്ലാദിക്കുവിൻ

*(17-ാം പേജിന്റെ തുടർച്ച)*

വരാനുള്ള നിമിത്തങ്ങളാക്കുക, തിന്മയ്ക്കെതിരായി നിൽക്കാൻ കരുത്തുള്ളവരായിത്തീരുക. സമൂഹമായി വിശുദ്ധിയിൽ വളരുക, ഭാര്യാഭർതൃ ബന്ധത്തെ വിശുദ്ധീകരണത്തിന്റെ ഉപാധിയാക്കുക, നമ്മൾ ഗ്രസിക്കപ്പെട്ടിരിക്കുന്നു എന്ന് തോന്നുമ്പോൾ എല്ലാം പ്രാർത്ഥനയെ മുറുകെ പിടിക്കുക. എന്ന് തുടങ്ങുന്ന വിശുദ്ധിയുടെ പുതുവഴികൾ പാപ്പ മനോഹരമായി നിർദ്ദേശിക്കുന്നു.

യേശു സ്വശിഷ്യന്മാരോട് ആവശ്യപ്പെടുന്നത് വിശദാംശങ്ങളിലേക്കും ചെറിയ കാര്യങ്ങളെ വലിയ കാര്യങ്ങളായി എടുക്കാനുമാണ്. ഒരു വിരുന്നിൽ വീഞ്ഞ് തീർന്നുപോയ കൊച്ചുകാര്യം, ഒരു ആട് നഷ്ടപ്പെട്ടെന്ന കൊച്ചുകാര്യം, ഒരു വിധവ രണ്ടു ചെമ്പുതുട്ടുകൾ നേർച്ചയിട്ട കൊച്ചുകാര്യം, ശിഷ്യന്മാരോട് 'എത്രയപ്പം' കൈവശമുണ്ടെന്ന നേഷിക്കുന്ന കൊച്ചുകാര്യം, പ്രഭാതത്തിൽ ശിഷ്യന്മാരെ കാത്തിരുന്നപ്പോൾ തീകൂട്ടി മീൻ വേവിച്ച കൊച്ചുകാര്യം, തുടങ്ങിയവ. അതിനാൽ സ്നേഹത്തിന്റെ കൊച്ചുകാര്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ പാപ്പ ആവശ്യപ്പെടുന്നു (നം.145) ഈ അധ്യായം പാപ്പ അവസാനിപ്പിക്കുന്നത് വിശുദ്ധിയിൽ വളരാൻ നിരന്തരം പ്രാർത്ഥിക്കണമെന്നും പ്രാർത്ഥനയില്ലാത്ത വിശുദ്ധിയിൽ ഞാൻ വിശ്വസിക്കുന്നില്ല എന്നുപറഞ്ഞുകൊണ്ടുമാണ്. ഒപ്പം ക്രിസ്തുവിന്റെ മുഖത്തിന്റെ ശക്തിയെ നമ്മൾ നിസാരവൽക്കരിക്കരുത് എന്ന ഉദ്ബോധനവും.

ക്രൈസ്തവ ജീവിതം നിരന്തരമായ ഒരു പോരാട്ടമാണെന്നും എന്നാലത് മധുരമുള്ള പോരാട്ടമാണെന്നും പറഞ്ഞുകൊണ്ട് വിശുദ്ധിയിലും ആനന്ദത്തിലുമായിരിക്കാനുള്ള വഴികകളാണ് അഞ്ചാമത്തെ അധ്യായത്തിൽ ഫ്രാൻസിസ് പാപ്പ പഠിപ്പിക്കുന്നത്. പിശാച് നമ്മെ നിരന്തരം പ്രലോഭിക്കുമെന്നും അതിന്റെ തന്ത്രങ്ങളെ ലഘൂകരിച്ചുകാണരുത് എന്നും പറഞ്ഞുകൊണ്ട് തിന്മയ്ക്ക് മേലുള്ള നന്മയുടെ വിജയത്തിനായി അടിപതറാതെ ആത്മീയ ശക്തിയും ആത്മീയ ആയുധങ്ങളായ പ്രാർത്ഥനയും ദൈവവചനവും ദിവ്യബലിയർപ്പണവും കൗദാശിക ജീവിതവും ഉപവിപ്രവർത്തനങ്ങളും വഴി ആത്മവിശ്വാസം ആർജിച്ച് ദുഷ്ടാരൂപികളെ അകറ്റാൻ ആവശ്യപ്പെടുന്നു. നിതാന്ത ജാഗ്രതയും വിവേകവും അതിന് അനിവാര്യമാണ്.

വിശുദ്ധി ദൈവത്തിന്റെ കൃപയിലുള്ള തുറവിയും അരൂപിയുടെ ശക്തിയാൽ രൂപപ്പെടാൻ നമ്മെ അനുവദിക്കുന്നതുമാണ്. പരിവർത്തനം ചെയ്യപ്പെടാൻ നമ്മെ തന്നെ അനുവദിക്കുവിൻ എന്നാവശ്യപ്പെട്ടുകൊണ്ട് ആനന്ദിച്ച് ആഹ്ലാദിക്കുവാൻ പാപ്പ ക്ഷണിക്കുന്നു. ഈ ചിന്തകൾ സുവിശേഷ ഭാഗ്യങ്ങൾ ജീവിച്ച് ദൈവസാന്നിധ്യത്തിൽ ആഹ്ലാദിച്ച പരിശുദ്ധ മറിയത്താൽ കിരീടമണിയിക്കാൻ പാപ്പ ആഗ്രഹിച്ച് പ്രബോധനം അവസാനിപ്പിക്കുന്നു. ■



# നീർച്ചാലുകൾ


ഞായറാഴ്ച വിചിന്തനങ്ങൾ

നീർച്ചാലുകൾ
ഫാ. ഡൈസൺ

ആണ്ടുവട്ടം 14-ാം ഞായർ (ജൂലൈ 8)

## തിരസ്കരണവും മരണവും പ്രവാചകസമ്മാനം

എസെ. 2: 2-5 | 2 കൊറി. 12: 7-10 | മാർക്കോ. 6: 1-6



വിമർശനങ്ങളെ വിജയത്തിന്റെ പൂച്ചെണ്ടായി സ്വീകരിച്ച് നന്മയുടെ പാത തെളിച്ച് മുന്നേറുന്ന പ്രവാചകന് സമ്മാനമായി ലഭിക്കുന്നത് തിരസ്കരണവും വധഭീഷണിയുമാണ്. പഴയനിയമ പ്രവാചകന്മാരുടെ ജീവിതം പരിശോധിക്കുമ്പോൾ ഈ സത്യം സുവ്യക്തമാകുന്നു.


ഹൃദയത്തിൽ ദൈവത്തിന്റെ കൈയ്യൊപ്പുള്ളവനാണ് മനുഷ്യൻ. എന്നാൽ ഹൃദയത്തിൽ ദൈവസ്നേഹത്തിന്റെ അഗ്നി പേറുന്നവനാണ് പ്രവാചകൻ. ഏലിയ ദൈവത്തോടുള്ള സ്നേഹത്തിന്റെ തീക്ഷ്ണതയാൽ ജ്വലിച്ച പ്രവാചകനാണ്. സ്നാപകയോഹന്നാൻ ദൈവസ്നേഹത്താൽ ജ്വലിച്ച തീപന്തമായിരുന്നു. തിന്മയുടെ നികേതങ്ങളിൽ ജ്വലിക്കുന്ന നന്മയുടെ പൂക്കൾ വിരിക്കുന്ന പ്രവാചകന് തിരസ്കരണവും വധഭീഷണിയും മരണവും ഈ ലോകം സമ്മാനമായി നല്കുന്നു. പുരോഹിതനും, പ്രവാചകനും, രാജാവുമായ യേശു പറയുന്നു: "ഒരു പ്രവാചകനും സ്വദേശത്ത് ആദരിക്കപ്പെടുന്നില്ല".

നസറേത്ത് ജന്മ സ്ഥലമല്ലെങ്കിലും, യേശു വളർന്ന സ്ഥലമാണ്. അവിടെ ജോലി ചെയ്ത വെറും സാധാരണക്കാരനായ യൗസേപ്പിന്റെ പുത്രനാണ് കർത്താവായ യേശു. വലിയ ധനാഢ്യന്മാരുടെ മക്കളെപോലെ യൗസേപ്പ് യേശുവിനെ വേദഗ്രന്ഥങ്ങളും ന്യായ പ്രമാണങ്ങളും പഠിക്കാൻ അയച്ചിട്ടില്ല. കാരണം വിയർപ്പൊഴുക്കി അനുദിന അന്നം നേടിയ യൗസേപ്പ് ദരിദ്രനായിരുന്നു. അതുകൊണ്ടാണല്ലോ ഉണ്ണിയായ യേശുവിനെ ദൈവാലയത്തിൽ സമർപ്പിച്ചപ്പോൾ യൗസേപ്പ് നൽകിയ കാഴ്ച വെറും ഒരു ജോഡി ചെങ്ങാലികളെയോ, രണ്ടു പ്രാവിൻ കുഞ്ഞുങ്ങളെയോ ആയിരുന്നു എന്ന് വിശുദ്ധലിഖിതം പറയുന്നു (ലൂക്കാ 2:24).

ദരിദ്രൻ എന്നും പരിഹാസപാത്രമായിരുന്നു എന്നതിന്റെ നേർസാക്ഷ്യമാണ് നസ്രത്തിലെ സിനഗോഗിലുണ്ടായത്! ഒരു യഹൂദൻ അറിയപ്പെട്ടിരുന്നത് പിതാവിന്റെ പേരിലാണ്, മാതാവിന്റെ പേരിലല്ല. ബോധപൂർവ്വം യൗസേപ്പിന്റെ പേര് പറയാതെ മറിയത്തിന്റെ പേര് പറയുന്നത് കരുതി കൂട്ടി യേശുവിനെ പരിഹസിക്കാനാണ്. അത്ഭുതങ്ങൾ നേരിട്ടു കണ്ടിട്ടും അവർക്ക് വിശ്വസിക്കാനാവുന്നില്ല. അവന്റെ കരങ്ങൾ വഴി സംഭവിക്കുന്ന അത്ഭുതങ്ങൾ പോലും ദൈവത്തിൽ നിന്നാണെന്ന് വിശ്വസിക്കാൻ കൂട്ടാക്കുന്നില്ല. സാധാരണക്കാരിലും ദൈവം പ്രവർത്തിക്കുന്നു. ദൈവത്തിന് ദരിദ്രനെന്നോ ധനാഢ്യനെന്നോ വേർതിരിവില്ല. എല്ലാവരിലും ദൈവം പ്രവർത്തിക്കുന്നു. എല്ലാവരിലും ദൈവികതയുണ്ട്.

### നന്മ ദർശിക്കുക

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട എല്ലാ മനുഷ്യരിലും നന്മയുടെ ഒരു വൻ വൃക്ഷം ഒളിഞ്ഞിരിപ്പുണ്ട്. ഈ ലോകം മുഴുവനും പടർന്നു പന്തലിക്കാവുന്ന നന്മയുടെ വൃക്ഷം! കണ്ടാൽ വെറും നിസാരയെന്നു തോന്നിക്കാവുന്ന ശരീരപ്രകൃതമുള്ള വ്യക്തിയാണല്ലോ മദർ തെരേസ. അദ്ദേഹത്തിലെ നന്മയുടെ വൃക്ഷം ഇന്ന് ലോകം മുഴുവൻ നിറഞ്ഞ് ഒരു വൻവൃക്ഷമായി തീർന്നിരിക്കുന്നു. കടുകുമണിയുടെ ഉപമയിൽ വിത്ത് ഏറ്റവും ചെറുതാണെങ്കിലും, അത് വളർന്ന് ഒരു വൻവൃക്ഷമായി മാറി, ആകാശത്തിലെ പറവകൾക്ക് അത് അഭയമായി തീരുന്നു. ദൈവം വലിയവരിൽ മാത്രമല്ല ചെറി



യവരിലും, നിസാരരിലും പ്രവർത്തിക്കുന്നു. സമ്പന്നതയുടെ മടിത്തട്ടിൽ ജനിച്ചു വളർന്നുവെങ്കിലും ദാരിദ്ര്യത്തെ മണവാട്ടിയായി സ്വീകരിച്ച ഫ്രാൻസിസ് അസ്സീസിയിലെ നന്മ ഇന്ന് ലോകം മുഴുവൻ നിറഞ്ഞുനില്ക്കുന്നു. വലിയവരായാലും ചെറിയവരായാലും എല്ലാവരിലും നന്മ കാണുവാനുള്ള കാഴ്ച നമ്മുക്ക് ഉണ്ടാവണം. നന്മയെ പരിപോഷിപ്പിക്കുന്നതിനു പകരം അസൂയ മൂലം പരിഹസിക്കുന്ന വെറും സാധാരണക്കാരായി നമ്മൾ മാറരുത്. നമ്മുടെ കാഴ്ച കുറ്റമറ്റതാണെങ്കിൽ നമുക്ക് നന്മ ദർശിക്കാം. കുറവുള്ളതാണെങ്കിൽ സുവിശേഷത്തിലെ യേശുവിന്റെ നാട്ടുകാരെപോലെ നമ്മളും പരിഹാസം ചൊരിയുന്നവരായി മാറും. കുറ്റമറ്റ കാഴ്ച കുറ്റമറ്റ ഹൃദയത്തിൽ നിന്നാണ് ഉരുവാകുന്നത്. നന്മ ദർശിക്കാൻ നമ്മുടെ മനസ്സും ഹൃദയവും നമുക്ക് വിപുലീകരിക്കാം!

## ദർശിക്കുന്ന നന്മകളെ അംഗീകരിക്കുക

യേശുവിൽ ദർശിച്ച നന്മകൾ മറ്റുള്ളവർ അംഗീകരിക്കുമ്പോൾ സ്വന്തം നാട്ടുകാർ അവഗണിക്കുന്നു. സ്വന്തം നാട്ടിൽ വരുന്നതിനുമുമ്പ് സിനഗോഗ് അധിക്കാരിയായ ജയ്റോസും രക്തസ്രാവത്താൽ ബുദ്ധിമുട്ടുന്ന സ്ത്രീയും യേശുവിന്റെ അത്ഭുതം കണ്ട് ആരാധനാഭാവത്തോടെ കാൽക്കൽ വീണു. യേശുവിലെ ദൈവികതയെ അംഗീകരിക്കേണ്ടതിനുപകരം യേശുവിൽ സ്വന്തം നാട്ടുകാർ ഇടറുന്നു. സാധാരണക്കാരുടെ നന്മകളെ അംഗീകരിക്കാൻ എന്നും ഈ ലോകം വിസമ്മതിച്ചിരുന്നു. സത്യത്തിനുവേണ്ടി നില കൊണ്ട്, സത്യത്തെ മാത്രം ബോധ്യപ്പെടുത്തിയ സോക്രട്ടീസിൽ ദർശിച്ച നന്മയെ അംഗീകരിക്കാതെ യുവാക്കളെ വഴി തെറ്റിക്കുന്നുവെന്ന പേരിൽ ഹേംലോക്ക് എന്ന മാരകവിഷം കൊടുത്തു സോക്രട്ടീസിനെ മരണപ്പെടുത്തി. നോബൽ സമ്മാനജേതവായ ടാഗോറിന്റെ ആദ്യകാലകൃതികൾ ലോകം മുഴുവൻ അംഗീകരിച്ചുവെങ്കിലും സ്വന്തം നാട്ടുകാർ അംഗീകരിച്ചില്ല. ഗാന്ധിജിയും അബ്രഹാം ലിങ്കനും വധിക്കപ്പെട്ടത് അവരിലെ നന്മകളെ അംഗീകരിക്കാൻ സാധിക്കാത്ത മനുഷ്യരാലാണ്.

ഏലിയ പ്രവാചകനിൽ ദർശിച്ച നന്മകളെ അംഗീകരിച്ച സീദോനിലെ സെറാപ്തായിലെ വിധവയുടെ കലത്തിൽ മാവ് തീർന്നില്ല. ഭരണിയിലെ എണ്ണ വറ്റിയില്ല. ഏലിയ പ്രവാചകനിൽ ദർശിച്ച നന്മകളെ അംഗീകരിച്ചപ്പോൾ സിറിയായിലെ നാമാൻ കുഷ്ഠരോഗത്തിൽ നിന്ന് മുക്തി നേടുന്നു. സ്വന്തം നാട്ടുകാർ യേശുവിൽ ദർശിച്ച നന്മകളെ അംഗീകരിച്ചെങ്കിൽ നിരവധി അത്ഭുതങ്ങളുടെ ഫലം അനുഭവിക്കാൻ ഭാഗ്യം ലഭിക്കുമായിരുന്നു.

## പ്രവാചകസമ്മാനം തിരസ്കരണവും മരണവും

വിമർശനങ്ങളെ വിജയത്തിന്റെ പൂച്ചെണ്ടായി സ്വീകരിച്ച് നന്മയുടെ പാത തെളിച്ച് മുന്നേറുന്ന പ്രവാചകന് സമ്മാനമായി ലഭിക്കുന്നത് തിരസ്കരണവും വധഭീഷണിയുമാണ്. പഴയനിയമ പ്രവാചകന്മാരുടെ ജീവിതം പരിശോധിക്കുമ്പോൾ ഈ സത്യം സുവ്യക്തമാകുന്നു. സാമൂഹിക അനീതിക്കെതിരെ ആഞ്ഞടിച്ച ആമോസിന് പ്രവാചകദൗത്യം നിറുത്തി നാടുവിട്ടു പോകുവാനുള്ള കല്പന ലഭിക്കുന്നു. ദൈവത്തിന്റെ വചനം പ്രഘോഷിക്കുകയും, യൂദയായിലെ അഴിമതിയെയും വിഗ്രഹാരാധനയെയും പറ്റി കടുത്ത ഭാഷയിൽ വിമർശിക്കുകയും ചെയ്ത ജെറമിയ പ്രവാചകനെ ജനങ്ങൾ കയറിൽ കെട്ടി കിണറ്റിൽ താഴ്ത്തി.

പുതിയ നിയമത്തിൽ ദൈവവചനം ശ്രവിക്കാത്ത യഹൂദജനതയെ നോക്കി സ്തേഫാനോസ് പറഞ്ഞു: "മർക്കടമുഷ്ടിക്കാരേ, ഹൃദയത്തിലും, കാതുകളിലും അപരിച്ഛേദിതരേ..... ഇതു കേട്ടപ്പോൾ അവർ കോപാക്രാന്തരായി അവനെ നഗരത്തിനു പുറത്താക്കി കല്ലെറിഞ്ഞു കൊന്നു (അപ്പ 7:51-60). എല്ലാ പ്രവാചകന്മാരും തിരസ്കരണവും വധഭീഷണിയും അനുഭവിച്ചവരാണ്. പ്രവചനങ്ങളുടെയെല്ലാം പൂർത്തീകരണമായി കടന്നുവന്ന യേശുനാഥന്റെ പ്രവാചകദൗത്യവും ധാരാളം വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. സ്വന്തപ്പെട്ടവരാൽ പോലും യേശു നിഷ്കാസിതനാകുന്നു. അവരുടെ മനസ്സുകളിൽ വിശ്വാസത്തിനുപകരം ചോദ്യശരങ്ങളുയർന്നു. ഈശോയിൽ പ്രകടമായ ദൈവികത ആരും അംഗീകരിക്കുന്നില്ല. അവിടുത്തെ പ്രവൃത്തികൾ ദൈവികസത്ത വെളിപ്പെടുത്തുന്ന അത്ഭുതങ്ങളായിരുന്നു. യേശു ഈ പ്രവൃത്തികൾ ചെയ്യുന്നത് സാത്താന്റെ തലവനായ ബേൽസബൂലിനെ കൊണ്ടാണെന്ന് അവർ ആരോപിക്കുന്നു. യേശുവിന്റെ കുടുംബാംഗങ്ങൾ യേശുവിനെ കണ്ടത് ചിത്തഭ്രമം ബാധിച്ച ഒരുവനായിട്ടാണ്. ഇത് അവിശ്വാസത്തിന്റെ ഫലമാണ്. ഇത് മനഃപൂർവ്വമുള്ള സത്യനിഷേധവും ദൈവത്തോടുള്ള മറുതലിക്കലുമാണ്. അതിനാലാണ് അവിടുന്ന് ഇപ്രകാരം പറയുന്നത്: "സ്വദേശത്തും ബന്ധുജനങ്ങളുടെ ഇടയിലും സ്വഭവനത്തിലുമല്ലാതെ മറ്റെങ്ങും പ്രവാചകൻ അവമതിക്കപ്പെടുന്നില്ല."

പ്രവാചകദൗത്യത്തിനിറങ്ങുന്നവർ ജീവൻ പോലും ത്യജിക്കാൻ തയ്യാറായിരിക്കണം. കാരണം ഇന്നിന്റെ പ്രവാചകർക്ക് ലോകം നല്കുന്നത് കല്ലും വെടിയുണ്ടയും കുരിശുമാണ്. നല്ല ശൈലിയിൽ പറഞ്ഞാൽ, "കൽക്കണ്ടം കൊടുത്തവർക്ക് കല്ല്, സത്യം പറഞ്ഞവർക്ക് വെടിയുണ്ട, വഴികാട്ടിയവർക്ക് കുരിശ്." ഇതാണ് ഒരു പ്രവാചകന്റെ ലോകം എന്നിരുന്നാലും ആധുനിക ലോകത്തിന്റെ പ്രവാചകരായ നാം ഇതൊന്നും ഗണ്യമാക്കാതെ ധൈര്യസമേതം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. നിരാശരാകാതെ സന്തോഷത്തോടുകൂടി തിരസ്കരണവും വധഭീഷണിയും നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ■

## നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# ചാരത്തണയാനും ഓരത്തലയാനും

ആമോ. 7 : 12-15 | എഫേ. 1 : 3-14 (or1, 3-10) | മാർക്കോ. 6: 7-13

"ജീവിതത്തിന് ഒരു ദൗത്യമുണ്ട് എന്നല്ല മറിച്ച് ജീവിതം തന്നെ ഒരു ദൗത്യമാണ്." ആനന്ദിച്ച് ആഹ്ളാദിക്കുവിൻ എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പ കുറിക്കുന്നു. മനോഹരമായ ഒരു ഉദാഹരണം അദ്ദേഹം പങ്കുവയ്ക്കുന്നു. ഒരു സ്ത്രീ സാധനങ്ങൾ വാങ്ങിക്കാൻ പോകുന്നു. അവൾ ഒരു അയല്ക്കാരിയെ കണ്ടുമുട്ടുകയും സംസാരിക്കാൻ തുടങ്ങുകയും ചെയ്യുന്നു. പക്ഷേ, അപഖ്യാതി പറഞ്ഞു തുടങ്ങുമ്പോൾ അവൾ ഹൃദയത്തിൽ ഇങ്ങനെ പറയുന്നു. "പാടില്ല, ഞാൻ ആരെപ്പറ്റിയും മോശമായി സംസാരിക്കുകയില്ല." ഇത് വിശുദ്ധിയിലേക്ക് ഒരടി മുന്നേറലാണ്. പിന്നീട് അവൾ വീട്ടിലെത്തിക്കഴിയുമ്പോൾ അവളുടെ കുട്ടികളിലൊരാൾ തന്റെ പ്രത്യാശകളെയും സ്വപ്നങ്ങളെയും പറ്റി അവളോടു പറയാൻ ആഗ്രഹിക്കുന്നു. അവൾ ക്ഷീണിതയാണെങ്കിലും ക്ഷമയോടും സ്നേഹത്തോടുംകൂടെ ഇരുന്ന് അതെല്ലാം കേൾക്കുന്നു. അത് വിശുദ്ധിക്കിടയാക്കുന്ന മറ്റൊരു ത്യാഗമാണ്. പിന്നീട് അവൾക്ക് ആകുലതയുണ്ടാകുന്നു. എന്നാൽ കന്യകാമറിയത്തിന്റെ സ്നേഹത്തെപ്പറ്റി ഓർത്തുകൊണ്ട് കൊന്തയെടുത്ത് വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നു. ഇത് വിശുദ്ധിയുടെ മറ്റൊരു മാർഗമാണ്. പിന്നീട് അവൾ തെരുവിലേക്കു പോകുന്നു. അവിടെ ദരിദ്രനായ ഒരു വ്യക്തിയെ കണ്ടുമുട്ടുന്നു. അയാളോട് കരുണയുടെ ഒരു വാക്കുപറയാൻ നില്ക്കുന്നു. .. ഒരു ചുവടുകൂടി.

വിളിയുടെ ഭാഗമാണ് തിരഞ്ഞെടുപ്പ്. യേശുവിന്റെ കൂടെയായിരിക്കാൻ വിളിക്കപ്പെട്ടവർ ഇവിടെ കൂട്ടം വിട്ട് പോകാൻ നിയോഗിക്കപ്പെടുന്നു. കൂടെയായിരിക്കുമ്പോഴുള്ള സുരക്ഷിതത്വവും കരുതലും യാത്ര പോകുമ്പോൾ ലഭിക്കുകയില്ല. അത് അനിശ്ചിതത്വത്തിന്റെയും പ്രതിസന്ധികളുടെയും ഒരു യാത്രയാണ്. രണ്ട് തിരസ്കരണ കഥകൾക്കിടയിലാണ് അപ്പസ്തോലന്മാരുടെ തിരസ്കരണത്തിന്റെ കഥയും മാർക്കോസ് പ്രതിപാദിക്കുന്നത്. ഒന്ന് യേശു സ്വന്തം നാട്ടിൽ തിരസ്ക്കരിക്കപ്പെടുന്നു. രണ്ടാമത്തേത് സ്നാപകയോഹന്നാൻ അഹിതമായത് പറഞ്ഞതുകൊണ്ട് ഹേറോദോസിന്റെ മുമ്പിലും തിരസ്കരിക്കപ്പെടുന്നു. യേശു രണ്ടുപേരെ വീതമാണ് ദൗത്യത്തിന് അയയ്ക്കുന്നത്. യഹൂദ സമ്പ്രദായപ്രകാരം പ്രസംഗത്തിനും സാക്ഷ്യത്തിനും സാധുതവരാൻ രണ്ടുപേരെങ്കിലും വേണമായിരുന്നു. ഈ യാത്രയിൽ വിഷമതകളും ഞെരുക്കങ്ങളും ഉണ്ടാകുമ്പോൾ പരസ്പരം ആശ്വാസമാകാൻകഴിയും. ശിഷ്യന്മാരുടെ യാത്ര ഒരു സന്നദ്ധസേവനമല്ല, അത് യേശുവിന്റെ നിയോഗമാണ്. യേശുവിന്റെ കൂടെയായിരുന്ന് രൂപപ്പെട്ടശേഷമാണ് യേശു അവരെ നിയോഗിക്കുന്നത്. പ്രവൃത്തികളിലൂടെ തന്റെ ശക്തിയെയും പ്രബോധനത്തിലൂടെ തന്റെ ജ്ഞാനത്തെയും പ്രകടമാക്കിക്കൊണ്ട് യേശു ശിഷ്യന്മാർക്ക് തന്നെത്തന്നെ വെളിപ്പെടുത്തി. അയയ്ക്കുകയെന്നർത്ഥം വരുന്ന അപ്പോസ്തലൈൻ (apostellain) എന്ന ക്രിയക്ക് ഔദ്യോഗികമായി പ്രതിനിധാനം ചെയ്യുക, നിയോഗിക്കുക എന്നാണർത്ഥം.

ലൂക്ക മാത്രമാണ് യേശു അയക്കുന്ന ശിഷ്യന്മാരോട് ചെരുപ്പു ധരിക്കാനും വടിയെടുക്കാനും ആവശ്യപ്പെടുന്നത്. വളരെ ദീർഘമായ യാത്രയുടെ ഒരു സൂചനയാണിത്. ആതിഥേയ ഭവനങ്ങളെ ആശ്രയിക്കൽ മറ്റു സുവിശേഷങ്ങളിൽ കാണാൻ കഴിയും. മാർക്കോസ് തന്റെ സുവിശേഷത്തിൽ ആവശ്യമായ കരുതലും ഒരുക്കവും നടത്തുവാൻ അപ്പോസ്തലന്മാരോട് പറയുന്നു. ഉള്ളുടുപ്പ്, അരപ്പട്ട, മേലങ്കി, ശിരോവസ്ത്രം ഇതെല്ലാം അവരുടെ വസ്ത്രധാരണത്തിലുൾപ്പെടുന്നതാണ്. അതുകൊണ്ട് രണ്ടുജോടി വസ്ത്രം കരുതുന്നതുപോലും വലിയ ഭാരമായിത്തീരും. എന്നാൽ അവർ പണവും സഞ്ചിയും അപ്പവും വേണ്ടെന്നു വയ്ക്കണം. ഭൗതികതയുടെ ഭാണ്ഡക്കെട്ടുകൾ ഉപേക്ഷിക്കലാണത്. ഈ സുവിശേ



ലൂക്ക മാത്രമാണ് യേശു അയക്കുന്ന ശിഷ്യന്മാരോട് ചെരുപ്പു ധരിക്കാനും വടിയെടുക്കാനും ആവശ്യപ്പെടുന്നത്. വളരെ ദീർഘമായ യാത്രയുടെ ഒരു സൂചനയാണിത്. ആതിഥേയ ഭവനങ്ങളെ ആശ്രയിക്കൽ മറ്റു സുവിശേഷങ്ങളിൽ കാണാൻ കഴിയും.

ഷത്തിൽ രണ്ടുകാര്യങ്ങൾ ദൗത്യത്തിൽകാണുവാൻ കഴിയും.

1. വീടുകൾ തോറുമുള്ള ശുശ്രൂഷ: ഏതെങ്കിലും വീട്ടിൽ താമസിച്ചുകൊണ്ടാണ് ഗ്രാമത്തിൽ ശുശ്രൂഷ ചെയ്യുക. സൗകര്യങ്ങൾ തേടി ഏതെങ്കിലും ഭവനങ്ങളെ സമീപിക്കരുത്. ദൗത്യം തീരുന്നതുവരെ അവിടെത്തന്നെ തുടരണം. തങ്ങളെ സ്വീകരിക്കാത്ത ഭവനങ്ങളിൽനിന്ന് കാലിലെ പൊടി തട്ടിക്കളയണം. പൊടി തട്ടിക്കളയൽ ഒരു വിധി പ്രഖ്യാപനമാണ്. തിരസ്ക്കരിക്കപ്പെട്ട നാടിനെതിരെയുള്ള നിലപാടുകൂടിയാണത്. സ്വദേശത്ത് തിരസ്ക്കരിക്കപ്പെട്ട ശേഷമാണ് യേശു തന്റെ ശിഷ്യന്മാരെ വിളിച്ചുകൂട്ടി അയക്കുന്നത്. അവരും ഈ തിരസ്കരണവും അവഗണനയും പീഡനവും നേരിടേണ്ടിവരുമെന്ന് യേശു മുൻകൂട്ടി കാണുന്നു.

2. അനുതാപത്തിന്റെ പ്രസംഗം (metanoein) : ഇതുവരെ പ്രസംഗിക്കുകയും രോഗസൗഖ്യം നല്കുകയും ചെയ്തത് യേശു മാത്രമായിരുന്നു. എന്നാൽ ശിഷ്യന്മാരെ പ്രബോധനങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും ഒരുക്കിക്കഴിഞ്ഞപ്പോൾ അവർക്കും അതിനെല്ലാമുള്ള അധികാരം യേശു നല്കി. ആൾദൈവങ്ങളെപ്പോലെ സ്വന്തം മഹത്ത്വവും ശക്തിയും വെളിപ്പെടുത്തുന്നവനല്ല ക്രിസ്തു. അധികാരം വിഭജിച്ച് നല്കുന്നവനാണ് ക്രിസ്തു. പങ്കാളിത്തത്തിന്റെ ഈ മനോഭാവങ്ങൾ ചെറുതും വലുതുമായ എല്ലാ അധികാരകേന്ദ്രങ്ങളിലും നഷ്ടപ്പെടുമ്പോഴാണ് അഴിമതിയും കുടിലതകളും അരങ്ങുവാഴുന്നത്. ശിഷ്യന്മാർ പിശാചുക്കളെ പുറത്താക്കി. തൈലം പൂശി രോഗികളെ സുഖപ്പെടുത്തി. തൈലം പൂശൽ അന്നത്തെ ഒരു ആചാരമായിരുന്നു. ആദിമക്രൈസ്തവരുടെ ഇടയിലും ഈ ആചാരം നിലനിന്നിരുന്നു. എന്നാൽ സുവിശേഷത്തിൽ യേശു ആരെയും തൈലം പൂശി സുഖപ്പെടുത്തുന്നതായി നാം കാണുന്നില്ല. തൈലം പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്.

സമകാലിക സാഹചര്യത്തിൽ സുവിശേഷപ്രഘോഷണം എത്തിച്ചേരേണ്ട വിവിധ ഇടങ്ങളുണ്ട്. ദരിദ്രരുടെ ഇടയിൽ അപ്പമാകേണ്ട സുവിശേഷം. അഭയാർത്ഥികളുടെ ഇടയിൽ കരുതലാകേണ്ട സുവിശേഷം. കുഞ്ഞുങ്ങളിൽ സംരക്ഷണമാകേണ്ട സുവിശേഷം. യുവാക്കളിൽ കൂടെ നടക്കേണ്ട സുവിശേഷം. അനീതിയിൽ പോരാട്ട സമരമാകേണ്ട സുവിശേഷം. കുടുംബങ്ങളിൽ സ്നേഹമാകേണ്ട സുവിശേഷം അങ്ങനെ സുവിശേഷത്തെ യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെ ആഴവും പരപ്പും പ്രകടമാക്കുന്ന ഒന്നായി നാം രൂപപ്പെടുത്തേണ്ടതുണ്ട്. ■


**നീർച്ചാലുകൾ**

ഫാ. വിക്ടർ എവരിസ്റ്റസ്

ആണ്ടുവട്ടം 16-ാം ഞായർ (ജൂലൈ 22)

# അനുകമ്പാർദ്രം ഈ നയനം

ജെറ. 23: 1-6 | എഫെ. 2: 13-18 | മർക്കോ. 6 : 30-34



ക്രിസ്തുവിനു ദേഷ്യം വരാൻ കുറേ കാരണങ്ങളുണ്ടായിരുന്നു. വിശ്രമം തേടിയാണ് വഞ്ചിയെടുത്ത് ക്രിസ്തു മറുകരയിലേക്ക് പോയത്. അവിടെ ചെന്നപ്പോൾ തന്നെയും കാത്ത് അതേ ജനക്കൂട്ടം. വിശ്രമം പോയിട്ട് ഭക്ഷണം കഴിക്കാൻ പോലും സമയവുമില്ല സൗകര്യവുമില്ല. ഒരു സാധാരണ മനുഷ്യനു മനം മടുക്കാനും പൊട്ടിത്തെറിക്കാനും ഇതു മതി. പക്ഷേ ക്രിസ്തു കണ്ടത് സ്വന്തം ദുഃഖമല്ല മുന്നിൽ വന്നവരുടെ ദുഃഖം. അനുകമ്പയോടെ അവൻ അവരെ നോക്കി. വഞ്ചിയിൽ മറുകരയിലേക്ക് ദൂരം നാലു മൈൽ. കരചുറ്റി മറു കരയിലേക്കുള്ള ദൂരം പത്തു മൈൽ. എന്നിട്ടും ക്രിസ്തു മറുകരയിലെത്തും മുമ്പേ ജനക്കൂട്ടം പത്തു മൈൽ കടന്നു മറുകരയിൽ എത്തിയെങ്കിൽ അവർ നടക്കുകയല്ല ഓടുകയാണ് ചെയ്തിട്ടുള്ളത്. ഒരു കൂട്ടയോട്ടം അതാണല്ലോ സുവിശേഷത്തിലും പറയുന്നത്. മറ്റുള്ളവരുടെ വിഷമതകളുടെ മുന്നിൽ സ്വന്തം ദുഃഖം മറക്കുന്നവനു ക്രിസ്തുവിന്റെ മുഖമാണ്.

തിരക്കുപിടിച്ച ഒരു റെയിൽവേ സ്റ്റേഷൻ. ഒരു ചെറുപ്പക്കാരൻ ആഴ്ചയുടെ അവസാനം വീട്ടിലേക്കുള്ള ട്രെയിൻ കാത്തുനിൽക്കുന്നു. നാട്ടിലേക്കുള്ള അവസാന ട്രെയിനാണ്. തിങ്ങി നിറഞ്ഞ ട്രെയിൻ സ്റ്റേഷൻ നിർത്തും മുമ്പ് തന്നെ കാത്തുനിൽക്കുന്നവർ ചാടിക്കയറാൻ തുടങ്ങി. ഈ തിരക്കിനിടയിൽ ഒരു വൃദ്ധനായ കച്ചവടക്കാരനെ ആരോ തട്ടിതെറിപ്പിച്ചു. എഴുന്നേൽക്കാൻ പോലുമാവാതെ കിടക്കുന്ന വൃദ്ധനെ കണ്ടപ്പോൾ ചെറുപ്പക്കാരൻ ട്രെയിൻ മറന്നു അയാളെ എഴുന്നേൽപ്പിച്ചിരുത്തി. ചിതറിക്കിടന്ന കച്ചവടസാധനങ്ങൾ കൊട്ടയിൽ പെറു

ക്കിവച്ചു. ആ സമയത്ത് ചൂളം വിളിച്ചുകൊണ്ട് അവസാനത്തെ ട്രെയിൻ പോയി. വൃദ്ധൻ ആ ചെറുപ്പക്കാരന്റെ കൈപിടിച്ചു നിറഞ്ഞ കണ്ണുകളോടെ ചോദിച്ചു സാറെ, ഈ രാത്രിയിലെ അവസാനത്തെ ട്രെയിനാണ് പോകുന്നതെന്നറിഞ്ഞിട്ടും ആർക്കും വേണ്ടാത്ത ഈ കിളവനെ സഹായിക്കാൻ മനസ്സുള്ള നിങ്ങൾ ദൈവമാണോ?

നല്ലിടയന് അനേകം സവിശേഷതകളുണ്ട്. അതിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ് അനുകമ്പ. 2003 ജൂലൈ 18-ലെ ഒരു പത്രത്തിൽ വന്ന വാർത്തയും ചിത്രവും ഇപ്രകാരമായിരുന്നു: തിരുവനന്തപുരത്ത് പത്രപ്രവർത്തക യൂണിയന്റെ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഒരു ഫോട്ടോ പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നു. അതിൽ ഒന്നാം സമ്മാനം ലഭിച്ച ചിത്രം, എച്ചിൽ കൂമ്പാരത്തിൽ ഒരു വലിയ വീപ്പയുടേതാണ്. അതിൽ അഞ്ചു വയസ്സിൽ താഴെ പ്രായം തോന്നിക്കുന്ന ഒരു കൊച്ചു പെൺകുട്ടി വലിഞ്ഞു കയറാൻ ശ്രമിക്കുന്നു. ഫോട്ടോയുടെ അടിക്കുറുപ്പ് ഇതായിരുന്നു: 'വയറിനറിയില്ലല്ലോ വീപ്പയുടെ ഉയരം'. ഈ ചിത്രം കാണുമ്പോൾ നമ്മൾ അനുഭവിക്കുന്ന ഒരു വേദനയുണ്ട്. കുഞ്ഞിനോട് തോന്നുന്ന സഹാനുഭൂതിയുണ്ട്. ഇതാണോ അനുകമ്പ? ഇത് ഒരു തരത്തിലുള്ള അനുകമ്പയാണെങ്കിൽ പലതരത്തിലുള്ള അനുകമ്പയാകാം.

ഒരു പക്ഷേ ചേതമില്ലാത്ത അനുകമ്പയാകാം. സഹോദരന്റെ വേദനയും സഹനവും കാണുമ്പോൾ ഉണ്ടാകുന്ന സങ്കടമാകാം. നിവൃത്തിയില്ലാതെ കാട്ടിപോകുന്ന അനുകമ്പയാകാം. അനുകമ്പ കാട്ടിയില്ലെങ്കിൽ മറ്റുള്ളവർ എന്തു പറയുമെന്ന് കരുതി അനുകമ്പ കാണിക്കുന്നവർ സാമൂഹ്യ പ്രവർത്തകനോ, മാതാപിതാക്കളോട് കരുണയുള്ള മക്കളോ, ദൈവത്തിന്റെ നാമത്തിൽ നന്മ പ്രവർത്തിച്ചു നടക്കുന്നവരോ ആകാം. ഇന്ന് താൻ കരുണ കാട്ടിയാൽ നാളെ തനിക്കത് നേട്ടമുണ്ടാകും എന്ന് കരുതി അനുകമ്പ കാണിക്കുന്നവരോ ആകാം.

എന്നാൽ യഥാർത്ഥ അനുകമ്പ, യേശുവിന്റെ അനുകമ്പപോലെ ഇതിൽ നിന്നും വ്യത്യസ്തമാണെന്ന് സുവിശേഷം പഠിപ്പിക്കുന്നു. ഇതു മനസ്സിൽ ഒരുവൻ അനുഭവിക്കുന്ന ശക്തമായ സഹാനുഭൂതിയാണ്. ഈ സഹാനുഭൂതി വെറുതെ ഇരിക്കാൻ അവനെ അനുവദിക്കില്ല. വി.ലൂക്കായുടെ സുവിശേഷത്തിൽ യേശുവിന് നായിമിലെ വിധവയോട് അനുകമ്പ തോന്നിയതായി നാം വായിക്കുന്നു. യേശു അത്ഭുതം പ്രവർത്തിച്ച് അവളുടെ പുത്രനെ ജീവിതത്തിലേക്ക് കൊണ്ടു വന്നു. അന്ധനോട് അനുകമ്പ തോന്നി അവന് കാഴ്ച നല്കി. കുഷ്ഠ രോഗിയോട് അലിവ് തോന്നി അവന് സൗഖ്യമേകി. ജനം വിശന്നിരിക്കുന്നത് കണ്ടപ്പോൾ അനുകമ്പ തോന്നി ഭക്ഷണം നൽകുന്നതായും നാം വായിക്കുന്നു. യേശു രോഗശാന്തി നൽകുന്നതും അത്ഭുതം പ്രവർത്തുക്കുന്നതും അനുകമ്പ കൊണ്ടാണ്.

നമ്മുടെ രക്ഷകനായ ഈശോനാഥൻ പഠിപ്പിക്കുന്നത് നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് പകർന്നു നൽകാനാകും. പോൾ ആറാമൻ മാർപ്പാപ്പ പറയുന്നു: 'ഒരു ക്രിസ്ത്യാനി ആയിരിക്കുക നല്ല കാര്യമാണ്. എന്നാൽ എല്ലായ്പ്പോഴും അത് എളുപ്പമല്ല, നാം വാക്കുകൊണ്ടും മാതൃക കൊണ്ടും ദൈവവചനം പ്രചരിപ്പിക്കാൻ കടപ്പെട്ടവരാണ്. വഴി വിളക്കുകൾ പകൽ സമയത്ത് ഒരേ പോലിരിക്കും. രാത്രിയിലാണ് ബൾബ് നല്ലതാണോ ചീത്തയാണോ എന്നറിയുക. ഫലത്തിൽ നിന്ന് വൃക്ഷത്തെ അറിയുന്നതുപോലെ, നമ്മുടെ പ്രവൃത്തിയിൽ നിന്ന് നാം നല്ല ഇടയന്റെ പ്രിയപ്പെട്ട ശിഷ്യന്മാരാണെന്ന് എല്ലാവരും അറിയട്ടെ.

ബ്രിട്ടീഷ് പത്രപ്രവർത്തകനായ മാൽക്കം മക്കറിഡ്ജ് നിരീശ്വരവാദിയായിരുന്നു. ഒരിക്കൽ അദ്ദേഹം മദർ തെരേസായുടെ ആശ്രമത്തിലെത്തി. രോഗികളുടെ വ്രണങ്ങളിൽ നിന്നും പുഴുക്കളെ പുഞ്ചിരിയോടെ എടുത്ത് കളഞ്ഞ് അവരെ പരിചരിക്കുന്ന മദറിനോട് അയാൾ ചോദിച്ചു; നിങ്ങൾക്കെങ്ങനെ അത് സാധിക്കുന്നു അയാൾ കൂട്ടിചേർത്തു. ഞാനിന്നുവരെ ഒരു ദൈവത്തിലും വിശ്വസിച്ചിരുന്നില്ല. പക്ഷേ മദർ തെരേസയുടെ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. ഇതാണ് ക്രൈസ്തവരായ നമ്മുടെ പ്രേക്ഷിതദൗത്യം. നമ്മുടെ വാക്കുകളും പ്രവൃത്തികളും വഴി ക്രിസ്തുവിന്റെ മുഖം സുന്ദരമാക്കണം. കരുണയുള്ള നല്ലിടയന്റെ പ്രിയ ശിഷ്യരായി നമ്മളും മാറട്ടെ.

Compassion എന്ന വാക്കിനു ഇങ്ങനെ ഒരു അർത്ഥം പറയാറുണ്ട്. Your pain in my Heart is compassion എന്റെ ഹൃദയത്തിലെ നിന്റെ വേദനയാണ് അനുകമ്പ. മറ്റുള്ളവരുടെ വേദന എന്റെ ഹൃദയത്തിലാവുമ്പോൾ അത് തിരുഹൃദയമാവുന്നു. ■

**നീർച്ചാലുകൾ**

ഫാ. അജിമോൻ IVDei

ആണ്ടുവട്ടം 17-ാം ഞായർ (ജൂലൈ 29)

# ജീവിതം സുഖദുഖ സമ്മിശ്രം

2 രാജാ. 4:42-44 | എഫേ. 4:1-6 | യോഹ. 6: 1-15

തയ്യലാണ് ആ കുടുംബത്തിന്റെ കേ ഉപജീവനമാർഗ്ഗം. ഉറക്കത്തിന്റെ അടയാളങ്ങൾ മേരിയുടെ കണ്ണുകളിൽ നിറഞ്ഞാടുകയാണ്. എന്നിട്ടും അവൾ ഏതൊക്കെയോ തു


ണികൾ നയ്ക്കാനുള്ള തയ്യാറെടുപ്പിലാണ്. ഇടയ്ക്ക് എപ്പോഴെ അവൾ ഒന്നു കണ്ണടച്ചു. ഉണ്ണിയുടെ കരച്ചിൽ കേട്ടാണ് അവൾ ഞെട്ടി എഴുന്നേറ്റത്. കുറേനേരെ ഉണ്ണീടെ അരികിലിരുന്ന് എന്തൊക്കെയോ താരാട്ടുപാട്ടുകൾ പാടി. പതിയെ പതിയെ അവൻ ഉറക്കത്തിലേക്ക് ആഴ്ന്നിറങ്ങി. വർഷം 26 ആയി മേരി ഇങ്ങനെ രാത്രിയെ പകലാക്കാൻ തുടങ്ങിയിട്ട്. കഴിഞ്ഞ ആഴ്ചയാണ് ഉണ്ണിക്ക് 26 വയസ്സ് തികഞ്ഞത്. അരയ്ക്കുതാഴെ തളർന്നുപോയ ഉണ്ണി ജനിച്ചതിനുശേഷം ഇന്നുവരെ കട്ടിലിൽ നിന്ന് എഴുന്നേറ്റിട്ടില്ല. വെറും ഒരു മാംസപിണ്ഡമായി കിടക്കുന്ന മകനെ കൊല്ലാൻ പിതാവ് പലതവണ ശ്രമിച്ചു. പക്ഷേ, അമ്മ അതിന് സമ്മതിച്ചില്ല. അതിന് പകരമായി അയാൾ മറ്റൊരു വിവാഹം കഴിച്ചു. പിന്നെ അയാൾ ആ വഴിയേ വന്നില്ല. എന്നാൽ ഇതൊന്നും മേരിക്ക് പ്രശ്നമല്ല. മേരിയും ഉണ്ണിയും ഇന്നും ജീവിക്കുന്നു. സന്തോഷത്തോടെ, സംതൃപ്തിയോടെ.

ചില സ്നേഹം അങ്ങനെയാണ്. അത് തളർച്ചയിൽ നിന്നും ഉണർവിലേക്ക്, താഴ്ചയിൽ നിന്നും ഉയർച്ചയിലേക്ക്, മരണത്തിൽ നിന്നും ജീവനിലേക്ക് നയിക്കുന്നു. ഒരു ജനതതി മുഴുവൻ ക്രിസ്തുവിന് മുമ്പിൽ കൂടുമ്പോൾ അവൾ അനുഭവിച്ച സ്നേഹം ഉയർച്ചയുടെയും, ഉണർവിന്റെയും ജീവന്റെയും സ്നേഹമാണ്. ക്രിസ്തു നൽകുന്ന അപ്പം ഇവ മൂന്നും പ്രദാനം ചെയ്യുന്നു. ക്രിസ്തു അവരെ ശക്തരാക്കുന്നു. വിശ്വാസത്തിലേക്ക് ഉയർത്തുന്നു. ജീവന്റെ അപ്പത്തിലൂടെ ജീവനിലേക്ക് നയിക്കുന്നു (യോഹന്നാൻ സുവിശേഷകൻ അപ്പം വർധിപ്പിക്കുന്നതിനെ ദിവ്യകാരുണ്യവുമായി ബന്ധപ്പെടുത്തുന്നു.)

ഈ ക്രിസ്തുസ്നേഹത്തിലും, പരിപാലനയിലും ആയിരിക്കുക എന്നതാണ് നമ്മുടെ വിളി. അതാണ് രണ്ടാം വായനയിൽ പൗലോസപ്പോസ്തലൻ സൂചിപ്പിക്കുന്നത്. കാനായിലെ കല്യാണവേളയിൽ വെള്ളം വീഞ്ഞാക്കിയതിന് ദൃക്സാക്ഷിയായിരുന്നു പീലിപ്പോസ്. അതുകൊണ്ടാണ് പീലിപ്പോസിനെ പരീക്ഷിക്കുവാനെന്നോണം ക്രിസ്തു ചോദിക്കുന്നത്. ചിലപ്പോൾ നമ്മൾ ചിന്തിക്കുന്നതിനേക്കാൾ കൂടുതലായി ദൈവം നമ്മെക്കുറിച്ച് മനസ്സിൽ കരുതും. സുവിശേഷം അതിന് തെളിവാണ് (അവൻ നേരത്തെ മനസ്സിൽ കരുതിയിരുന്നു എന്ത്ചെയ്യണം എന്ന്.) അതുകൊണ്ടാണ് അവനെ ഗോഡ് ഓഫ് സർപ്രൈസ് എന്നുവിളിക്കുന്നത്. നമ്മുടെ ആകുലതകൾ, ചിന്തകൾ എല്ലാം അവന്റെ സ്നേഹത്തിനും പരിപാലനയ്ക്കും തടസ്സമാകാറുണ്ട്.

നാം പറയുന്നു ഇത് സാധ്യമല്ല. ദൈവം പറയുന്നു സകലവും സാധ്യമാണ് (മത്താ. 19:26) നാം പറയുന്നു ഞാൻ ക്ഷീണിച്ചു തളർന്നു. ദൈവം പറയുന്നു ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും (മത്താ. 11: 28). നാം പറയുന്നു ആരും എന്നെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നില്ല. ദൈവം പറയുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നു (യോഹ. 3:6) നാം പറയുന്നു എനിക്ക് മുമ്പോട്ടുപോകാൻ കഴിയില്ല. ദൈവം പറയുന്നു, എന്റെ കൃപ നിനക്കുമതി (2 കൊറി. 12:9) നാം പറയുന്നു എനിക്ക് മുമ്പോട്ടുള്ള വഴി വ്യക്തമല്ല. ദൈവം പറയുന്നു ഞാൻ നിന്റെ പാതകളെ നേരെയാക്കും (സുഭാ: 3:6). നാം പറയുന്നു എനിക്ക് കഴിയുകയില്ല. ദൈവം പറയുന്നു നിനക്ക് സകലതും സാധിക്കും (ഫിലി. 4:13). നാം പറയുന്നു എനിക്ക് ഒട്ടും ശക്തിയില്ല. ദൈവം പറയുന്നു ഞാൻ ശക്തനാകുന്നു (2 കൊറി 9.:8). നാം പറയുന്നു ഞാൻ പരാജയപ്പെട്ടുപോകും. ദൈവം പറയുന്നു പൂർണജയം. പ്രാപിക്കും (റോമ. 8:37). നാം പറയുന്നു എനിക്കുപോലും എന്നോട് ക്ഷമിക്കാൻ കഴിയുന്നില്ല. ദൈവം പറയുന്നു, ഞാൻ നിന്നോടു ക്ഷമിച്ചിരിക്കുന്നു (1 യോഹ. 1:9). നാം പറയുന്നു എനിക്കു ജീവിക്കാൻ പ്രയാസമാണ്. ദൈവം പറയുന്നു നിന്റെ ബുദ്ധിമുട്ട് ഒക്കെയും ഞാൻ തന്നെ തീർത്തുതരും.

ആകുലരാകാതെ ക്രിസ്തുവിന്റെ സ്നേഹത്തിലും പരിപാലനയിലും ആശ്രയിക്കുക. എല്ലാ സന്തോഷങ്ങൾക്കു പിന്നിലും ദുഃഖമുണ്ട്. എല്ലാ ദുഃഖത്തിന് പിന്നിലും സന്തോഷവും. സങ്കടങ്ങളിൽ തകർന്നുപോകാതെയും. സന്തോഷങ്ങളിൽ മതിമറക്കാതെയും ജീവിക്കുന്നതാണ് യഥാർത്ഥ ആദ്ധ്യാത്മികത നഷ്ടപ്പെട്ടുപോയവരെപ്പറ്റി ആകുലരാകുന്നതുകൊണ്ട് പ്രയോജനമില്ല. എങ്കിലും ദുഃഖത്തിന്റെ നിമിഷങ്ങൾ നമ്മെ പഠിപ്പിക്കുന്ന പാഠങ്ങൾ മനസ്സിൽ സൂക്ഷിക്കുക കഴിഞ്ഞ കാലത്തെക്കുറിച്ച് ആകുലത പുലർത്തിയാൽ മുന്നിലുള്ള കാലവും അതിന്റെ നന്മയും നാം കാണാതെ പോകും. ദൈവം എല്ലാം നന്മയ്ക്കായി മാറ്റുന്നവനാണ് എന്ന് വിശ്വസിക്കാൻ മനസ്സിനെ പാകപ്പെടുത്താൻ സാധിക്കുന്നത് ആഴമായ വിശ്വാസമുള്ളവർക്കാണ്. അല്ലെങ്കിൽ എന്തിനാണ് നാം ആകുലപ്പെടുന്നത്? സ്വർഗത്തിന് സുഖപ്പെടുത്തുവാനാകാത്ത യാതൊരു മുറിവും ഭൂമിയിലില്ലല്ലോ. ■



ആകുലരാകാതെ ക്രിസ്തുവിന്റെ സ്നേഹത്തിലും പരിപാലനയിലും ആശ്രയിക്കുക. എല്ലാ സന്തോഷങ്ങൾക്കു പിന്നിലും ദുഃഖമുണ്ട്. എല്ലാ ദുഃഖത്തിന് പിന്നിലും സന്തോഷവും. സങ്കടങ്ങളിൽ തകർന്നുപോകാതെയും. സന്തോഷങ്ങളിൽ മതിമറക്കാതെയും ജീവിക്കുന്നതാണ് യഥാർത്ഥ ആദ്ധ്യാത്മികത നഷ്ടപ്പെട്ടുപോയവരെപ്പറ്റി ആകുലരാകുന്നതുകൊണ്ട് പ്രയോജനമില്ല.




2018 ആഗസ്റ്റ് മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

# സ്വർഗ്ഗാരോപണം: പരിശുദ്ധ മറിയത്തിന്റെ ആന്തരിക സ്വാതന്ത്ര്യത്തിന്റെ സമ്മാനം

## 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

## 2. സ്വാഗതം: കുടുംബനാഥൻ/നാഥ

## 3. ആമുഖം

2018 ആഗസ്റ്റ് മാസം നമ്മെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യം അർഹിക്കുന്ന മാസമാണ്. സഹരക്ഷകയും തിരുസഭയുടെ മദ്ധ്യസ്ഥയും പാലകയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ മഹോത്സവം, ഭാരതാംബികയുടെ സ്വാതന്ത്ര്യദിനം, മലയാളികളുടെ ദേശീയോത്സവമായ ഓണം എന്നീ മൂന്ന് ആഘോഷങ്ങൾ നടക്കുന്ന മാസമാണിത്. നമ്മുടെ കുടുംബകൂട്ടായ്മകളെയും ഇടവകയേയും സംബന്ധിച്ചിടത്തോളവും ഈ ആഘോഷങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്.



സമ്പൂർണ്ണ സമർപ്പണത്തിലൂടെ ദിവ്യരക്ഷകന് ജന്മമേകി, പരിപാലിച്ച് വളർത്തി ദൈവത്തിന് പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് നിശബ്ദമായ ശുശ്രൂഷയിലൂടെ, നിറസാന്നിദ്ധ്യത്തിലൂടെ, സമചിത്തതയാർന്ന പ്രവർത്തനത്തിലൂടെ പരിശുദ്ധമറിയം ദൈവീക പദ്ധതിയിൽ പങ്കുചേരുകയായിരുന്നു. ഉത്ഭവപാപമില്ലാതെ ജനിക്കുവാൻ ഭാഗ്യം ലഭിച്ച മറിയത്തിന്റെ കൃപാപൂരിതമായ സമർപ്പിതജീവിതത്തിന് ദൈവപിതാവ് നൽകിയ വലിയ അംഗീകാരമായിരുന്നു അമ്മയുടെ സ്വർഗ്ഗാരോപണം: ഉടലോടുകൂടി സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടത്. ഈ വലിയ മഹോത്സവം ആഘോഷിക്കുമ്പോൾ നമ്മുടെ ചിന്തയ്ക്ക് വിഷയീഭവിക്കേണ്ടത് നമ്മുടെ മരിയഭക്തിയും ദൈവരാജ്യനിർമ്മിതിയിൽ നമ്മുടെ പങ്കും എന്ത് എന്നതാണ്.

ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ അതിനുവേണ്ടി പോരാടി ജീവത്യാഗം ചെയ്തവരെ നന്ദിയോടെ ഓർക്കുന്നതിനോടൊപ്പം ജീവിതത്തിൽ നാം ഓരോരുത്തരും എന്ത് മാത്രം സ്വാതന്ത്ര്യം അനുഭവിക്കുന്നു; ഇന്നും നമ്മെ അടിമത്തത്തിലാഴ്ത്തുന്ന ജീവിതസാഹചര്യങ്ങളും സാമൂഹ്യ വ്യവസ്ഥിതികളും ഏവ? അതിൽ നാമും അറിഞ്ഞോ അറിയാതെയോ കാരണക്കാരാകുന്നുണ്ടോ എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു.

മലയാളികളുടെ ദേശീയോത്സവമായ ഓണം നമുക്ക് നൽകുന്ന സന്ദേശമെന്ത്? കഠിനാദ്ധ്വാനത്തിന്റെ ഫലം കൊയ്യുന്ന ഐശ്വര്യത്തിന്റെ, കൂട്ടായ്മയുടെ, പങ്കുവയ്ക്കലിന്റെ സന്ദേശം പകർന്നു തരുന്ന ഓണാഘോഷം ഇന്ന് എത്തി നിൽക്കുന്ന അവസ്ഥ എന്ത്? ഇത്തരം ചിന്തകളോടെ ഇന്നത്തെ കുടുംബകൂട്ടായ്മയിൽ പങ്കുചേരാം. വചനവെളിച്ചത്തിൽ മുകളിൽ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കാം.

## 4. യേശുവിനെ ക്ഷണിക്കൽ

അവൻ പറയുന്നത് ചെയ്യുവിൻ എന്ന് നമ്മോട് അരുൾ ചെയ്യുന്ന പരിശുദ്ധ അമ്മയുടെ സന്ദേശം അനുസ്മരിച്ചുകൊണ്ട് നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന അടിമത്തത്തിൽ നിന്നും നമ്മെ മോചിപ്പിക്കുവാൻ കെല്പുള്ള യഥാർത്ഥസ്വാതന്ത്ര്യത്തിന്റെ ഉറവിടവും കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും ഉദാത്ത മാതൃക പഠിപ്പിക്കുന്ന യേശുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**യോഹ 8:31-38**

നാം ശ്രവിച്ച വചനത്തെക്കുറിച്ച്, വചനം നൽകുന്ന സന്ദേശത്തെക്കുറിച്ച് അല്പസമയം നിശബ്ദമായി പ്രാർത്ഥനാപൂർവ്വം നമുക്ക് ധ്യാനിക്കാം.

## 7. വചനവിചിന്തനം

ആമുഖത്തിൽ നാം മനസിലാക്കിയ ആഗസ്റ്റ് മാസത്തെ സവിശേഷതകളായ മൂന്ന് സംഭവങ്ങളുടെ, ആഘോഷങ്ങളുടെ സന്ദേശം വിളിച്ചോതുന്നതാണ് നാം ശ്രവിച്ച വചന

ഭാഗം. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" എന്ന ക്രിസ്തുസന്ദേശം ഈ മൂന്ന് ആഘോഷങ്ങളുടെയും പൊരുൾ വെളിപ്പെടുത്തുന്നു.

യേശുവിന്റെ ആധികാരികമായ പ്രബോധനവും ആത്മാവബോധത്തോടെയുള്ള സ്വയം സാക്ഷ്യപ്പെടുത്തലും യഹൂദർക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്നു. അറിവിന്റെ കാവൽക്കാരും അധികാരത്തിന്റെ ആൾരൂപവുമായി വർത്തിച്ചിരുന്ന യഹൂദ പ്രമാണികൾക്ക് യേശുവിന്റെ പ്രബോധനവും പ്രവർത്തനവും സാന്നിദ്ധ്യം തന്നെയും ഇടർച്ചയ്ക്കും അങ്കലാപ്പിനും കാരണമാകുന്നു. അതിനാൽ യേശുവിനെ അംഗീകരിക്കാൻ വൈമനസ്യം കാണിക്കുന്നു. എന്നാൽ തുറവിയുള്ള സാധാരണ മനുഷ്യർക്ക് യേശുവിന്റെ പ്രബോധനവും പ്രവർത്തനവും സാന്നിദ്ധ്യവും ആശ്വാസത്തിന്റെ, ഉൾവെളിച്ചത്തിന്റെ, പ്രത്യാശയുടെ സ്രോതസ്സായി മാറുന്നു. അതിനാൽ അവർ യേശുവിൽ വിശ്വസിക്കുന്നു.

തന്നിൽ വിശ്വസിച്ച യഹൂദരെ ആ വിശ്വാസത്തിൽ നിലനിർത്തുവാനായി പറയുന്ന വചസുകളാണ് നാം ഇപ്പോൾ ശ്രവിച്ചത്: "എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും". യേശുവാകുന്ന വചനമാണ് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ഉറവിടമെന്ന് വെളിപ്പെടുത്തുന്നു. ബാഹ്യമായ ശക്തികളിൽ നിന്നുള്ള സ്വാതന്ത്ര്യത്തെക്കാൾ ഒരാൾ ഉള്ളിൽ അനുഭവിക്കുന്ന ഉൾക്കരുത്താണ് യഥാർത്ഥ സ്വാതന്ത്ര്യം എന്ന് അർത്ഥം.

യേശുവചനത്തിന്റെ പൊരുൾ ഗ്രഹിക്കുവാനാവാതെ അവർ ചോദിക്കുന്നു:"ഞങ്ങൾ അബ്രഹാത്തിന്റെ സന്തതികളാണ്, ഞങ്ങൾ ഒരിക്കലും ആരുടേയും അടിമകളായിരുന്നിട്ടില്ല. പിന്നെ എങ്ങനെയാണ് നിങ്ങൾ സ്വതന്ത്രരാക്കപ്പെടും എന്നു നീ പറയുന്നത്?" സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള യഹൂദരുടെ കാഴ്ചപ്പാടും പരിമിതമായ അറിവുമാണ് ഈ ചോദ്യത്തിലൂടെ വെളിപ്പെടുന്നത്. ഫറവോയുടെ അടിമത്തമനുഭവിച്ച് മോചിപ്പിക്കപ്പെട്ട യഹൂദജനത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാട് പുറമെയുള്ള ശക്തികളാണ് സ്വാതന്ത്ര്യം നിഷേധിക്കുന്നത് എന്ന ചിന്ത. ഈ അവസരത്തിലാണ് ആന്തരീക സ്വാതന്ത്ര്യത്തിന്റെ ശക്തിയെയും ഉറവിടത്തെയും കുറിച്ച് യേശുവെളിപ്പെടുത്തുന്നത്:"പാപം ചെയ്യുന്നവർ പാപത്തിന്റെ അടിമയാണ്. അടിമ ഭവനത്തിൽ വസിക്കുന്നില്ല. പുത്രനാകട്ടെ എക്കാലവും വസിക്കുന്നു. അതുകൊണ്ട് പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും.

പാപത്തിൽ നിന്നും, പാപ സാഹചര്യങ്ങളിൽ നിന്നുമുള്ള വിടുതലാണ് ദൈവമക്കൾ അനുഭവിക്കേണ്ട യഥാർത്ഥ സ്വാതന്ത്ര്യമെന്ന് യേശു പഠിപ്പിക്കുന്നു. ഈ സ്വാതന്ത്ര്യം നമ്മുടെ മെയ്ബലം, രാഷ്ട്രീയസ്വാധീനം, കുടുംബമഹിമ, സമ്പത്ത്, വിദ്യാഭ്യാസയോഗ്യത എന്നിവയാൽ നേടിയെടുക്കാവുന്ന ഒന്നല്ല. മറിച്ച് യേശുവാകുന്ന വചനത്തിന്റെ, സത്യത്തിന്റെ പൊരുൾ അറിയുമ്പോൾ, പ്രകാശത്തിന്റെ കിരണമേറ്റുവാങ്ങുമ്പോൾ, പാപസാഹചര്യങ്ങളെ ബോധപൂർവ്വം ഒഴിവാക്കുമ്പോൾ അനുഭവിക്കുന്ന ഉൾക്കരുത്താണ് സ്വാതന്ത്ര്യം.

പരിശുദ്ധ മറിയം അനുഭവിച്ച ഈ സ്വാതന്ത്ര്യത്തിന്റെ അനുസ്മരണമാണ് സ്വർഗാരോപണതിരുനാളിലൂടെ നാം ആഘോഷിക്കുന്നത്. ബ്രിട്ടീഷുകാരുടെ അടിമത്തത്തിൽ നിന്നും ഭാരതം സ്വതന്ത്രയായി എന്നു പറയുമ്പോഴും നമുക്ക് ചുറ്റും വർദ്ധിച്ചുവരുന്ന തിന്മയും മരണസംസ്കാരവും ഓർമ്മിപ്പിക്കുന്നത് മനുഷ്യൻ അവനിൽ തന്നെ സ്വതന്ത്രനല്ല. സങ്കീർണ്ണമാകുന്ന പാപങ്ങളുടെയും പാപസാഹചര്യങ്ങളുടെയും അടിമയായി മാറിക്കൊണ്ടിരിക്കുകയാണ് ആധുനികമനുഷ്യൻ. തന്റെ പ്രജകളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും സമാധാനത്തിനുമായി ആത്മത്യാഗം ചെയ്ത മഹാബലിയുടെ അനുസ്മരണ പുതുക്കി ആഘോഷിക്കുന്ന ഓണം നൽകുന്ന സന്ദേശവും മറ്റൊന്നല്ല. എന്നാൽ ഈ ഓണാഘോഷം പോലും ഇന്ന് കച്ചവടവല്ക്കരിക്കപ്പെടുന്നില്ലേ. ഏതൊക്കെ മൂല്യങ്ങളാണോ ഓണം അനുസ്മരിപ്പിക്കുന്നത്, അവയ്ക്ക് കടക വിരുദ്ധമായിട്ടല്ലേ നാം ജീവിക്കുന്നത്. ചിന്തിക്കേണ്ട വിഷയങ്ങളാണ്.

## 8. ചർച്ച

a. പരിശുദ്ധമറിയത്തിന്റെ സ്വർഗാരോപണതിരുനാൾ നമുക്ക് നൽകുന്ന സന്ദേശമെന്ത്? മരിയഭക്തിയിൽ കൂടുതൽ വളരുവാൻ നമുക്ക് എന്തുചെയ്യാം?

b. ഇന്നും നമ്മെയും നമ്മുടെ സമൂഹത്തെയും അടിമത്തത്തിലാക്കുന്ന തിന്മയുടെ ശക്തികൾ, സാമൂഹ്യ വ്യവസ്ഥിതികൾ ഏവ? അവയിൽ നിന്നും എങ്ങനെ മോചനം തേടാം?

c. ഇന്നു നാം ശ്രവിച്ച വചനത്തിന്റേയും വചനസന്ദേശത്തിന്റെയും പശ്ചാത്തലത്തിൽ നമ്മുടെ യൂണിറ്റിൽ/ഇടവകയിൽ ഓണം എങ്ങനെ അർത്ഥവത്തായി ആഘോഷിക്കാം?

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

a. യൂണിറ്റുതലത്തിലും ഇടവകതലത്തിലും ഓണം ആഘോഷിക്കുന്നുവെങ്കിൽ അവയുടെ തിയതിയും ഒരുക്കങ്ങളും അറിയിക്കുന്നു.

b. ആഗസ്റ്റ് മാസം ജ്ഞാനസ്നാനം, ആദ്യകുർബാന, വിവാഹം എന്നീ കൂദാശ സ്വീകരിച്ചവർ, ജന്മദിനം, വിവാഹവാർഷികം എന്നിവ ആഘോഷിക്കുന്നവർ പ്രത്യേക വിജയം കരസ്ഥമാക്കിയ വ്യക്തികളെ/കുടുംബങ്ങളെ ആദരിക്കുന്നു.

## 12. വിശ്വാസികളുടെ പ്രാർത്ഥന

നാം ഇന്ന് വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും കുടുംബകൂട്ടായ്മയിലും ഇടവക സമൂഹത്തിലും സഭയിലാകമാനവും അനുഭവിച്ചുകൊണ്ടിരിക്കുന്ന തിന്മയുടെ ശക്തികളെ, നമ്മെ അടിമത്തത്തിലാഴ്ത്തുന്ന സാഹചര്യങ്ങളെ തിരിച്ചറിഞ്ഞ് വചനത്തിന്റെ ഉൾവെളിച്ചത്താൽ അവയിൽ നിന്നും മോചനം പ്രാപിക്കുവാനുള്ള കൃപയ്ക്കായ് നമ്മുടെ പ്രാർത്ഥനകൾ സമർപ്പിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്.

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**



# സെന്റ് ആന്റണീസ് എൽ.പി.സ്കൂൾ, കൊച്ചുതുറ

ഇളം തൂവൽ

ഒരു നൂറ്റാണ്ടിലേറെയായി തീരദേശത്തിന് അക്ഷരവെളിച്ചം പകർന്ന് നൽകിക്കൊണ്ട്, മികച്ച അധ്യയനം കാഴ്ചവയ്ക്കന്ന സ്കൂളാണ് കൊച്ചുതുറ സെന്റ് ആന്റണീസ് എൽ.പി.സ്കൂൾ. കരുംകുളം വില്ലേജിൽ, കൊച്ചുതുറ ദേശത്ത് സ്ഥിതിചെയ്യുന്ന സെന്റ് ആന്റണീസ് എൽപിഎസ് സ്ഥാപിതമായത് 1899 ആഗസ്റ്റ് 15-ാം തീയതിയാണ് നാടാർ സമുദായാംഗമാണ് ഈ സ്കൂൾ ആരംഭിച്ചതെങ്കിലും, പിന്നീട് ക്രിസ്ത്യൻ സമുദായം ഇത് വിലയ്ക്കു വാങ്ങി. ഈ സ്കൂളിന്റെ ആദ്യ നാമം കരുങ്കുളം എൽപിഎസ് എന്നായിരുന്നു. 1978 ൽ സെന്റ് ആന്റണീസ് എൽപിഎസ് കൊച്ചുതുറ എന്ന് പുനർനാമകരണം ചെയ്തു അതത് കാലയളവിലെ ഇടവക വികാരിയാണ് സ്കൂൾ മാനേജർ.

ഒട്ടേറെ പ്രതിഭകൾക്ക് ആദ്യാക്ഷരം പകർന്നു നൽകിയ വിദ്യാലയമാണ് കൊച്ചുതുറ സെന്റ് ആന്റണീസ് എൽപിഎസ് കോവളം നിയോജകമണ്ഡലത്തിലെ ആദ്യ എംഎൽഎ വിവേകാനന്ദൻ, ആർഎസ്പി ദേശീയ ജനറൽ സെക്രട്ടറി ആയിരുന്ന റ്റി.ജെ.ചന്ദ്രചൂഡൻ എന്നിവർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

ആദ്യം ഓലമേഞ്ഞ കെട്ടിടത്തിൽ അധ്യയനം ആരംഭിച്ച ഈ സ്കൂൾ പിന്നീട് ഓടുമേഞ്ഞ കെട്ടിടത്തിലേക്ക് മാറി. തുടർന്ന് 2005 ലാണ് ഇന്നുകാണുന്ന കോൺക്രീറ്റ് കെട്ടിടം നിർമ്മിച്ചത്. അതിന് പൂർണ്ണ നേതൃത്വം നൽകിയത് അന്നത്തെ ഇടവക വികാരിയായിരുന്നു. ഫാ. ഡൈസൻ അവർകളാണ്.

കാലാകാലങ്ങളിൽ വരുന്ന മാനേജർമാരുടെ പൂർണ്ണ പിന്തുണയോടുകൂടി സ്കൂൾ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുപോകുന്നു. പ്രഥമാധ്യാപിക എ.ജേസ്സിയാണ് സ്കൂളിന്റെ ഇപ്പോഴത്തെ എച്ച്.എം. അക്കാദമിക മികവുകളുടെ കാര്യത്തിൽ കരുംകുളം ഗ്രാമ പഞ്ചായത്തിലെ എൽ.പി.സ്കൂളിൽ കൂടുതൽ മികച്ച പ്രവർത്തനങ്ങളാണ് സെന്റ് ആന്റണീസ് സ്കൂൾ കാഴ്ചവച്ചത്.



## സ്കൂളിന്റെ പ്രത്യേകതകൾ

ഓരോ കുട്ടിക്കും ഒരു ടേബിൾ ഒരു ചെയർ എന്ന രീതിയിൽ ആകർഷകമായ ക്ലാസ് മുറികൾ.

എയർ കണ്ടീഷൻഡ് സ്മാർട്ട് ക്ലാസ് റും

പൂർണമായും ബസ് ഫീസ് ഇല്ലാത്ത സൗജന്യ വാഹന സൗകര്യം

ഫ്രീ ബാഗ്/ഷു

ആഴ്ചതോറും അക്കാദമിക മികവിനായി എസ്ആർജി (സ്കൂൾ റിസർവ് ഗ്രൂപ്പ്) മീറ്റിംഗ്

ഓരോ പ്രവർത്തനത്തിനും പ്രത്യേകം ചുമതലയുള്ള അധ്യാപകർ.



വിദ്യാഭ്യാസ വകുപ്പ് നടത്തിയ എൽഎസ് എസ് സ്കോളർഷിപ്പ് പരീക്ഷയിൽ അഭി മാനത്തിളക്കത്തോടെ വിജയം നേടിയ ശി ഖ എൽ.ജുസ.


### കഴിഞ്ഞ അധ്യായന വർഷം നെയ്യാറ്റിൻകര സബ് ജില്ലാ തലത്തിൽ ശ്രദ്ധിക്കപ്പെട്ട സ്കൂൾ തല പ്രവർത്തനങ്ങൾ:

പുസ്തകത്തൊട്ടിൽ

പുസ്തകവണ്ടി

പി.എൻ.പണിക്കർ ബ്ലോക്ക്

മലയാള മനോരമ നല്ലപാഠം ക്ലബിൽ











ലോകഭിന്നശേഷി വാരാചരണത്തിന്റെ ഭാഗമായി നടന്ന മത്സരങ്ങളിൽ സ്കൂളിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത് സമ്മാനം നേടിയ ജോയൽ.

ജെ.സി



# കുട്ടികളുടെ വിമോചനം

ലോകത്തിന്റെ എല്ലാ വിമോചനങ്ങൾക്കും മുമ്പേ നടക്കേണ്ടതാണ് കുട്ടികളുടെ മോചനം. കുട്ടികളാണ് മനുഷ്യരാശിയുടെ ഭാവിയുടെ ആരംഭം. ലോകത്തിന്റെ യഥാർത്ഥ അധികാരികളും അവകാശികളും അവരാണ്. മനുഷ്യാവകാശത്തിന്റെ മൂല സ്രോതസ്സ് ബാലാവകാശമാണ്. കുട്ടികളെക്കുറിച്ച് പറയുമ്പോൾ നിന്റെ ശബ്ദം ഏറ്റവും താഴ്ന്നിരിക്കണം. കുഞ്ഞിന്റെ ദേഹത്തെ നിന്റെ ശബ്ദം കൊണ്ടുപോലും നോവിക്കരുത്. ഭൂമിയിൽ ഏറ്റവുംമധികം വിരിഞ്ഞ വസന്തം കുട്ടികളാണ്, ചില ബാല്യങ്ങൾ രഹസ്യക്ഷതങ്ങൾ പോലെ കരുവാളിച്ചവ, ഒരുപാട് കുട്ടിക്കാലങ്ങളുടെ കഥകൾ കണ്ണീരിന്റേതാണ്. വസ്തുകണക്കെ ക്രയവിക്രയം ചെയ്യപ്പെടുന്ന ബാല്യങ്ങൾ ലോകമെമ്പാടുമുണ്ട് വംശവെറിയന്മാരുടെ തുറുങ്കലിൽ എറിയപ്പെട്ട ആൻഫ്രാങ്കുമാർ. മതതീവ്രവാദികളുടെ വെടിയുണ്ടകളിൽ നിന്ന് തെളിച്ചുവന്ന മലാലയുസഫായിമാർ. മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾ പോലും ഇന്നിന്റെ കഥകളാണ്.

കുട്ടികൾക്ക് വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവച്ച നോബൽ സമ്മാനജേതാവ് കൈലാഷ് സത്യാർത്ഥി തന്റെ ജീവിതസ്വപ്നം ഇപ്രകാരം വ്യക്തമാക്കുന്നു. "കുട്ടികൾ കുട്ടികളായിരിക്കുന്ന ലോകം. എല്ലാവരിലും ഒരുകുട്ടിയുണ്ട്. കൗതുകം പേറുമ്പോൾ ചോദ്യം ചോദിക്കുമ്പോൾ, ആകാംക്ഷപ്പെടുമ്പോൾ. അപ്പോഴൊക്കെ ഈ കുട്ടിയാണ് ഉണർന്നിരിക്കുന്നത്." കുട്ടികളുടെ കൊടുംസങ്കടങ്ങൾ കൈലാഷ് സത്യാർത്ഥിയുടെ മനസ്സിൽ ഇടം തേടിയതിന് ഒരു കാരണം കൂടി ഉണ്ടായിരുന്നു. സ്കൂളിന് മുന്നിൽ നിത്യം കണ്ടിരുന്ന ചെരിപ്പ് കുത്തിയും അയാളുടെ മകനുമായിരുന്നു. താൻ സ്കൂളിൽ പോകുമ്പോൾ തന്റെ പ്രായക്കാരനായ കുട്ടി സ്കൂളിൽ പോകാതെ അച്ഛനൊപ്പം പണിയിലേർപ്പെട്ടിരിക്കുന്നതെന്തെന്നായി സംശയം. സ്കൂൾ അധ്യാപകനോട് കൈലാഷ് ഈ സംശയം ചോദിച്ചു. അവർ പണിയെടുക്കേണ്ടവരാണ് നീ നിന്റെ കാര്യം നോക്കിയാൽ മതിയെന്നായിരുന്നു അധ്യാപകന്റെ മറുപടി. ഈ ചോദ്യം ചെരുപ്പ് കുത്തിയോട് ആവർത്തിച്ചപ്പോൾ. പണിയെടുക്കാനായി ജനിച്ചവരാണ് തങ്ങളെന്നായിരുന്നു ഉത്തരം. ചിലർ പണിയെടുക്കാനും ചിലർ പഠിക്കാനും ജനിക്കുന്നതെന്തെന്നായി ചിന്തിച്ചുകൊണ്ട് കൈലാഷ് തന്റെ ജീവിതയാത്ര തുടർന്നു. ആ യാത്രയാണ് എൻജിനീയറിംഗ് ജോലി ഉപേക്ഷിച്ച് ബാലവേലയിൽ കുടുങ്ങിയ കുട്ടികളുടെ രക്ഷകനായി കൈലാഷിനെ മാറ്റിയെടുത്തത്.

കുട്ടികളുടെ പ്രശ്നങ്ങൾ ഇന്നും ഗുരുതരമായി തുടരുന്നു. സർക്കാരുകൾ നടപടികൾ എടുക്കാത്തതുകൊണ്ട് മാത്രമല്ല പൊതു സമൂഹവും ജാഗ്രത കാട്ടുന്നില്ല. കുട്ടികളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ മുൻഗണനയിൽ ഇല്ല. കുട്ടികൾക്ക് മുൻഗണന കൊടുക്കാൻ നമുക്ക് കഴിയണം. വിലപിടിപ്പുള്ള വസ്ത്രങ്ങളും ഭക്ഷണവും കൊടുക്കുന്നതല്ല സ്നേഹം. കുട്ടികൾക്കൊപ്പം ചിലവിടാൻ അവരോട് സംസാരിക്കാൻ, അവരുടെ പ്രശ്നങ്ങൾ കേൾക്കാൻ നിങ്ങൾക്ക് സമയമുണ്ടോയെന്നതാണ് വിഷയം. അവർക്ക് വേണ്ടത് അതാണ്. കുട്ടികൾക്കൊപ്പം സമയം ചിലവിടണം അവരെ കേൾക്കണം. ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് അവരുടെ രക്ഷിതാക്കളോട് അക്കാര്യം പറയാൻ ധൈര്യമില്ല. അതുകൊണ്ട് അവർ മൂടിവയ്ക്കുന്നു. 53 ശതമാനം കുട്ടികൾ ലൈംഗികാതിക്രമം നേരിടുന്നുണ്ട്. കൊച്ചി തീരപ്രദേശത്ത് നടത്തിയ പഠനത്തിൽ പത്തുശതമാനം സ്കൂൾ വിദ്യാർത്ഥികൾ മയക്കുമരുന്നിന് അടിമപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന വെളിപ്പെടുത്തലുണ്ടായി. ഈ വിഷയത്തിൽ നമ്മുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. ■

# അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം തിരുവനന്തപുരം അതിരൂപതയിൽ

തിരുവനന്തപുരം: റ്റിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം അതിരൂപതയിലെ 8 ഫെറോനകളിൽ വിപുലമായ പരിപാടികളോടെ ആചരിച്ചു.

കോവളം ഫെറോനയിൽ വിഴിഞ്ഞം ഹയർ സെക്കണ്ടറി സ്കൂളിൽ വച്ചുനടന്ന ലഹരിവിരുദ്ധ ദിനാചരണം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്.ആർ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടോണി, വിഴിഞ്ഞം ഇടവക വികാരി ഫാ. ജസ്റ്റിൻജൂഡ്, കോർഡിനേറ്റർ സിസ്റ്റർ ജൻസ തുടങ്ങിയവർ പ്രസംഗിച്ചു. ഡോ. ജോജു ജോൺ ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറിൽ ക്ലാസ് നയിച്ചു. കുട്ടികൾക്കായി വിവിധ മത്സരങ്ങളും തെരുവുനാടകവും നടന്നു.

പുതുക്കുറിച്ചി ഫെറോനായിൽ മരിയനാട് വിദ്യാസദൻ സ്കൂൾ കുട്ടികൾ ലഹരിവിരുദ്ധ റാലിയ്ക്ക് നേതൃത്വം നൽകി. തുടർന്നുനടന്ന ബോധവൽക്കരണ ക്ലാസിന് ഡോ. ഉദയൻ നേതൃത്വം നൽകി. ജ്യോതിനിലയം സ്കൂൾ കുട്ടികൾ സെന്റ് ആൻഡ്രൂസ് ജംഗ്ഷനിൽ റാലിയും തെരുവുനാടകവും നടത്തി. ആനിമേറ്റർ മേരി ഷൈജ നേതൃത്വം നൽകി.

വലിയതുറ ഫെറോനയിൽ വെട്ടുകാട് ദേവാലയ പരിസരത്തുവച്ചുനടന്ന ലഹരിവിരുദ്ധ ദിനാചരണം ഇടവക വികാരി ഫാ. നിക്കോളാസ് ടി. ഉദ്ഘാടനം ചെയ്തു. ഡോ. ശോഭാ മാത്യു ലഹരി വിരുദ്ധ ക്ലാസിന് നേതൃത്വം നൽകി. കൊച്ചുവേളി ഇടവകയിൽ നടന്ന ബോധവൽക്കരണ ക്ലാസിന് ഡോ. ഉദയചന്ദ്രൻ നേതൃത്വം വഹിച്ചു.




*അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം വിഴിഞ്ഞത്ത് അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്.ആർ ഉദ്ഘാടനം ചെയ്യുന്നു. റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻ രാജ് സമീപം*

പുല്ലുവിള ഫെറോനയിലെ പുല്ലുവിള സ്കൂളിലും പൂവാർ ഹയർ സെക്കണ്ടറി സ്കൂളിലും ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ നടന്നു. ഫെറോനാ ആനിമേറ്റർമാർ പരിപാടികൾക്ക് നേതൃത്വം നൽകി.

പാളയം ഫെറോനയിൽ കുടപ്പനക്കുന്ന് മേരിഗിരി സ്കൂളിലും നെട്ടയം ഇടവകയിലും ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ നടന്നു. കുടപ്പനക്കുന്നിൽ ജോബി കോട്ടൂരും നെട്ടയത്ത് എക്സൈസ് വകുപ്പും ക്ലാസുകൾക്ക് നേതൃത്വം നൽകി. കുട്ടികൾക്കായി വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു. ആനിമേറ്റർ രമ്യ പരിപാടികൾക്ക് നേതൃത്വം നൽകി.

പേട്ട ഫെറോനയിൽ ചൈൽഡ് പാർലമെന്റിന്റെ ആഭിമുഖ്യത്തിൽ കുമാരപുരം ഇടവകയിൽ വച്ച് ലഹരിവിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു. ഡോ. ശോഭ ബോധവൽക്കരണ ക്ലാസിന് നേതൃത്വം നൽകി. മദ്യ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ഷോർട്ട് ഫിലിമും അവതരിപ്പിച്ചു. ആനിമേറ്റർ ബിയാട്രിസ് പരിപാടികൾക്ക് നേതൃത്വം നൽകി. അഞ്ചുതെങ്ങ് ഫെറോനറിയിൽ അഞ്ചുതെങ്ങ് സെന്റ് ജോസഫ്സ് സ്കൂളിൽ വച്ചുനടന്ന ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് കുട്ടികൾക്കായി ലഹരിവിരുദ്ധ പ്രതിജ്ഞയും ബോധവൽക്കരണ ക്ലാസും കൗൺസിലിംഗും സംഘടിപ്പിച്ചു.ആനിമേറ്റർ ഫെലിസിറ്റ പരിപാടികൾക്ക് നേതൃത്വം നൽകി.

തൂത്തൂർ ഫെറോനയിൽ വള്ളവിള ഇടവകയിൽ നടന്ന ലഹരിവിരുദ്ധ ദിനാചരണ പരിപാടികൾ എ.എ. ഗ്രൂപ്പ് അംഗങ്ങൾ നേതൃത്വം നൽകി.




*ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് കുടപ്പനക്കുന്നിൽ സ്കൂൾ കുട്ടികൾക്കായി നടത്തിയ പോസ്റ്റർ മേക്കിംഗ് മത്സരത്തിൽ വിജയം നേടിയ ചിത്രം*

Total Page 44

Pub. Date : 01.07.2018

RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St. Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto